
Date of Publication: 9 നവംബർ 2019
വോള്യം 18/ലക്കം 3 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത




# ആത്മകഥകൾ



# സംഘടിത

സംഘടിത/ നവംബർ 2019/വോള്യം 18/ലക്കം 3

കവർ ചിത്രം കടപ്പാട് : ആഫ്രോ അമേരിക്കൻ ചിത്രകാരി
ഫെയ്ത് റിംഗ് ഗോൾഡിന്റെ **'വുമൺ ലുക്കിങ്ങ് ഇൻ ദ് മിറർ'**


മല്ലികാവസന്തം 6
**വിജയരാജമല്ലിക/സൗമ്യ ദാസൻ**

അംഗാരെ അഥവാ ഡോ. റഷീദ് ജഹാൻ 9
**വി. എസ്. ബിന്ദു**

സാമൂഹ്യാവബോധത്തിന്റെ ആത്മകഥ 11
**സജിത കെ.ആർ.**

ജീവിതം ഒരു സമരം
അക്കമ്മ ചെറിയാന്റെ ആത്മകഥ 13
**അശ്വനി എ.പി.**

സ്ത്രീ ആത്മകഥകളിലെ
അസംഘടിത ലോകങ്ങൾ 17
**ഇന്ദു പി. നമ്പൂതിരി**

ചൂളയിലെ എന്റെ ജീവിതം 19
**ധനൂജകുമാരി എസ്./ലക്ഷ്മി മോഹൻ**

എഴുത്തുകാരിയുടെ ആത്മകഥ
പുനർവായിക്കുമ്പോൾ 22
**സൗമ്യ ദാസൻ**

അഭിനേത്രി-ആത്മകഥയിലെ
അപരത്വങ്ങൾ 26
**അഖില അനുരൂപ്**

ഹാ ലജ്ജിക്കൂ കേരളമേ! 29
പെൺപക്ഷം/**അജിത കെ.**

ചാവുമരങ്ങൾ 30
കവിത/**വി.എസ്. ബിന്ദു**

രസീതി ടിക്കറ്റ്: അമൃത പ്രീതത്തിന്റെ
ജീവിതവും കലയും തമ്മിലുള്ള സംവാദം 35
**പ്രിയലേഖ എൻ.എസ്.**

കുടുംബത്തിൽ സ്വന്തമായൊരു ഇടം 40
വാസ്തവം/**ഡോ. ജാൻസി ജോസ്**

രാഷ്ട്രീയ പാതകൾ വെട്ടി തെളിയിച്ച
സ്ത്രീകളുടെ ആത്മാഖ്യാനങ്ങൾ 41
**ഉമ്മു ഹബീബ**

ഇത് എന്റെ കഥ 43
**അമ്മിണി കുഞ്ഞൻ**

അവരെന്നെ വിരലുകളാൽ
ബലാത്സംഗം ചെയ്തു 45
**ശ്രീകല**

എഴുത്തുകാരിയുടെ നേര് 47
**സംഗീത തിരുവൾ പി.പി.**

തെറിച്ചവൾ 51
കവിത/**നിഷ വി.എൻ.**

നിറഞ്ഞ് പൂത്തൊഴിഞ്ഞ ദേവദാസി
ആസ്വാദനം/**ഇന്ദിരാ ബാലൻ**

സ്ത്രീആത്മകഥ:
പ്രതിപാഠത്തിന്റെ രാഷ്ട്രീയം 54
**പ്രീയ എസ്.**

തളരുന്ന കേരളം 59
വഴിത്താരകൾ/**ജാനകി**

ക്രിസ്റ്റീന കോക്കും ജെസീക്ക മെയറും
ബഹിരാകാശത്തു നടന്ന് ചരിത്രം കുറിച്ചവർ 61
ശാസ്ത്രം/**സീമാ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : ..........**

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** പ്രീയ എസ്. **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com, www.anweshi.org, www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

എത്രയും ഭയാനകമായ രാഷ്ട്രീയ സാഹചര്യങ്ങളിലൂടെയാണ് നാം കടന്നുപോകുന്നത്. ദേശവിരുദ്ധതയുടെ വ്യവഹാരങ്ങൾ കുറ്റവാളികളെ നിർമ്മിച്ചുകൊണ്ടേയിരിക്കുമ്പോൾ രാഷ്ട്രീയപ്രവർത്തനമോ പ്രതിരോധമോപോലും അസാധ്യമാവുകയാണ്. ജനാധിപത്യപരമായ പ്രതിഷേധങ്ങൾക്കുള്ള ഇടങ്ങൾ ചുരുങ്ങി ഇല്ലാതാവുന്നത് ഏകപക്ഷീയമായ അധികാരപ്രയോഗങ്ങളിലും അതിനെ ചെറുക്കാനായുന്ന വിധ്വംസകപ്രവർത്തനങ്ങളിലും തന്നെ ചെന്ന് കലാശിക്കുമെന്നതാണ് ചരിത്രം നൽകുന്ന പാഠം ! ദേശസുരക്ഷയുടെ മഹാപദ്ധതികളൊരുക്കിയും സന്ധിസംഭാഷണങ്ങളേക്കാൾ സൈനികനയത്തിന് പ്രാമുഖ്യം നൽകിയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ ഇടുങ്ങിയ മാർഗ്ഗങ്ങളാരാഞ്ഞും സംശയത്തിന്റെ നിഴലിൽ ഓരോ സാധാരണക്കാരനെ നിർത്തിയും പൗരത്വം എന്ന സങ്കല്പനത്തെത്തന്നെ വെല്ലുവിളിക്കുകയാണ് ഭരണകൂടം. എല്ലാവിധ ചെറുത്തുനില്പുകളെയും അടിച്ചമർത്തി തോൽപിക്കുന്ന ഒരു ജീവിതക്രമത്തെ ഇനിയും ജനാധിപത്യം എന്നെങ്ങനെ വിളിക്കും?

വാളയാർ കേസ്സിൽ പുറപ്പെടുവിക്കപ്പെട്ട വിധി തീർത്തും ഹിംസാത്മകമാണ്. നീതിയുടെ പച്ചയായ നിഷേധം മാത്രമല്ല,നീതിന്യായവ്യവസ്ഥയുടെ തികഞ്ഞ അനാസ്ഥയും ഭരണവർഗ്ഗത്തിന്റെ കുറ്റകരമായ നിസ്സംഗതയും ഇതിനുപുറകിൽ ഉണ്ട്. ആ രണ്ടു പിഞ്ചു ബാലികമാരെ നിരന്തരം വേട്ടയാടിയവസാനിപ്പിച്ച നരാധമൻമാരെ ഈ രാജ്യത്തെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിയാഞ്ഞത് ഈ വ്യവസ്ഥയുടെ പൂർണ്ണപരാജയം തന്നെ.

സാമാന്യബുദ്ധിയിൽ പോലും തെളിഞ്ഞ കുറ്റകൃത്യം എല്ലാ ഔദ്യോഗികസന്നാഹങ്ങളുണ്ടായിട്ടും പോലീസിനോ കോടതിക്കോ തെളിയിക്കാൻ കഴിയാഞ്ഞതിനെ ഒട്ടും നിസ്സാരമായി കണ്ടുകൂടാ. പുനരന്വേഷണത്തിനുള്ള നീക്കങ്ങൾ ഉടനെ തുടങ്ങാൻ സർക്കാറിനുമേൽ നിരന്തരസമ്മർദ്ദം ആവശ്യമാണ്.

മനുഷ്യനായി ജീവിക്കാനുള്ള ഒരോ വ്യക്തിയുടെയും പരിശ്രമം പലപ്പോഴും ചെന്നുതകരുന്നത് സാമുഹ്യമായ മേൽകീഴ്ബന്ധങ്ങളുടെ അടഞ്ഞ അധികാരകവാടങ്ങൾക്ക് മുന്നിലാവും. സാമൂഹ്യമൂലധനം അവകാശപ്പെടാനില്ലാത്തവർ എങ്ങനെ നിരന്തര അവഹേളനത്തിനിരയാവുന്നു എന്നതിന്റെ വേദനിപ്പിക്കുന്ന ദൃഷ്ടാന്തമായി ബിനീഷ് ബാസ്റ്റിൻ എന്ന നടന് പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ വെച്ചുണ്ടായ അനുഭവം. ബിനീഷിനോടൊപ്പം വേദി പങ്കിടാൻ മടി കാണിച്ച അനിൽ രാധാകൃഷ്ണ മേനോന്റെ ശരീരഭാഷ ഒത്തുതീർപ്പ് വേളയിൽ പോലും എത്ര ഔദ്ധത്യപരമായിരുന്നു. ഇതാണ് ജാതികേരളത്തിന്റെ മിനുങ്ങിയ മുഖം! വിദ്യാർത്ഥിസംഘടനകളെ അനുദിനം മെരുക്കുന്ന സ്ഥാപനയുക്തികളുടെ വിജയത്തിന്റെ കൂടി തെളിവാണ് ഈ സംഭവം. പഠിക്കുക, പോരാടുക എന്നത് ഒരു മുദ്രാവാക്യം മാത്രമായി ചുരുങ്ങാതിരിക്കട്ടെ!

തങ്ങൾക്ക് കൽപിക്കപ്പെട്ട ഇടങ്ങളുടെ ഉല്ലംഘനങ്ങളിലൂടെയാണ് സ്ത്രീകളുടെ രചനകൾ രൂപം കൊള്ളുന്നത്. അകംലോകങ്ങളെ പ്രത്യക്ഷത്തിൽ അട്ടിമറിക്കാതെ പുറംലോകങ്ങളുടെ വ്യവഹാരങ്ങളിൽപ്പെട്ട എഴുത്തിൽ ഏർപ്പെടുന്ന ഒരു ട്രപ്പീസ് വിദ്യ. ആത്മത്തെ ത്യജിക്കേണ്ടവൾ അവളെക്കുറിച്ച് തന്നെ എഴുതുന്നത് അത്യന്തം കുറ്റകരമാവുന്ന സാഹചര്യത്തിൽ ആത്മകഥാരചനകൾ മുമ്പില്ലാത്ത വിധം ഈ ജീവിതങ്ങളെ അടയാളപ്പെടുത്തുന്ന രാഷ്ട്രീയപ്രശ്നം കൂടിയായി നിലകൊള്ളുന്നു. ആത്മകഥകൾ ഒരേ സമയം ചരിത്രവും ജീവിതവുമാണ്. നാൽപ്പതു വയസ്സാവുമ്പോഴേക്കും ദലിതർ ആത്മകഥകളെഴുതുന്നു എന്ന് ദലിത് ആത്മകഥകളിൽ ഗവേഷണം നടത്തിയ സുഹൃത്ത് നിരീക്ഷിക്കുന്നു. ഒരായുസ്സിന്റെ തീക്ഷണമായ സാമൂഹ്യാനുഭവങ്ങൾ ചുരുങ്ങിയ ജീവിതകാലത്തിനുള്ളിൽ അനുഭവിച്ചുകഴിഞ്ഞവർക്ക് അതൊക്കെ കുറിക്കാൻ വാർദ്ധക്യം വരെ കാത്തുനിൽക്കേണ്ടതുണ്ടോ എന്ന മൂർച്ചയേറിയ ന്യായമാണ് ഇതിന് പിറകിൽ. പ്രാന്തങ്ങളിലേക്ക് തള്ളപ്പെട്ട ഓരോ ജീവിതത്തിനും ഇതൊക്കെ തന്നെയാവും അനുഭവം. എന്നാൽ ഇത് അടിച്ചമർത്തലുകളുടെ മാത്രം ആഖ്യാനങ്ങളല്ലെന്നും നിറസ്പന്ദനത്തോടെയുള്ള ജീവിതസമരവിജയകഥകൾ കൂടിയാവുന്നു എന്നുമുള്ളിടത്താണ് ഇതിന്റെ ശക്തിയും ഉണർവ്വും.

പ്രീയ എസ്. അതിഥിപത്രാധിപയായ 'ആത്മകഥകൾ' വിഷയമാക്കിയ ഈ ലക്കം സംഘടിത ഈ വിഷയത്തിന്റെ വിശദവായനയ്ക്കായി സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



പ്രീയ

# സ്ത്രീആത്മകഥ ചരിത്രം നിർമ്മിക്കുമ്പോൾ

സ്ത്രീ ആത്മകഥയെഴുതുമ്പോൾ ഒരു സമരമുഖം തുറക്കുന്നു. പല ചരിത്രകാലങ്ങളുടെ നിർമ്മിതബോധ്യങ്ങളെ അപ്പാടെ തിരസ്ക്കരിച്ച്, ഒളിവിലും മറവിലും പിറുപിറുപ്പായി വിറങ്ങലിച്ചുനിന്ന സ്ത്രീയനുഭവങ്ങളെ അക്ഷരങ്ങളിൽ പകർത്തുമ്പോൾ അതൊരു സഹനസമരത്തിന്റെ തുറവിയായിത്തീരുന്നു. സ്ത്രീയുടെ സ്വകാര്യലോകത്തിന് ഒരു ചരിത്രമെഴുതാനുണ്ടെന്ന പ്രഖ്യാപനമാണത്. പുരുഷ ആത്മകഥകളെ ചരിത്രനിർമ്മിതികളായി പിന്നെയും വാഴ്ത്തുന്ന കാലത്ത് സ്ത്രീ ആത്മകഥയെഴുതി പുതുചരിത്രത്തെ നിർമ്മിക്കുകയാണ്.

സംഘടിതയുടെ ഈ ലക്കം തിരഞ്ഞെടുക്കപ്പെട്ട ചില സ്ത്രീആത്മകഥകളെ പല വിതാനങ്ങളിൽ കാണാനും വിലയിരുത്താനുമുള്ള ശ്രമമാണ്. സ്ത്രീ ആത്മാഖ്യാനങ്ങളിലെ സ്ത്രൈണ രാഷ്ട്രീയത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ പരിമിതമായെങ്കിലും ഒരു തുറസ്സിനെ മുന്നോട്ടുവയ്ക്കുന്നു. ഇവിടെ ഉൾച്ചേർത്തിട്ടുള്ള എഴുത്തുകൾ അതിലേക്കുള്ള പരിശ്രമം മാത്രവും. സ്ത്രീയെഴുത്തിന്റെ ഒരു പുതിയമുഖമായി മാറിയ ആത്മകഥ ഉൾലോകങ്ങളുടെ ഉരുവകളേയും സംത്രാസങ്ങളേയും ഭയങ്ങളേയും അതിജീവിക്കാനുള്ള ആഖ്യാനസ്ഥലമായിത്തീർന്നിരിക്കുന്നു. ഇതുവരെ എഴുതപ്പെട്ട, എഴുതാൻ കഴിയാതെപോയ എണ്ണമറ്റ സ്ത്രീയനുഭവങ്ങളെ, സഹനങ്ങളെ ഓർമ്മയിലേറ്റിത്തന്നെയാണ് ഇവിടെ ചില ആത്മാനുഭവങ്ങളെ പങ്കുവെക്കുന്നത്.

പുരുഷകേന്ദ്രിതമായ 'ഭദ്രലോക'ത്തെ പൊളിച്ചെഴുതിയാണ് സ്ത്രീ ആത്മകഥകൾ നേരിനെ തുറന്നുകാട്ടുന്നത്. ആധികാരിക അനുഭവചരിത്രങ്ങളിലേക്കുള്ള കടന്നിരിപ്പാണ് സ്ത്രീ തന്റെ ആത്മലോകത്തെക്കുറിച്ച് എഴുതി സാധ്യമാക്കുന്നത്. വ്യവസ്ഥാപിത നിർവ്വചനങ്ങൾക്കുള്ളിൽ നിന്ന് സ്വയം മോചിപ്പിച്ചും സ്ഥാനപ്പെടുത്താൻ ശ്രമിച്ചും ഒരു പുതുകർതൃത്വത്തെ നിർമ്മിക്കാനുള്ള പോരാട്ടമായും സ്ത്രീ ആത്മകഥനങ്ങളെ വായിച്ചെടുക്കേണ്ടതുണ്ട്. ചെറുരചനകളും ഡയറിക്കുറിപ്പുകളും ആമുഖങ്ങളും സ്മരണകളുമായി പരിമിതപ്പെടുന്ന സ്ത്രീആത്മാന്വേഷണങ്ങൾ പുരുഷ (വീര) ആത്മകഥകളിൽ നിന്നും വിടുതൽ നേടി അപരത്വത്തെ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് പ്രത്യയശാസ്ത്രപരമായിക്കൂടി കാണേണ്ടതാണ്. തന്റെ 'കർതൃത്വ'ത്തെ അസന്നിഗ്ധമായി ഉറപ്പിക്കാൻ കഴിയാത്ത ആത്മത്തെക്കുറിച്ചുള്ള സന്ദേഹങ്ങളിൽപ്പെട്ടു പോയിരുന്ന ഒരു കാലത്തു നിന്ന് എഴുത്തുകാരി എന്ന ആധുനിക സ്വത്വത്തിലേക്കുള്ള രൂപപരിണാമത്തിന് പ്രാപ്തയാകും വിധം ആത്മകഥാരചനയിലൂടെ 'അഭയ'മാർജ്ജിക്കുന്നുണ്ട് പുതിയകാലത്തെ സ്ത്രീ.

പുരുഷന്റെ ചൂണ്ടുവിരലിൽ കുടുങ്ങിപ്പോയ നോട്ടങ്ങളിൽനിന്നുള്ള കുതറൽ ഓരോ സ്ത്രീആത്മകഥയിലുമുണ്ട്. അതൊരു കഥയെഴുത്തല്ല. ആന്തരികവും ബാഹ്യവുമായ അനുഭവങ്ങളുടെ വിപരീതങ്ങളിലൂടെയുള്ള ചരിത്രരേഖയാണ്. പക്ഷേ, അത് ഭൂതകാലപ്പെരുമകളല്ല. ചുറ്റുപാടുകളുമായുള്ള വർത്തമാനമാണ്. മനുഷ്യവംശചരിത്രകാലത്തിന്റെ അനീതികളെ അത് നിറകണ്ണുകളാൽ (emotionally) നോക്കാൻ ശ്രമിക്കുന്നു. നേരിനെയെഴുതുകയും ചെയ്യുന്നു. സ്ത്രീ ചരിത്രരചനയുടെ ഭാഗമല്ലാതിരിക്കുമ്പോൾ അവൾ അവശേഷിപ്പിച്ച ഒരേയൊരു ചരിത്രരേഖയാണ് ആത്മകഥ. കുടുംബാംഗങ്ങൾക്കു വായിക്കാൻ പാകത്തിലുള്ള സ്വകാര്യകുറിപ്പുകൾ മുതൽ മുഴുജീവിതകഥ വരെ പറയുന്ന ആത്മകഥാഖ്യാനങ്ങളുടെ ഉള്ളടക്കങ്ങളിൽ നിന്ന് കുടുംബചരിത്രവും സ്ത്രീവർഗചരിത്രവും പ്രാദേശിക ചരിത്രവും വായിച്ചെടുക്കാനാവും. പ്രതിദിന ജീവിതം, പരസ്പര സ്ത്രീ സൗഹൃദം, കൂട്ടുകുടംബത്തിന്റെ ഉൾവശ രാഷ്ട്രീയം, പാരമ്പര്യത്തിൽ നിന്ന് ആധുനികതയിലേക്കുള്ള പരിണാമത്തിന്റെ പെൺഘടനാവാദം ഇതൊക്കെയും സ്ത്രീ ആത്മകഥകളിലെ വിചാരത്തറകളാണ്.

കുടുംബത്തിലെ പെൺകൂട്ടുകുടലുകൾ വിദ്യാഭ്യാസം, സാമ്പത്തികനില ഇവ നൽകുന്ന സാമൂഹ്യപദവി ഇതൊക്കെയും ആത്മകഥാരചനയുടെ തുടക്കകാലത്തിന്റെ പശ്ചാത്തലങ്ങളാണ്. ലിയാനോർ കോർഡോബയുടെ (1362 –1420) ഒമ്പതുപുറം മാത്രമുള്ള 'മെമ്മറീസ്' എന്ന ആത്മകഥ, 'എ നരേറ്റീവ് ഓഫ് ദി ലൈഫ് ഓഫ് മിസ്സിസ് ഷാർലറ്റ് ഷാർക്' എന്ന 1720ൽ വന്ന ആത്മകഥ, ബംഗാളിഭാഷയിൽ രസുന്ദരിദേവി എഴുതിയ പതിനാറു ചെറുകുറിപ്പുകൾ ചേർന്ന 'അമർ ജീവൻ' (My Life) ഇതൊക്കെയും ആദ്യകാലപരിശ്രമങ്ങളാണ്.

ആത്മകഥാരചനക്ക് ഒരു നീണ്ട ചരിത്രമുണ്ടെങ്കിലും മലയാളത്തിൽ സ്ത്രീ ആത്മകഥകൾ പുതുകാലത്താണ് ഏറെ എഴുതപ്പെട്ടതും വായിച്ച് വിറളി പൂണ്ടതും. കോളനീകൃത ആധുനികത രൂപപ്പെടുത്തിയതും ഇംഗ്ലീഷ് ലോകബോധത്തെ പിൻപറ്റി വികസിച്ചതുമായ പുതിയ സ്വത്വബോധം ആത്മതയുടെ ആവിഷ്കരണമായി ആത്മകഥാരചനയെ സ്വീകരിച്ചു. പുരുഷകേന്ദ്രിതമായ ആത്മകഥകൾ എണ്ണത്തിൽ ഏറിയിരുന്ന കാലത്ത് സ്ത്രീകൾ പുരുഷവീര്യത്തിനു താങ്ങായിനിന്ന ത്യാഗമയികളായിരുന്നു. ആത്മകഥയെഴുതിയപ്പോഴൊക്കെ പുരുഷന്റെ നിഴലിൽ മറഞ്ഞ് 'അദ്ദേഹ'ത്തെക്കുറിച്ചുള്ള വാഴ്ത്തുകളായി 'ഞാൻ' എപ്പോഴും മറഞ്ഞിരിക്കുകയും ഉത്തമവനിതയെ നിർമ്മിച്ചെടുക്കുക എന്ന ദൗത്യം ആത്മകഥയുടെ ലക്ഷ്യമാവുകയും ചെയ്തു. സ്ത്രീസ്വത്വ പദവീചർച്ചകൾ സജീവമാകുന്ന കാലത്ത് ആധുനികീകരണ പ്രക്രിയയുടെ തുടർച്ചയായി എഴുതപ്പെട്ട ആത്മകഥകൾ വിവിധ തൊഴിൽ മേഖലകളിലും സാമൂഹിക സന്ദർഭങ്ങളിലുമുള്ള ജീവിതങ്ങളാണ് എഴുതിയത്. സാർവ്വലൗകികമായ ഒരു മാതൃകയെ നിർമ്മിക്കുകയല്ല, മറിച്ച് പ്രതിദിനം നേരിടുന്ന പ്രതിസന്ധികളുടെ ആവിഷ്ക്കാരമാണത്.

ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ള ആത്മകഥകൾക്ക്, അതിന്റെ പഠനങ്ങൾക്ക് കാരണമായി ഒരു തത്ത്വശാസ്ത്രവും മുന്നോട്ടുവയ്ക്കുന്നില്ല. അത് ലേഖികമാരുടെ തിരഞ്ഞെടുപ്പായിരുന്നു. സ്ത്രീ ആത്മകഥകളെക്കുറിച്ചുള്ള എഴുത്തിലും ശാഠ്യങ്ങളൊന്നുമില്ല, അതും സ്വതന്ത്രമായൊരു ഇടപെടൽസ്ഥലം തന്നെ. രണ്ടു സ്ത്രീകൾ മുഖാമുഖമെത്തുമ്പോൾ പിന്നെയും നിർമ്മിക്കപ്പെടുന്നത് ചരിത്രമാണെന്ന് തിരിച്ചറിയുന്നു. ■



**സൗമ്യ ദാസൻ**
മലയാളം അദ്ധ്യാപിക
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല തിരുവനന്തപുരം
പ്രാദേശികകേന്ദ്രം

# മല്ലികാവസന്തം

## വിജയരാജമല്ലികയുമായി അഭിമുഖം



വിജയരാജമല്ലിക

**അ**ടുത്ത കാലത്ത് വളരെയധികം ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ് വിജയരാജമല്ലികയുടേത്. കവയിത്രി, സാമൂഹ്യ പ്രവർത്തക എന്നീ നിലകളിൽ നിറഞ്ഞ സമൂഹ സാന്നിധ്യമാണിവർ.

1. നിരവധി സംഘർഷങ്ങൾക്കിപ്പുറം സാമൂഹ്യജീവിതത്തിലെ ഇപ്പോഴുള്ള സ്വത്വ മാറ്റങ്ങളെ എങ്ങനെ വിലയിരുത്തുന്നു.?

❖: മാറ്റങ്ങൾ എന്നത് വലിയൊരു കാര്യമാണ്. പക്ഷേ സമൂഹത്തിൽ വരുന്ന മാറ്റങ്ങൾ ഒരു പ്രോസസ്സ് ആണ്. അത് ഒരുപാട് സമയമെടുക്കും. സ്വാഭാവികമായിട്ടും ഒന്നിൽ നിന്ന് മറ്റൊന്ന് ആകുമ്പോൾ അതല്ലെങ്കിൽ മറ്റൊന്നാണ് എന്ന് പറയുമ്പോൾ അതിനെ കൗതുകം ആയിട്ടും ഭ്രാന്ത് ആയിട്ടും ഡിവേഷണൽ ആയിട്ടും ഒക്കെ കാണുന്ന ഒരു വലിയ സമൂഹത്തിലാണ് നാം ജീവിക്കുന്നത്. അതുകൊണ്ടുതന്നെ മാറ്റമെന്ന പ്രോസസ്സിന് നമുക്ക് ധൈര്യം ഉണ്ടായിരിക്കണം എന്ന് മാത്രമാണ് ഓർമ്മിപ്പിക്കാൻ ഉള്ളത്. അതെന്താണ് എന്ന് വിചാരിച്ചാൽ നമ്മുടെ ശരീരത്തിലും മനസ്സിലും ഉണ്ടാകുന്ന മാറ്റങ്ങൾ വളരെ സ്വാഭാവികമാണ്. ഇത്തരം സ്വാഭാവികത നമ്മളാണാദ്യം ഉൾക്കൊള്ളേണ്ടത്. നമ്മൾ ഉൾക്കൊണ്ടാൽ മാത്രമേ സമൂഹത്തോട് നമുക്ക് അത് കൃത്യമായി പറയുവാനും നമുക്ക് നമ്മളെ അടയാളപ്പെടുത്താനും കഴിയുകയുള്ളൂ.

2. കവയിത്രി, സാമൂഹ്യ പ്രവർത്തക എന്നീ നിലകളിൽ ജീവിതം ഏതൊക്കെ വിധത്തിലാണ് നിങ്ങളെ മാറ്റിത്തീർത്തത് .? അത് നിങ്ങളുടെ സാമൂഹിക പദവിയെ ഉയർത്തുവാൻ സഹായിച്ചിട്ടുണ്ടോ ?

❖: തീർച്ചയായിട്ടും. കവയിത്രി എന്ന നിലയിൽ ഇതുവരെ ആണുങ്ങൾ പറയാൻ അറച്ചതും പെണ്ണുങ്ങൾ പറയാൻ മറന്നതും ആയ നിരവധി മനോവ്യാപാരങ്ങളെ മലയാള ഭാഷയിലേക്ക് കൊണ്ടുവരാനും അതിനൊരു കാവ്യരൂപം നൽകാനും ഒക്കെ എനിക്ക് സാധിച്ചു. സാമൂഹ്യപ്രവർത്തനം കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇതുവരെ കടന്നു വരാത്ത ഇതുവരെ കേട്ടുകേൾവിയില്ലാത്ത ഒരു വിഭാഗം ആളുകളെ കുറിച്ച് പറയാനും അവരുടെ ജീവിതങ്ങൾ തുറന്നു വയ്ക്കാനുമാണ്. അത്തരം

ജീവിതങ്ങളുടെ യാഥാസ്ഥിതികമായ അവസ്ഥകൾക്ക് കാരണം ആകുന്ന സമൂഹത്തിന്റെ പീഡനങ്ങളെക്കുറിച്ച് തുറന്നുപറയാനും അതിൽ ക്രിയാത്മകമായി ഇടപെട്ടുകൊണ്ട് നമ്മുടെ സമൂഹത്തിൽ ഹ്യുമാനിസിപ്പേഷൻ എന്ന പ്രോസസിന്റെയും ഈക്വലൈസേഷൻ എന്ന പ്രോസസിന്റെയും ഭാഗമാക്കുക എന്നതായിരുന്നു. അതുകൊണ്ടു തന്നെ ഈ രണ്ടു രീതികളിലും അതായത് കവയിത്രി സാമൂഹ്യപ്രവർത്തക എന്ന നിലകളിലും വളരെയധികം അഭിമാനവും സന്തോഷവും എനിക്കുണ്ട്. അതിന് ഒരു പരിധി വരെ എങ്കിലും എന്റെ സാമൂഹിക ജീവിതത്തെ ഉയർത്തിക്കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്.

3. എഴുത്തുകാരി, സാമൂഹ്യ പ്രവർത്തക എന്നീ നിലകളിൽ സമൂഹത്തിൽ ഇടപെടുമ്പോൾ ട്രാൻസ് വുമൺ എന്ന നിലയിൽ ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടോ?

❖: തീർച്ചയായിട്ടും ഉണ്ട്. എഴുത്തുകാരി ആണെങ്കിലും ട്രാൻസ് വുമൺ ആണല്ലോ. ട്രാൻസ് വുമൺ ആണെങ്കിലും ട്രാൻസ്ജെൻഡർ ആണല്ലോ. ട്രാൻസ്ജെൻഡർ എന്നാൽ എന്താണെന്ന് കൃത്യമായി അറിയാത്ത സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതുകൊണ്ട് തന്നെ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

4. ട്രാൻസ് വുമണായി സമൂഹവുമായി നിരന്തരം ഇടപെടുമ്പോൾ സമൂഹം ചേർത്തു പിടിച്ചതായി തോന്നുന്ന അനുഭവങ്ങളാണോ ഉണ്ടായിട്ടുള്ളത് ?

❖: അത് പലപ്പോഴും കില-ക്ക് വേണ്ടിയും അതുപോലെ വുമൺസ് ഡെവലപ്മെൻറ് കോർപറേഷനു വേണ്ടിയുമൊക്കെ ഗവൺമെൻറ് തലത്തിൽ ക്ലാസ് എടുക്കുമ്പോഴാണ് നമുക്ക് മനസ്സിലാകുന്നത് പല ഡിപ്പാർട്ട്മെൻറിലും തലപ്പത്തിരിക്കുന്ന ആളുകൾക്ക് ഇത്തരം യാഥാർത്ഥ്യങ്ങളെക്കുറിച്ച് യാതൊരു അവബോധവും ഉണ്ടായിട്ടില്ല എന്നത്. അപ്പോൾ അവിടെ ആ പറയുന്ന മണിക്കൂറുകളിൽ അവർ ചേർത്തുനിർത്തുന്നതായിട്ട് തോന്നിയിട്ടുണ്ട്. പക്ഷേ അത്തരം ചേർത്ത് നിർത്തലുകൾ ഒരു സെൽഫിയിലോ ഒരു ഗ്രൂപ്പ് ഫോട്ടോയിലോ ഒതുങ്ങി പോകാറുണ്ട് ചിലപ്പോൾ. എന്നാൽ വളരെ വ്യാപകമായി ചിന്തിക്കുന്ന ആളുകൾ അവരുടെ വീടുകളിലേക്ക് വിശേഷദിവസങ്ങളിൽ ക്ഷണിക്കാറുണ്ട്. മക്കളുടെ വിവാഹങ്ങളും ജന്മദിനങ്ങളും വിളിക്കാറുണ്ട്. അതുപോലെ ട്രാൻസ്ജെൻഡർ എന്ന നിലയിൽ പണ്ടത്തേക്കാൾ കൂടുതൽ സ്വീകാര്യത കിട്ടുന്നുണ്ട്. പ്രത്യേകിച്ചും യാത്രകൾക്കിടയിൽ ഒക്കെ അവരുടെ വീടുകളിൽ താമസിക്കാനുള്ള സ്വീകാര്യത നമുക്ക് ലഭിക്കാറുണ്ട്. അതുപോലെതന്നെ മറ്റിടങ്ങളിലും ഒക്കെ മലയാളി മാറിയതായി തോന്നാറുണ്ട്.

5. സമൂഹത്തെ സംബന്ധിച്ച പൊതുബോധങ്ങളിൽ ആൺ, പെൺ എന്നീ രണ്ടു ലിംഗ പദവി മാത്രമാണ് പൊതുവെ അടയാളപ്പെടുത്തപ്പെടുന്നത്. ട്രാൻസ് വുമൺ എന്ന സ്വത്വത്തിൽ നിന്നും വേറിട്ട് ഒരു സ്ത്രീ എന്ന നിലയിൽ പരിഗണിക്കപ്പെടുന്നത് പരിമിതിയായി തോന്നിയിട്ടുണ്ടോ ?

❖: തീർച്ചയായും അതൊരു പരിമിതിയായിത്തന്നെ കണക്കാക്കുന്നു.

6. എഴുതുമ്പോൾ ഭാഷയിലെ വാക്കുകൾ പരിമിതമാണെന്ന് പെണ്ണെഴുത്തുകാരികൾ പൊതുവെ പറയാറുണ്ട്. എഴുത്തിന്റെ മേഖലയിൽ സജീവമായി നിൽക്കുന്ന വ്യക്തി എന്ന നിലയിൽ എന്താണ് അഭിപ്രായം ?

❖: വളരെ അംഗപരിമിത ആണെന്ന് തോന്നിയിട്ടുണ്ട്. പ്രത്യേകിച്ചും ട്രാൻസ്ജെൻഡർ ആയുള്ള മനുഷ്യരെയും ഭാഷയിലേക്ക് ഉൾപ്പെടുത്തുമ്പോൾ അതിൽ സഭ്യതയുടെ അളവ് വളരെ കുറവാണ്. ഇതിൽ ചെയ്യാൻ സാധിക്കുന്ന ഒരു കാര്യം ഭാഷകളിൽ നിന്നു കൊണ്ട് ഭാഷയുടെ സാധ്യതകളും പരിമിതികളും മനസ്സിലാക്കിക്കൊണ്ട് അനുയോജ്യമായ പുതിയ വാക്കുകൾ/സന്ദർഭോചിതമായ പുതിയ വാക്കുകൾ ഉണ്ടാക്കുക എന്നതാണ്. അങ്ങനെയാണ് ഇതുവരെ മലയാളി കേൾക്കാത്ത 'മാറുറയ്ക്കാത്ത പെണ്ണ്' എന്ന പദം 'ആൺനദി' എന്ന കവിതയിലൂടെ ഞാൻ നിർമ്മിക്കുന്നത്. കൂടാതെ 'കാള ചുവപ്പ്', 'ജല കുടീരം', 'പേറ്റുകൂടുക' പദങ്ങളൊക്കെ ഞാൻ നിർമ്മിച്ചിട്ടുണ്ട്.

7. ട്രാൻസ് സൗഹാർദ്ദമായ സമകാലിക കേരളീയ രാഷ്ട്രീയാന്തരീക്ഷത്തെ എങ്ങനെ കാണുന്നു ? സാമൂഹ്യനീതി വകുപ്പിന്റെ ഇടപെടലുകളെക്കുറിച്ച് ലഘുവായി വിവരിക്കാമോ?

❖: കോൺഗ്രസ് സർക്കാർ ഭരിച്ചിരുന്ന കാലത്ത് ലീഗ് നേതാവായ മുനീർ സാഹിബ് ആണ് ട്രാൻസ്ജെൻഡർ പോളിസി കേരളത്തിൽ അവതരിപ്പിച്ചത്. അന്നത്തെ സർക്കാർ അത് ഒരു പോളിസി ആയി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് വന്ന ഇടതുപക്ഷ സർക്കാർ വളരെ ക്രിയാത്മകമായി ഈ ഒരു പോളിസി ഏറ്റെടുക്കുകയും ട്രാൻസ്ജെൻഡർ ആൻറ് ഇന്റർ സെക്സ് പോളിസിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും ജില്ലകളിൽ ട്രാൻസ്ജെൻഡർ കമ്മിറ്റികളും പിന്നിട് സെല്ലുകളും സ്ഥാപിച്ചു. അതുപോലെ വിവിധ വകുപ്പുകളിൽ ഈയൊരു വിഷയം അതായത് ട്രാൻസ്ജെൻഡർ അവരുടെ എല്ലാ പദ്ധതികളുടെയും ഭാഗമാക്കിക്കൊണ്ട് വളരെയധികം ക്രിയാത്മകമായും കാര്യക്ഷമമായും മുന്നോട്ട് കൊണ്ടുപോകുന്നു. അപ്പോഴും കുറവുകൾ ഉണ്ട്. ഇല്ല എന്നല്ല. ഒരു പദ്ധതി ആകുമ്പോൾ അതിനു ഉണ്ടാകുന്ന എല്ലാ ബാലാവസ്ഥകളും തരണം ചെയ്തുകൊണ്ടാണ് മുന്നേറുന്നത്. സാമൂഹ്യനീതി വകുപ്പ് വളരെയധികം പ്രവർത്തനങ്ങൾ ഇപ്പോൾ ഏറ്റെടുക്കുന്നുണ്ട്.



**ജാസിമും വിജയരാജമല്ലികയും**

ഏറ്റവും അഭിനന്ദനീയമായി തോന്നിയത് ഭിന്ന ലിംഗം എന്ന പദം നപുംസകം, ശിഖണ്ഡി മുതലായ മോശം പദങ്ങൾ ഒഴിവാക്കിക്കൊണ്ട് ട്രാൻസ്ജെൻഡർ എന്ന പദം തന്നെ ഉപയോഗിക്കണം എന്ന് അവർ ഇറക്കിയ ഉത്തരവാണ്. അതുപോലെ തന്നെ ട്രാൻസ്ജെൻഡർ വിഭാഗങ്ങളെ കുറിച്ച് മനസ്സിലാക്കാൻ ചർച്ചകൾ അവർ വിവിധ ഡിപ്പാർട്ട്മെൻറ് തലത്തിൽ സംഘടിപ്പിക്കുന്നുണ്ട്. പോലീസ് ഡിപ്പാർട്ട്മെന്റിലടക്കം ഉള്ളവർക്ക് ഇത്തരം ക്ലാസുകൾ നൽകുന്നത് വളരെ പോസിറ്റീവ് ആയ കാര്യം ആയി തോന്നുന്നു. ഡോക്ടർമാർ, എൻജിനീയർമാർ, അഭിഭാഷകർ, അധ്യാപകർ എന്നിങ്ങനെ എല്ലാവരും പൊതുസമൂഹത്തിന്റെ ഭാഗമാണ്. അപ്പോൾ പൊതു സമൂഹത്തിൽ എത്രത്തോളം ആളുകൾ ഇത്തരം വിഷയങ്ങളെ കുറിച്ച് ബോധവാന്മാരാണ് എന്നതാണ് ഏറ്റവും വലിയ ചോദ്യം. അവരുടെ ബോധതലത്തിലേക്ക് ഇത്തരം കാര്യങ്ങളെ കൊണ്ടുവരാൻ ബോധവൽക്കരണ ക്ലാസുകൾ ഏറ്റെടുത്ത് നടത്തുന്നതു കാണുമ്പോൾ അധികം സന്തോഷം തോന്നാറുണ്ട്. സാമൂഹ്യ നീതിവകുപ്പ് തീർച്ചയായും മുന്നോട്ടു തന്നെയാണ് പോകുന്നത്. അതിൽ എല്ലാവിധ അഭിവാദ്യങ്ങളും ഒരു ട്രാൻസ് വുമൺ എന്ന നിലയിൽ അറിയിക്കുന്നതിൽ സന്തോഷമേയുള്ളൂ.

8. കുടുംബം എന്ന യാഥാസ്ഥിതിക സങ്കല്പത്തിനകത്ത് തിരസ്കാരത്തിന്റെ അനുഭവങ്ങൾ നിങ്ങൾക്ക് അനുഭവമുള്ളതാണല്ലോ. ജാസിമും നിങ്ങളും ചേർന്നുള്ള ജീവിതത്തിൽ കുടുംബം എന്ന സങ്കല്പമെങ്ങനെ എന്ന് വ്യക്തമാക്കാമോ ?

❖: കുടുംബം എന്നത് വളരെ യാഥാസ്ഥിതികമായ ഒന്നായി തന്നെയാണ് മലയാളി നോക്കിക്കാണുന്നത്. അതിന് പകരമായി പലരും ലിവിംഗ് ടുഗതർ പോലെയുള്ള സിസ്റ്റത്തെക്കുറിച്ച് സംസാരിക്കുന്നുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കും ജാഷിമിനും കുടുംബമായിത്തന്നെ ജീവിക്കണം എന്ന് ആഗ്രഹമുണ്ടായിരുന്നു. കാരണം ഒരുപാട് പേർ എന്നോട് പ്രണയം പറഞ്ഞിട്ടുണ്ട്. പക്ഷെ അവർക്കൊന്നും തന്നെ വിവാഹം കഴിച്ചു കൂടെ നിർത്താനുള്ള ധൈര്യമുണ്ടായിരുന്നില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ ഒരു കൂട്ടുകാരൻ ഭർത്താവ് എനിക്ക് വളരെ ആവശ്യമായിരുന്നു. മാതൃകാപരമായ കുടുംബ ജീവിതത്തിൽ ഒന്നും ഞാൻ വിശ്വസിക്കുന്നില്ല. അതൊക്കെ കപടമായ സങ്കൽപ്പങ്ങളാണ്. ഞങ്ങൾ രണ്ടാളും ഒരുപോലെ ചിന്തിക്കുന്നതുകൊണ്ടും പരസ്പരം മനസ്സിലാക്കുന്നതുകൊണ്ടും വളരെ സന്തോഷത്തോടുകൂടി ജീവിക്കുന്നു. ജീവിതകാലമത്രയും ഒരുമിച്ച് ഉണ്ടാവുക എന്നതാണ് പ്രധാനമായും ഞങ്ങൾ കാണുന്നത്. വിവാഹ സങ്കല്പം എന്ന് പറയുമ്പോൾ പുരുഷന്റെ ഉയരം, പ്രായം, ജാതി, നിറം ഒക്കെ വിഷയമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതിനെക്കാളുപരിയായി പുരുഷന്റെ നിലപാടാണ് ഞാൻ നോക്കിയത്.

9. നിരവധി ജീവിത സംഘർഷങ്ങളുടെ മേഖലകളിലൂടെ കടന്നു പോയിട്ടുള്ള നിങ്ങളുടെ ജീവിതത്തെ എഴുതാനുള്ള ശ്രമങ്ങൾ ഉണ്ടോ ?

❖: തീർച്ചയായും. പുസ്തകം ആദ്യഭാഗം എഴുതി തീർന്നിട്ടുണ്ട്. അടുത്ത് തന്നെ ഇറങ്ങും. ഇത്രയും കാലം ജീവിച്ചത് എങ്ങനെയെന്ന് മലയാളി അറിയണം. ആണും പെണ്ണും ജീവിക്കുന്ന അതേ സമൂഹത്തിൽ ആണും പെണ്ണും ചേർന്ന ഒരുടൽ അനുഭവിക്കുന്ന സാമൂഹികവും മാനസികവുമായ സംഘർഷങ്ങളെക്കുറിച്ചും അതിൽ നിന്നും ഞങ്ങൾ ഫീനിക്സ് പക്ഷികളെപ്പോലെ ഉയർന്നു വരുന്നതും ഒക്കെ തീർച്ചയായും അടയാളപ്പെടുത്തേണ്ടതാണെന്ന് വിശ്വസിക്കുന്നു. ചരിത്രത്തിലേക്ക് നാളെ ഒരു പുസ്തകമായി അറിയപ്പെടാൻ ആഗ്രഹമുണ്ട്. വിജയരാജമല്ലിക ഒരു ട്രാൻസ്ജെൻഡർ ആയിരുന്നു എന്നതിനേക്കാൾ, ഒരു പാഠപുസ്തകം ആയിരുന്നു എന്ന് അറിയപ്പെടുന്നതിൽ ആണ് എനിക്ക് സന്തോഷം. എഴുത്തിലൂടെ സ്വയം അടയാളപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുക തന്നെ ചെയ്യും. ■



**വി. എസ്. ബിന്ദു**
എഴുത്തുകാരി,
അധ്യാപിക

# അംഗാരെ അഥവാ ഡോ. റഷീദ് ജഹാൻ

ഒന്നാം ലോക മഹായുദ്ധ കാലത്ത് ഫാഷിസം വേരുറപ്പിക്കാൻ നടത്തിയ ശ്രമങ്ങൾക്കെതിരെയാണ് ചിന്തിക്കുന്നവരുടെ കൂട്ടായ്മ രൂപപ്പെട്ടത്. സാഹിത്യ പ്രവർത്തകരും ബുദ്ധിജീവികളുമായിരുന്നു അതിലെ പങ്കാളികൾ. യുദ്ധവിരുദ്ധ പ്രസ്താവനകൾ നടത്തിയും സമ്മേളനങ്ങൾ ചേർന്നും അവർ വലതുപക്ഷ ആശയങ്ങൾക്ക് തിരിച്ചടി നൽകി.വംശ ശുദ്ധിയും ഏകലോകവും മുദ്രാവാക്യമാക്കി ജനങ്ങളെ ഉൻമൂലനം ചെയ്യുന്ന ഫാഷിസ്റ്റു രീതി കോർപ്പറേറ്റ് മൂലധന വളർച്ചയായി പരിണമിച്ചതോടെ സാംസ്കാരിക മൂല്യങ്ങൾ നഷ്ടമായി. ഈ പശ്ചാത്തലത്തിലാണ് 1935ൽ എഴുത്തുകാരുടെ ഒത്തുചേരൽ പാരീസിൽ നടന്നത്. ചിന്തകളെ വിലങ്ങുവയ്ക്കുന്നവർക്കെതിരെയുള്ള താക്കീതായിരുന്നു അത്. 1936ൽ ലണ്ടനിൽ വച്ചു നടന്ന സമ്മേളനത്തിൽ ഇന്ത്യയിൽ നിന്നും മുൽക്ക് രാജ് ആനന്ദും സജാദ് സഹീറും പങ്കെടുത്തു. സാംസ്കാരികമായി രൂപപ്പെട്ടു വന്ന ഈ ഐക്യബോധം നല്കിയ രാഷ്ട്രീയ ചലനങ്ങൾ സ്ത്രീജീവിതങ്ങളെ അതിന്റെ മൂല്യരഹിത അടിത്തറയിൽ നിന്നും മൂല്യ വർദ്ധിത ഇടങ്ങളായി ഉയർത്തണം എന്ന ചിന്താഗതി സ്ത്രീകളിലും ഉളവാക്കി.

***ഇന്ത്യയിലെ പുരോഗമന സ്ത്രീ ശക്തി***

ജാതിവ്യവസ്ഥ യുടെ യും പുരുഷാധിപത്യത്തിന്റെയും മത ശാസനങ്ങളുടെയും കീഴിൽ സ്വത്വനഷ്ടം സംഭവിച്ച സ്ത്രീ ജീവിതങ്ങൾക്ക് ഉണർവായി സ്ത്രീ വിദ്യാഭ്യാസവും സാഹിത്യ രംഗപ്രവേശവും സാധ്യമാക്കിക്കൊണ്ടാണ് പുരോഗമന സാഹിത്യപ്രസ്ഥാനം ഇന്ത്യയിൽ ശക്തമായത്. നേതൃനിരയിലെ സ്ത്രീകൾ ലിംഗ രാഷ്ട്രീയം ചർച്ച ചെയ്യുവാൻ തയാറായി. സാവിത്രി ഫൂലേയും പണ്ഡിത രമാബായിയും സ്ത്രീ വിദ്യാഭ്യാസ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. നവോത്ഥാനം നല്കിയ ഊർജ്ജം ഏറെ പ്രയോജനപ്പെടുത്തിയത് സ്ത്രീ മുന്നേറ്റങ്ങളാണ്. സ്ത്രീകൾക്ക് മാത്രമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കപ്പെട്ടു. പർദ്ദ പോലുള്ള മത നിർബന്ധിത വസ്ത്രങ്ങൾക്കെതിരെ കടുത്ത വിമർശനങ്ങൾ ഉയർന്നു.

**ഡോ.റഷീദ് ജഹാൻ**

ഉർദു ഭാഷയിലെ സാഹിത്യത്തിലുണ്ടായ പുരോഗമനാശയങ്ങൾ പിന്നീട് തീക്കനലുകളായി മാറി. അത് സ്ത്രീ ചരിത്രം മാറ്റി എഴുതി. പരമ്പരാഗതമായി ഖുറാൻ പാഠങ്ങൾ മാത്രം അഭ്യസിച്ചിരുന്ന സ്ത്രീകൾക്കായി പെൺപള്ളിക്കൂടങ്ങൾ ഉണ്ടായി. ഉന്നത വിദ്യാഭ്യാസം നേടിയവർ പ്രധാനമായും മത വിലക്കുകളെ മറികടന്നു. ഈ ഘട്ടത്തിൽ സ്ത്രീകൾ തന്നെ നേതൃത്വം നല്കുന്ന മാസികകൾ പുറത്തുവന്നു. ഭാഷകൾ കൊണ്ട് ജനങ്ങളെ ഭിന്നിപ്പിക്കാൻ നോക്കിയ സാമ്രാജ്യത്വത്തിന്റെ തന്ത്രങ്ങൾ വിലപ്പോയില്ല. ഉർദുവിലെ തീപ്പൊരി എഴുത്തുകാരിയായ റഷീദ് ജഹാൻ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെയും ഇപ്ടയുടെയും സ്ഥാപക നേതാവാണ്. സ്വദേശി പ്രസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ കാലത്ത് തന്നെ പിന്തുടർന്നു. ഖത്തൂണും ഇസ്മത്തും തെഹ്സീബ് ഇ നിസ്വാനും ആയിരുന്നു വായനയിലേക്ക് റഷീദ് ജഹാനെ നയിച്ചത്.വെൻ ദ ഫോം ടോം ബീറ്റ്സ് എന്ന ഇംഗ്ലിഷ് കഥയാണ് ആദ്യം എഴുതിയത്. സോഷ്യലിസ്റ്റ് ചിന്താഗതി പുലർത്തുകയും ലിംഗ തുല്യതയുടെ പാഠങ്ങൾ എഴുതുകയും ചെയ്ത റഷീദ് ജഹാൻ അമ്ഗാരെയിലെ എഴുത്തിലൂടെ തീപ്പൊരി ചിതറിച്ചു, മൂടുപടത്തിനു പിന്നിൽ എന്ന ലഘു നാടകത്തിന്റെ ഇതി വൃത്തം രണ്ടു സ്ത്രീകളുടെ സ്വകാര്യ വർത്തമാനത്തിലൂടെ വിവാഹിതരായ സ്ത്രീകളുടെ സ്വകാര്യ ദുരിതങ്ങൾ വെളിവാക്കുന്നതാണ്. തുടരെത്തുടരെയുള്ള ഗർഭധാരണം 'മെഹമ്മദി ബീഗ'ത്തിന്റെ പരാതിയാകുന്നതും വെറും ലൈംഗിക ഉപകരണ

ങ്ങളായി സ്ത്രീകൾ ജീവിതം തള്ളി നീക്കുന്നതും ഈ സൃഷ്ടിയിലൂടെ തുറന്നു കാട്ടുന്നു.

'ഒരു ഡൽഹി യാത്ര' എന്ന കഥ ഫരീദ ബാദിലെ ദമ്പതികളുടെ ജീവിതമാണ് പറയുന്നത്, ഭർത്താവ് ഭാര്യയെ ദൽഹി കാണിക്കാൻ കൊണ്ട് പോകുന്നു. അയാൾ അവളെ റെയിൽവേ സ്റ്റേഷനിൽ ഇരുത്തിയിട്ട് സുഹൃത്തിനെ കാണാനായി പോകുന്നു. ദീർഘ്ഘ നേരം കഴിഞ്ഞു അയാൾ മടങ്ങി വന്നപ്പോഴേക്കും അവൾ മൂടുപടത്തിലൂടെ നഗരം കണ്ടിരുന്നു. തിരികെ വീട്ടിലേക്കു മടങ്ങണം എന്നവൾ നിർബന്ധം പിടിച്ചു. ഒരിരുപ്പിൽ കാണാനാകുന്നത്ര കാഴ്ച അതും തിരശ്ശീലയിലൂടെ സ്ത്രീകൾക്ക് വിധിക്കുകയും പുരുഷാധിപത്യം യഥേഷ്ടം സ്വാതന്ത്ര്യം അനുഭവിക്കുകയും ചെയ്യുന്നതിനെ തിരെയായിരുന്നു ഈ കഥ.


റഷീദ് ജഹാൻ

അംഗാരെ എന്ന കൃതി പ്രസിദ്ധീകരിച്ചു, റഷീദ് ജഹാൻ, മുഹമ്മദ് ഉസ്സഫർ, സജാദ് സഹീർ, അഹമ്മദ് അലി എന്നിവരായിരുന്നു ആ വ്യത്യസ്തരായ രചയിതാക്കൾ. 1932ൽ പുറത്തിറങ്ങിയ പുസ്തകം 1933ൽ ബ്രിട്ടിഷ് സർക്കാർ നിരോധിച്ചു. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ കഥകളിലൂടെ വായനാലോകത്തെത്തിച്ച എഴുത്തുകാർ പരിവർത്തനങ്ങളുടെ സ്വപ്നങ്ങൾ നിറഞ്ഞ കഥകൾ എഴുതുന്നവർക്ക് പ്രചോദനമായി. യാഥാസ്ഥിതികരെ ഞെട്ടിച്ച ആശയങ്ങൾ കൂടുതൽ വായിക്കപ്പെടണം എന്ന് പുരോഗമനക്കാർ ആഗ്രഹിച്ചെങ്കിലും ആ പുസ്തകത്തിന്റെ കോപ്പികൾ പോലും നശിപ്പിക്കപ്പെട്ടു, ഗൈനക്കോളജിസ്റ്റായിരുന്ന ഡോ. റഷീദ് ജഹാൻ അടിസ്ഥാന വർഗ്ഗത്തിലെ എന്നല്ല മുഴുവൻ സ്ത്രീകളുടെയും സാമൂഹിക വൈയക്തിക ജീവിതത്തിന്റെ ഭീകരത നേരിട്ട് മനസ്സിലാക്കി. അധമ ബോധത്തിൽ ജനിച്ചു വളരുന്ന അടിമകളാണ് സ്ത്രീകൾ. ആചാരാ നുഷ്ഠാനങ്ങളുടെ കാഠിന്യം പോലും അവർക്ക് മാത്രമാണ്. അവർ നിർബന്ധപൂർവം അനുസരിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു. മത മൗലിക വാദികൾ എഴുത്തുകാരെ വെല്ലു വിളിക്കുകയും പള്ളികളിൽ പ്രമേയങ്ങൾ പാസാക്കുകയും ചെയ്തു. അനുഭവങ്ങളുടെ യഥാർത്ഥ ആവിഷ്കാരങ്ങളായിരുന്നു അംഗാരെയിലെ എഴുത്തുകൾ. സ്ത്രീയുടെ പുരോഗമന പരമായ നാളെയെക്കുറിച്ചായിരുന്നില്ല റഷീദ് ജഹാന്റെ എഴുത്തുകൾ. അവ പെണ്ണിന്റെ ജീവിതാനുഭവങ്ങൾ സത്യസന്ധമായി തുറന്നു പറഞ്ഞു. അന്നോളം ആ തുറന്നു പറച്ചിൽ രീതി ഉണ്ടായിരുന്നില്ല എന്നതാണ് റഷീദ് ജഹാനെ പാരമ്പര്യത്തിനെതിരെയുള്ള എഴുത്തുകാരിയാക്കിയത്. ആ കുടുംബത്തിനു പോലും വധ ഭീഷണിയുണ്ടായി.

അംഗാരെയുടെ തുടർച്ചയായി വുമൺ ആൻഡ് അദർ സ്റ്റോറീസ് ആൻഡ് പ്ലേയ്സ് പ്രസിദ്ധീകരിച്ചു. മുപ്പതോളം കഥകളും ഇരുപതു നാടകങ്ങളും അവർ എഴുതി, വീടിനു പുറത്തേക്ക് സഞ്ചരിക്കുന്ന മുസ്ലിം സ്ത്രീയും തന്റെ ശരീരത്തെ അഭിസംബോധന ചെയ്യുന്ന മുസ്ലിം വനിതയും ആ രചനകളിൽ സ്ഥാനം പിടിച്ചു. തൊഴിലാളി വർഗ്ഗ സ്ത്രീയുടെ മത പരിഷ്ക്കരണ ചിന്തകളും മത മൈത്രിയുടെ സന്ദേശവും കഥകളിൽ ചർച്ച ചെയ്തു, 'അഗ്നി പർവതത്തിലെ തീപ്പൊരി' യായാണ് നിരൂപകർ അവരെ ദർശിച്ചത്. സ്ത്രീ ജീവിതത്തിന്റെ രാഷ്ട്രീയ വല്ക്കരണം എല്ലാ എതിർപ്പുകളെയും അവഗണിച്ചു അവതരിപ്പിച്ചതിൽ ഡോ. റഷീദ് ജഹാൻ വിജയിച്ചു 'മേരാ ഏക് സഫർ, പഡോസി, പർദേ കെ പീച്ചേ തുടങ്ങിയവയെല്ലാം അതിനിശിത വിമർശനങ്ങൾ ഏറ്റു വാങ്ങിയ അവരുടെ രചനകൾ ആണ്. അവയെല്ലാം തന്നെ സ്ത്രീക്ക് മേലുള്ള ദുരധികാരങ്ങളെ വെല്ലു വിളിച്ചവ ആയിരുന്നു. സ്ത്രീകളുടെ സ്വവർഗ്ഗ ലൈംഗികത വിഷയമാക്കി എഴുതിയ ഇസ്മത് ചുംഗായി (കോസടി)യെപ്പോലുള്ളവർക്ക് എന്നും പ്രചോദനമായി റഷീദ് ജഹാൻ. 1952ൽ അർബുദം ബാധിച്ചു സോവിയറ്റ് യൂണിയനിൽ ചികിത്സയിലിരിക്കെയാണ് അവർ അന്തരിച്ചത്. അലിഗഡ് പ്രസ്ഥാനത്തിന്റെ നേതാവും പെൺകുട്ടികൾക്ക് വേണ്ടി പെൺപള്ളിക്കൂടം സ്ഥാപിക്കുകയും ചെയ്ത ഷേക്ക് മുഹമ്മദ് അബ്ദുള്ളയുടെയും സ്ത്രീ ശാക്തീകരണത്തിൽ പ്രധാന പങ്കു വഹിച്ച വഹീദയുടെയും മകളായിരുന്നു ഡോ. റഷീദ് ജഹാൻ. പുരോഗമന ചിന്തകനും നേതാവുമായിരുന്ന മഹമ്മുദ് ഉസ് സഫറായിരുന്നു ജീവിത പങ്കാളി.

■



**സജിത കെ. ആർ.**
അദ്ധ്യാപിക, മലയാളവിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവകാശാല, കാലടി

# സാമൂഹ്യാവബോധത്തിന്റെ ആത്മകഥ

രണ്ടായിരത്തിനു ശേഷം ഭൂമിക്കു വേണ്ടിയുള്ള സമരങ്ങളിൽ പ്രധാനമാണ് മുത്തങ്ങ സമരവും ചെങ്ങറ സമരവും. വിഭവാധികാരത്തിൽ നിന്നു പുറത്താക്കപ്പെട്ട ആദിവാസി ദളിത് ജനതകൾ സ്റ്റേറ്റിനോടു നടത്തിയ കലാപങ്ങൾ കൂടിയായിരുന്നു ഈ രണ്ടുസമരങ്ങളും. മുത്തങ്ങസമരം സി.കെ ജാനുവിന്റെ നേതൃത്വത്തിലായിരുന്നുവെങ്കിൽ ചെങ്ങറസമരം കണ്ടെടുത്ത സ്ത്രീ നേതൃത്വമായിരുന്നു സെലീന പ്രക്കാനം. സ്വന്തം സമുദായത്തിന്റെ വക്താവായി കുറച്ചു കാലമായി ത്തന്നെ ജാനു ഇവിടുണ്ട്. കേരളത്തിന്റെ മറ്റൊരറ്റത്ത് ഇതൊന്നും അറിയാതെ ടാപ്പിങ്ങ് തൊഴിലാളി ജോർജിന്റെയും വികലാംഗയായ തങ്കമ്മയുടെയും മൂന്നുമക്കളിലൊരാളായി സെലീനയും ജീവിച്ചിരുന്നു. തികച്ചും യാദൃച്ഛികമായി സമരത്തിലേയ്ക്കും അതിന്റെ നേതൃത്വത്തിലേയ്ക്കും പിന്നെ രാജിയിലേയ്ക്കും പരിണമിച്ച സമരജീവിതം സെലീനയുടെ ആത്മകഥയായി മാറുകയായിരുന്നു. ചെങ്ങറസമരവും എന്റെ ജീവിതവും എന്ന കേട്ടെഴുത്താത്മകഥ അതാണ് ചർച്ച ചെയ്യുന്നത്. സമരഭൂമിയിലെ സെലീനയുടെ ഇടപെടലുകളല്ല സെലീനയുടെ കാഴ്ചകളിലെ, നിലപാടുകളിലെ ദളിതവബോധമാണ് ഈ പഠനം ലക്ഷ്യമാക്കുന്നത്.

പള്ളി, കാമ്പസ്, സമരം എന്നീ പൊതു ഇടങ്ങളിൽ നിന്നാണ് സെലീന സമൂഹത്തെക്കുറിച്ചുള്ള കാഴ്ചകൾ രൂപീകരിക്കുന്നത്. ഇവ സാമൂഹ്യാധികാരത്തിന്റെ പ്രവർത്തനയിടങ്ങളായി നിൽക്കുന്നതെങ്ങനെയെന്ന് സെലീനയുടെ നിരീക്ഷണങ്ങളിലുണ്ട്. "എന്റെ ചെറുപ്പം മുതൽ ഞങ്ങൾ ക്രിസ്തുമതത്തിൽ സി.എസ്.ഐയുടെ ഭാഗമായിട്ടായിരുന്നു.ആദ്യമേ കത്തോലിക്കരായിരുന്നു. പിന്നെ സി.എസ്.ഐ. വീണ്ടും ഓർത്തഡോക്സ്. എല്ലാ ഞായറാഴ്ചയും ഞങ്ങൾ പള്ളീൽ പോകും. നല്ലൊരു ക്രിസ്തുമത വിശ്വാസിയായിട്ടുള്ള ജീവിതം" താമസിക്കുന്നത് ഒരു പള്ളിപ്പറമ്പിലായിരുന്നു.അവിടെ പള്ളി വരുന്നതിൽ സന്തോഷിച്ച് പള്ളിക്കുവേണ്ടി എല്ലാ സഹായവും ചെയ്തു. രാത്രിയിൽ വിളക്കുകത്തിച്ച് ശ്രമദാനം നടത്തി. പള്ളിയിലേയ്ക്കു വരുന്ന അച്ചനു കുളിക്കാൻ ചൂടുവെള്ളവും ഭക്ഷണവും കൊടുത്തു. ഇതിനെല്ലാം ഏറ്റവും മുന്നിൽ നിന്നു പ്രവർത്തിച്ച വല്യേമ്മ മരിച്ചപ്പോൾ മറിയേയടക്കാൻ എന്തിനാ കല്ലറ? എന്നു ചോദിച്ച പള്ളിയെ സെലീന തിരിച്ചറിയുന്നുണ്ട്. പള്ളിയുമായുള്ള തങ്ങളുടെ ബന്ധം ഒരു കാലത്തും സ്ഥിരവും സുഗമവും ആയിരുന്നില്ല എന്ന കണ്ടെത്തലിൽ അതു ചെന്നു നിന്നു.

സെലീനയുടെ ജീവിതത്തിൽ പള്ളിയുടെ തുടർച്ചയാണ് പള്ളി നടത്തുന്ന കാമ്പസും. സ്കൂളിൽ കൂടുതൽ ദളിതർ പ്രവേശനം നേടുന്നതുകൊണ്ട് അവിടെ അനാഥത്വമുണ്ടായിരുന്നില്ലെന്നും ഉപരിവിദ്യാഭ്യാസത്തിൽ ദളിതരുടെ അഭാവവുമുണ്ടെന്നും സെലീന മനസിലാക്കുന്നുണ്ട്. കാമ്പസിനെ വെറുക്കാനുണ്ടായ കാരണങ്ങൾ അതിരൂക്ഷമാണ്. കാമ്പസ് ഭയപ്പെടുത്തുകയും വിവേചനം കാണിക്കുകയും ചെയ്യുന്നു. കാഴ്ചയിൽത്തന്നെ സൗന്ദര്യമില്ലാത്തവർ, കറുത്തവർ, മറ്റുള്ളവരെ അപേക്ഷിച്ച് ഒന്നുമില്ലാത്തവർ, വ്യക്തിപരമായി പൊതുഇടങ്ങളിൽ അപമാനിക്കപ്പെടുന്നവർ ഇങ്ങനെ സാംസ്കാരികമൂലധനം ഇല്ലാത്തവരായി മുദ്രകുത്തപ്പെടുന്നവരാണ് ദളിതർ. സ്കൂളിനെയും കാമ്പസിനെയും അനുഭവങ്ങളിൽ മുൻനിർത്തി സെലീന വിവേചിച്ചറിയുന്നുണ്ട്. സ്കൂളിൽ തന്റെ




ഇല്ലായ്മയിലേയ്ക്ക് പുസ്തകവും പെൻസിലും കുടയുമൊക്കെ വാങ്ങിത്തന്ന മാത്യുസാറിനെ ഓർക്കുമ്പോൾ കാമ്പസിൽ ക്രൂരവിവേചനം നടത്തിയ ഫിസിക്സ് ടീച്ചറുടെ പേരുപോലും പറയാൻ അവർക്കു താത്പര്യമില്ല. ക്രിസ്തുമതം അതിനെ ആശ്രയിച്ച ദളിതരെ എങ്ങനെയാണ് പരിഗണിച്ചിരുന്നതെന്ന് വളരെ അടുത്തകാലത്തു മാത്രമാണ് സാമൂഹികമായും അക്കാദമികമായും ചർച്ച ചെയ്യപ്പെടുന്നത്. ജാതി വിവേചനങ്ങൾ അതനുഭവിക്കുന്നവർ മനസ്സിലാക്കുമ്പോൾ മാത്രമാണ് അതിനു പരിഹാരങ്ങൾ ഉണ്ടാവുക. എന്നാൽ ദീർഘകാലത്തോളം അതേപ്പറ്റി സംസാരിക്കാനാവാതെ കീഴടക്കിക്കൊണ്ടു പോയിരുന്ന അധികാര പ്രത്യയശാസ്ത്രങ്ങൾക്കെതിരെ ഒരു ദളിത്സ്ത്രീ സംസാരിച്ചു തുടങ്ങുകയാണ്.

പൊതുരംഗത്തെ പ്രവർത്തനങ്ങൾ സെലീന ആരംഭിക്കുന്നത് കുടുംബശ്രീയിൽ നിന്നാണ്. അതിന്റെ ഭാഗമായി സെലീന തിരിച്ചറിയുന്ന വലിയൊരു യാഥാർത്ഥ്യമാണ് ജാതിയും ഭൂമിയും തമ്മിലുള്ള ബന്ധം.ഇരുപത്തഞ്ചുസെന്റ് ഭൂമിയുള്ളവർക്ക് ആടുകളെ കൊടുക്കുന്ന പദ്ധതിയിൽ നിന്ന് ദളിതർ ഒഴിവാക്കപ്പെടുന്നതിലെ നിഷ്ക്കളങ്കത ദളിതർക്ക് അത്രയും ഭൂമി ഇല്ലെന്നതാണ്. അത് സ്വാഭാവികവുമാണ്. സ്വതന്ത്രമായി ചിന്തിക്കുന്നവർക്ക് ഇടമില്ലാത്തതുകൊണ്ട് കുടുംബശ്രീയിൽ നിന്നും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്വാധീന പ്രദേശമായിരുന്നു പ്രക്കാനമെങ്കിലും പല സമ്മർദ്ദങ്ങളുണ്ടായിട്ടും അവർ പാർട്ടിയിൽ നിന്നുമൊഴിഞ്ഞു നിന്നു. സാധുജന വിമോചനസംയുക്ത വേദിയാണ് പ്രവർത്തനരംഗമായി അവർ തെരഞ്ഞെടുത്തത്. അതാണ് പിന്നീട് ചെങ്ങറസമര മുഖമായി മാറിയത്. സ്വന്തം ആളുകൾക്കിടയിലൂടെയുള്ള ആ യാത്ര ദളിതരുടെ പ്രശ്നങ്ങളുടെ പൊതുതലങ്ങൾ മനസ്സിലാക്കാൻ അവരെ പ്രാപ്തയാക്കുന്നുണ്ട്. ഭൂമിയില്ലാത്തവരുടെ വിവരങ്ങൾ തേടിയുള്ള സ്ക്വാഡ് വർക്കിൽ അവർ ദളിതരുടെ ജീവനയിടങ്ങൾ കണ്ടെത്തുന്നത് ലക്ഷംവീടുകോളനികൾ, ചേരിപ്രദേശങ്ങൾ, കനാൽ പുറംപോക്കുകൾ, റോഡരികുകളിൽ കുടിലുകെട്ടിത്താമസിക്കുന്നവർ, ഒരുതരി മണ്ണില്ലാത്ത പാറപ്പുറങ്ങളിൽ ഒക്കെയാണ്. ഇവരിൽ ഭൂരിഭാഗവും എ.പി.എൽ റേഷൻ കാർഡുള്ളവരായിരുന്നെന്ന സത്യവും സെലീന വെളിപ്പെടുത്തുന്നുണ്ട്. പിന്നീട് സമരഭൂമിയിൽ മരിച്ചവരെ അവിടെ അടക്കാൻ പറ്റില്ലെന്ന കളക്ടറുടെ ഉത്തരവുള്ളതിനാൽ പൊതുശ്മശാനങ്ങളിൽ അടക്കേണ്ടി വന്നിട്ടുണ്ട്. നാട്ടിൽ ഒരു തുണ്ടു ഭൂമി പോലുമില്ലാത്തവരായിരുന്നു അവരെന്ന വിഷമവും സെലീനയുടെ ആത്മകഥയുടെ ഭാഗമാകുന്നു. വൈദ്യസഹായമില്ലാത്ത ജനനങ്ങൾക്കും മരണങ്ങൾക്കും കാവലിരിക്കേണ്ടിവരുന്ന അവസരങ്ങൾ, കൊടുംപട്ടിണിയുടെ നാളുകൾ, കുഞ്ഞുങ്ങളുടെ സമരാവേശങ്ങൾ, ആത്മഹത്യചെയ്യാൻ കൈയ്യിൽ മണ്ണെണ്ണയും കരുതിയിരുന്ന നാളുകൾ, സമരക്കാരെ ഉപരോധിക്കുന്നവർ ചികിത്സ നിഷേധിച്ചും ഭക്ഷണ സാധനങ്ങൾ നശിപ്പിച്ചും കാട്ടിയ അക്രമങ്ങൾ എന്നിവ സെലീന ഓർക്കാനിഷ്ടപ്പെടാത്ത ജീവിത മുഹൂർത്തങ്ങളാണ്.

സമരത്തിന്റെ നേതൃത്വമേറ്റെടുക്കുന്ന സെലീന പരിചയപ്പെടുന്നതു മറ്റൊരധികാരക്രമത്തെയാണ്. സമരത്തിന്റെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഘടന വളരെ കാർക്കശ്യമുള്ളതാണ്. സമരം നിയന്ത്രിക്കുന്നത് ആണായതിനാൽ വളരെ എളുപ്പത്തിൽ ആൺനിലപാടുകളുമായാണ് ആ ഘടന പൊരുത്തപ്പെടുന്നത്. സംഘടനാപ്രവർത്തനത്തിൽ ധാരാളം വിയോജിപ്പുകൾ ഉണ്ടെങ്കിലും അച്ചടക്കമുള്ള സമര നേതാവായിത്തന്നെയാണ് സെലീനയുടെ വാക്കുകളിൽ കാണുന്നത്. സമരഭൂമിയിലെ മരണങ്ങൾ പോലും സമരത്തിന്റെ വിജയത്തിന്റെ അനിവാര്യതയായിക്കാണുന്ന നേതൃത്വത്തോടൊപ്പം സെക്രട്ടറിയെന്ന നിലയിൽനിൽക്കേണ്ടി വന്നിട്ടുണ്ട്. ഇങ്ങനെയല്ല ദളിതർക്കുവേണ്ടി പ്രവർത്തിക്കേണ്ടത് എന്ന പക്ഷക്കാരിയാണവർ. നേതൃത്വത്തിന്റെ തന്ത്രപരമായ പല നീക്കങ്ങളും വേദനിപ്പിക്കുകയും അപമാനിക്കുകയും ചെയ്യുമ്പോൾ വിട്ടുപോരുകയും ചെയ്യുന്നുണ്ടവർ. സമൂഹത്തിൽ താഴെത്തട്ടിൽ അടിച്ച

*(ശേഷം പേജ് 18)*



**അശ്വനി എ.പി.**
ഗവേഷക
മലയാള വിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല, കാലടി

# ജീവിതം ഒരു സമരം – അക്കമ്മ ചെറിയാന്റെ ആത്മകഥ

*എഡിറ്റർ: ആർ. പാർവതി ദേവി*
*സാഹിത്യ പ്രവർത്തക സഹകരണസംഘം,*
*നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം,*
*2011, വില: 165*

**ആ**ദർശദാർഢ്യവും ദേശസ്നേഹവും കർമ്മധീരതയും കൈമുതലായിരുന്ന ഒരു കാഞ്ഞിരപ്പള്ളിക്കാരി സ്കൂൾ അധ്യാപിക, തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റേയും ഇന്ത്യയുടെ ആകെയും ആരാധനാ പാത്രമായി ഉയർന്ന കഥയാണ് അക്കമ്മ ചെറിയാന്റെ ജീവിതം ഒരു സമരം. അവതാരികയിൽ പി ഗോവിന്ദപ്പിള്ള ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

അകത്തളങ്ങളിൽ നിന്ന് ജനാലയുടെ ഇത്തിരി വട്ടത്തിലൂടെ ലോകത്തെ കണ്ട് തൃപ്തിയടയാൻ സമൂഹം നിരന്തരം പഠിപ്പിച്ചു കൊണ്ടിരുന്ന അധികാര ചുറ്റുപാടിൽ നിന്ന് ഇറങ്ങി തെരുവിൽ രാഷ്ട്രീയം പറയുകയും ആദർശങ്ങൾ പ്രവർത്തിച്ച് കാട്ടുകയും ചെയ്ത ചരിത്രമാണ് അക്കമ്മ ചെറിയാന് അവകാശപ്പെടാനുള്ളത്. രാഷ്ട്രീയ ബോധവും ആത്മാഭിമാനവുമുള്ള പെണ്ണിനെ എക്കാലത്തെയും ചരിത്രത്തിനും വർത്തമാനത്തിനും ഒരു പോലെ പേടിയാണ്. മേമ്പൊടി തൂകി പിടിപ്പിച്ച മാലാഖ സങ്കൽപ്പങ്ങളെ തട്ടിക്കളഞ്ഞ് അധികാരത്തിന്റെ ഇടങ്ങളിലേയ്ക്ക് ചുവടുറപ്പിക്കുന്ന പെൺ ചരിത്രത്തെ ഭയപ്പെടുന്നവർക്കുള്ള അടി കൂടിയായിരുന്നു അക്കമ്മയുടെ ജീവിതം.

കാഞ്ഞിരപ്പള്ളിയിലെ പരമ്പരാഗത സവർണ കത്തോലിക്ക കുടുംബത്തിൽ അന്നമ്മയുടേയും തൊമ്മൻ ചെറിയാന്റേയും രണ്ടാമത്തെ പുത്രിയായി ജനിച്ച അക്കമ്മ ചെറിയാൻ പഠന കാലം കഴിഞ്ഞ് തൊഴിൽ ഉപേക്ഷിച്ച് സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ ഭാഗമായ കഥയാണ് ജീവിതം ഒരു സമരം – അക്കമ്മ ചെറിയാന്റെ ആത്മകഥ എന്ന പുസ്തകത്തിന് പറയുവാനുള്ളത്.പരമ്പരാഗത വിശ്വാസങ്ങളെ കൊണ്ടാടുകയും സ്ത്രീകളെ അകത്തളത്തിൽ ഒതുക്കി നിർത്തുകയും ചെയ്ത അന്നത്തെ കാലത്ത് സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള വഴി തെളിയിച്ച അപ്പനെയും അമ്മയെയും ഓർമ്മിപ്പിച്ചു കൊണ്ടാണ് ആത്മകഥ ആരംഭിക്കുന്നത്.

ജീവിതം ഒരു സമരം – അക്കമ്മ ചെറിയാന്റെ ആത്മകഥ (2011) എന്ന പുസ്തകത്തിൽ എഡിറ്ററായ പാർവ്വതി ദേവി, 1972ൽ ദീപിക പത്രത്തിൽ എഴു ലക്കങ്ങളായി പ്രസിദ്ധീകരിച്ച ഓർമ്മക്കുറിപ്പുകളും, അക്കമ്മ ജീവിച്ചിരുന്നപ്പോൾ പുറത്തിറക്കിയ 1114–ന്റെ കഥയും ജോർജ് വർക്കി നൽകിയ വിവരങ്ങളും ചേർത്ത് 1114 നു ശേഷം എന്നൊരു ഭാഗവും അനുബന്ധമായി അക്കമ്മയുടെ പ്രസംഗങ്ങളും ചേർത്ത് സമാഹരിച്ചിരിക്കുന്നു. ഇത്തരത്തിൽ സമാഹരിക്കപ്പെട്ട പുസ്തകത്തിന് അക്കമ്മ ചെറിയാന്റെ ആത്മകഥ എന്ന് തന്നെ നാമകരണം ചെയ്തിരിക്കുന്നു. അക്കമ്മയുടെ കാഴ്ചകളെയും ഓർമ്മകളെയും അനുഭവങ്ങളെയും ഒരു എഡിറ്റർ എന്ന നിലയിൽ ക്രോഡീകരിച്ച ഈ പുസ്തകത്തെ ആത്മകഥ എന്ന് തന്നെയാണ് വിശേഷിപ്പിക്കേണ്ടത്. കർത്തൃത്വ പദവിയിൽ അക്കമ്മ ചെറിയാൻ തന്നെയാണ് നിലകൊള്ളുന്നത്.



അക്കമ്മ ചെറിയാൻ

പറയുന്നു. 'പെൺമക്കൾ എന്റെ കടമല്ല, ധനമാണ്' (25) എന്ന് പറയുന്ന അപ്പനെ ഓർത്ത് അവർ അഭിമാനിച്ചിരുന്നു. ഈ അഭിമാനബോധമാണ് അക്കമ്മ ചെറിയാൻ എന്ന വ്യക്തിയുടെ അന്തഃസത്ത. അപ്പനെ രാഷ്ട്രീയ ബോധമുള്ള ആദർശ ധീരനായി അവതരിപ്പിക്കുമ്പോൾ, വീട്ടു ഭരണത്തിൽ മുഴുകിയിരുന്ന അമ്മയെ സ്നേഹത്തിന്റെ പര്യായമായാണ് അക്കമ്മ അവതരിപ്പിക്കുന്നത്. അന്ന് വരെ നില നിന്നിരുന്ന മൂല്യവ്യവസ്ഥയുടെ ഭാഗം തന്നെയാണ് അക്കമ്മ ചെറിയാന്റെ കുടുംബ സങ്കൽപം. എന്നാൽ വ്യക്തി സ്വാതന്ത്ര്യത്തിന് വലിയ പരിഗണന നൽകിയ ആ കുടുംബം അന്നത്തെ സാമൂഹികാന്തരീക്ഷത്തെ പരിഗണിച്ചാൽ തികച്ചും ആധുനികമായിരുന്നു എന്ന് കാണാം. സ്നേഹത്തിന്റെ പര്യായമെന്ന് അമ്മയെ വിശേഷിപ്പിക്കുമ്പോൾ പോലും രണ്ട് പെൺമക്കൾ ജയിൽവാസമനുഭവിച്ചതിൽ ദുഃഖം പ്രകടിപ്പിക്കാതെ അമ്മ കരുത്തായി നിന്ന ചരിത്രത്തെയും അക്കമ്മ അടയാളപ്പെടുത്തുന്നു. "നീയൊരു പെണ്ണാണ്" എന്ന് നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്ന ബന്ധുജനങ്ങൾക്കിടയിൽ നിന്ന് തന്റെ വീട് ഏറെ വ്യത്യാസപ്പെട്ടിരിക്കുന്നതായി അക്കമ്മ പറയുന്നുണ്ട്. ഭരണ-നിയമസംവിധാനങ്ങൾ സ്ത്രീകൾക്ക് സ്വത്തവകാശം നൽകിയിരുന്നെങ്കിലും അത് അംഗീകരിക്കാൻ തയ്യാറാകാതിരുന്ന സുറിയാനി സഭയുടെ മൂല്യങ്ങളെ അക്കമ്മയുടെ കുടുംബം തള്ളിക്കളഞ്ഞു. തന്റെ അപ്പൻ വീട്ടിൽ ലിംഗഭേദമില്ലാതെ സ്വത്തുവകൾ പങ്കുവച്ചതിനെക്കുറിച്ചും അക്കമ്മ എഴുതുന്നുണ്ട്. അപ്പനെ കാണാൻ വരുന്ന വ്യക്തികളും അപ്പനുമായുള്ള രാഷ്ട്രീയ സംഭാഷണങ്ങൾ അക്കമ്മയെ വളരെ ചെറുപ്പത്തിലെ ആകർഷിച്ചിരുന്നു.

"എനിക്ക് അഞ്ച് വയസുള്ളപ്പോഴാണ് ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. അക്കാലത്ത് പത്രം വരുത്തുന്നവർ വളരെ കുറവാണ്. ഞങ്ങളുടെ വീട്ടിൽ ദീപിക പത്രം ഉണ്ടായിരുന്നു. പോസ്റ്റു വഴിക്കാണ് വന്നിരുന്നതെന്നാണ് എന്റെ ഓർമ്മ. അടുത്ത വീട്ടിലുള്ളവരൊക്കെ യുദ്ധത്തെപ്പറ്റിയറിയാൻ വീട്ടിൽ വരും. പത്രം വായിച്ച് ഓരോ കാര്യങ്ങൾ ചർച്ച ചെയ്യും. അങ്ങനെ ആസ്ട്രിയ, ജർമ്മനി, ജർമ്മൻ, കൈസർ തുടങ്ങിയ പേരുകൾ തന്റെ മനസ്സിൽ പതിഞ്ഞു"

പ്രധാനമായും മൂന്ന് ഭാഗങ്ങളായി ഈ ആത്മകഥയെ തിരിക്കാം. ഒന്നാം ഭാഗം ബാല്യകാല ഓർമ്മകൾ മുതൽ തൊഴിലിടം വരെയുള്ള വളരെ പ്രധാനപ്പെട്ട അനുഭവങ്ങളെ ക്രോഡീകരിക്കുന്നു. കുടുംബത്തോടു ചേർന്ന ഇത്തിരി വട്ടത്തിലെ ജീവിതം തൊഴിലിടത്തിലേയ്ക്ക് എത്തുന്നത് വരെയുള്ള കഥ ഈ ഭാഗത്ത് ചുരുക്കി പറയുന്നു. രണ്ടാം ഭാഗം സ്വാതന്ത്യ സമര ചരിത്രത്തെയും അതിനുള്ളിലെ കേരളീയ പരിസരത്തെയും വിവരിക്കുന്നു. ഒപ്പം അക്കമ്മയുടെ രാഷ്ട്രീയ ജീവിതം പോരാട്ടങ്ങളോട് ചേർത്തു നിർത്തി കാട്ടി തരുന്നു. ആത്മപ്രശംസകൾക്കോ പൊലിപ്പിക്കലുകൾക്കോ ഇടം കൊടുക്കാതെ കേരളത്തിൽ നടന്ന സ്വതന്ത്ര്യ സമര പോരാട്ടത്തെയും തന്റെ കാഴ്ചാനുഭവത്തെയും കാട്ടിത്തരുന്നു. ഒരേ സമയം രാജഭരണത്തോടും ബ്രിട്ടീഷ് അധികാരത്തോടുമുള്ള പ്രതിരോധവും പ്രതിഷേധവുമായി കേരളത്തിലെ സമരനേതാക്കൾ മുന്നോട്ട് പോയത് എപ്രകാരമാണെന്ന് അക്കമ്മ കാട്ടിത്തരുന്നു. വലിയ പ്രക്ഷോഭങ്ങളെയും പ്രകടനങ്ങളെയും മാത്രമല്ല അവർ അടയാളപ്പെടുത്തുന്നത്. മറിച്ച് ചരിത്ര പാഠങ്ങൾ വേണ്ട രീതിയിൽ പരിഗണിക്കാതെ വിട്ടു കളഞ്ഞ സമര ചരിത്രങ്ങളെ മുഖ്യധാരയിൽ ചർച്ച ചെയ്ത ചരിത്രത്തോടൊപ്പം ചേർത്ത് വച്ച് വായിക്കുന്നു.

പെൺമക്കളെ ബാദ്ധ്യതയായി കാണാത്ത അപ്പനമ്മമാരുടെ കുട്ടിയായി ജനിക്കാൻ കഴിഞ്ഞതാണ് അക്കമ്മ ചെറിയാൻ എന്ന വ്യക്തിയുടെ സ്വതന്ത്ര ബോധത്തിന് അടിസ്ഥാനം എന്ന് അവർ

**ഉത്തരവാദിത്വ ഭരണത്തിനായി സമര ഭട ന്മാരുമായി കൊട്ടാരത്തിലേയ്ക്ക് മാർച്ച് നയിച്ച ധീരവനിത, അധികാരിവർഗം സമരക്കാർക്കെതിരെ നിറയുതിർക്കാൻ ശ്രമിച്ചപ്പോൾ 'എനിക്കു നേരെ ആദ്യം നിറയൊഴിക്കൂ' എന്ന് ഗർജ്ജിച്ച് സമര ത്തിന് മുൻനിരയിൽ നിന്ന സമര നായിക, അനീതിയെ ചോദ്യം ചെയ്തും ചട്ടക്കൂടുകൾ തകർത്തും മുന്നോട്ട് പോകേണ്ടി വന്ന ജീവിത ചരിത്രമാണ് അക്കമ്മ എഴുതുന്നത്. അദ്ധ്യാപന ജീവിതത്തിൽ തുടങ്ങി ഒരു ഘട്ടത്തിൽ തൊഴിൽ ഉപേക്ഷിച്ച് നവോത്ഥാന പ്രക്ഷോഭത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും ഭാഗമായ അക്കമ്മ ചെറിയാൻ വർത്തമാനകാലത്ത് ഒരു പി.എസ്.സി ചോദ്യമായി ഒതുങ്ങി പ്പോകുന്നു. നവോത്ഥാന നായകരു ടെയും കോൺഗ്രസ്- കമ്മ്യൂണിസ്റ്റ് നേതാക്കളുടെയും ചരിത്രം പുരുഷന്മാ രുടെ മാത്രം കുത്തകയായി എഴുതി പിടിപ്പിച്ച പാഠപുസ്തകങ്ങൾ അക്കമ്മ ചെറിയാന് കൊടുത്ത ഇടം എന്താ യിരുന്നു എന്ന ചോദ്യം ഇന്നും പ്രസ ക്തമാണ്.**

(28). സുറിയാനി കുടുംബങ്ങൾ അന്നുവരെ തുടർന്നു വന്നിരുന്ന അന്തരീക്ഷത്തിൽ നിന്ന് തെല്ലൊരു മാറ്റം തന്റെ കുടുംബത്തിന് ഉണ്ടായി രുന്നതായി അവർ പറയുന്നു.

ബോർഡിംഗ് സ്കൂളിലെ ഊണ് മേശയെ ക്കുറിച്ച് മല്പാനച്ചനോട് പരാതി പറഞ്ഞ ഒരനു ഭവം ഇങ്ങനെ എഴുതുന്നു. "ഊണ് മുറിയിലെ വൃത്തികേടിനെക്കുറിച്ച് ഞാൻ പരാതി പറഞ്ഞ പ്പോൾ നമ്മുടെ കർത്താവ് എത്രമാത്രം വൃത്തി ഹീനമായ സ്ഥലത്താണ് ജനിച്ചത് എന്നറിയാമോ എന്ന് അദ്ദേഹം ചോദിച്ചു. പക്ഷേ, കർത്താവിന്റെ മണവാട്ടികളുടെ ഊണുമുറി വളരെ വൃത്തിയു ള്ളതും ഭംഗിയുള്ളതുമാണല്ലോ എന്നായിരുന്നു എന്റെ മറുപടി" (35). വീട്ടിൽ നിന്ന് കിട്ടിയ സ്വാതന്ത്ര്യ ബോധം തന്നെയാണ് അഭിപ്രായങ്ങളെ തുറന്നു പറയാനുള്ള കരുത്ത് നൽകിയിരുന്നത്. എന്നാൽ കന്യാസ്ത്രീ മഠത്തോടോ പള്ളിയോടോ തനിക്ക് ഒരു വിയോജിപ്പുമില്ല എന്ന് പറയുകയും രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതിന് മുൻപ് അവ യോടൊക്കെ പരുവപ്പെട്ടു നിൽക്കുന്ന ജീവിത മായിരുന്നു തനിക്ക് ഉണ്ടായിരുന്നതെന്നും അക്കമ്മ എഴുതുന്നു. 'അന്നുവരെ വീടും പള്ളിക്കൂടവും കന്യാസ്ത്രീ മഠവും മാത്രമടങ്ങുന്ന ചെറിയ ലോക ത്തിലൂടെ കടന്നു വന്ന നസ്രാണി വനിത ഒരു സുപ്രഭാതത്തിൽ പൊടുന്നനെ വിപ്ലവത്തിന്റെ തീച്ചൂളയിലേക്ക് നീർക്കാംകുഴിയിട്ടു എന്നു പറ ഞ്ഞാൽ അതത്ര ശരിയായിരിക്കുകയില്ല. കുറേ ക്കാലമായി എനിക്കുണ്ടായ മാനസിക പരിണാ മമാണ് രാഷ്ട്രീയത്തിലേക്ക് നയിച്ചത് എന്നതാണ് സത്യം. അന്ന് നിലനിന്നിരുന്ന സാഹചര്യം അതിന് അനുകൂലമായി' എന്ന് 1978ൽ പുറത്തിറ ങ്ങിയ അക്കമ്മ ചെറിയാന്റെ 1114 ന്റെ കഥ പറ യുന്നു.

'കോളേജിൽ അന്നു പഠിപ്പിച്ചിരുന്ന അദ്ധ്യാ പികമാരെല്ലാം ഉന്നത വിദ്യാഭ്യാസം സിദ്ധിച്ച കന്യാ സ്ത്രീകളോ അവിവാഹിതരായ സ്ത്രീകളോ ആയിരുന്നു. അക്കാലത്ത് കോളേജ് വിദ്യാഭ്യാസം സിദ്ധിച്ച യുവതികളെ വിവാഹം ചെയ്യാൻ ആരും പ്രത്യേകിച്ച് സുറിയാനി കത്തോലിക്കക്കാരായ യുവാക്കൾ മുതിർന്നിരുന്നില്ല. ഒരു പക്ഷേ പുരുഷ മേധാവിത്വത്തിന് കോട്ടം തട്ടിയേക്കുമെന്നുള്ള ഭയം കൊണ്ടായിരിക്കണം. സ്ത്രീ പുരുഷ സമത്വം അന്നത്തെ സമുദായം അംഗീകരിച്ചിരുന്നില്ല. വീടിനുള്ളിൽ അടങ്ങിയൊതുങ്ങിയിരുന്ന് കുടുംബ കാര്യങ്ങൾ നോക്കുകയും കുട്ടികളെ പ്രസവിച്ച് വളർത്തുകയും ചെയ്യുക മാത്രമായിരുന്നു സമു ദായം സ്ത്രീക്ക് കൽപ്പിച്ചിരുന്ന ജോലികൾ. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തോടു കൂടിയും മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിലുമാണ് സ്ത്രീകൾക്കും രാഷ്ട്രത്തിൽ തങ്ങളുടെ പങ്ക് വഹിക്കാനുണ്ടെന്ന് ഒരു വിഭാഗം ജനങ്ങളെങ്കിലും അംഗീകരിക്കാൻ തുടങ്ങിയത്' എന്ന് പറയുന്ന അക്കമ്മ ചെറിയാൻ താൻ തീർത്ത പ്രതിരോ ധത്തെ ഇങ്ങനെ എഴുതുന്നു 'ഇത്തരം അടിയൊ ഴുക്കുകളോട് പൊരുതി ജീവിക്കാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്. മറ്റാരും ഇത്തരം അടിയൊ ഴുക്കുകൾ ഉണ്ടാകുമ്പോൾ പിന്മാറരുത് എന്ന് കരുതിയാണ് ഇതെല്ലാം വിശദീകരിക്കാൻ ഞാൻ ഒരുമ്പെടുന്നത്.' ഇത്തരത്തിൽ പിന്നിലേയ്ക്ക് വലിയ്ക്കുന്ന സാഹചര്യങ്ങളെ ചുവടുകൾകൊണ്ട് നേരിട്ട് നേടിയതാണ് അക്കമ്മ ചെറിയാന്റെ വിജയം.

1934ൽ ട്രെയിനിംഗ് കോളേജിൽ ചേർന്ന് പഠിക്കാനായി തിരുവനന്തപുരത്ത് താമസിച്ച അനു ഭവത്തെക്കുറിച്ച് വിശദീകരിക്കുന്ന 'രാഷ്ട്രീയവും ഞാനും' എന്ന ഭാഗത്ത് അക്കമ്മ അന്നത്തെ

ജാതി ചിന്തയെയും അധികാരത്തെയും പ്രശ്ന വത്ക്കരിക്കുന്നു. 'അന്ന് ശ്രീചിത്തിരതിരുനാൾ രാജഭാരമേറ്റിട്ട് അധികകാലമായിരുന്നില്ല. സർ സി.പി രാമസ്വാമി അയ്യർ രാജാവിന്റെ ഉപദേഷ്ടാവും. ഭരണാധികാരിയായ രാജാവിനെയും രാജകുടുംബത്തെയും ചുറ്റിപ്പറ്റിയുള്ള നായർ ഉദ്യോഗസ്ഥമേധാവികൾ കൊടികുത്തിവാഴുന്ന കാലമായിരുന്നു അത്. കഴിവിനെയും പ്രഗല്ഭതയെയും കാൾ സേവയ്ക്കും ശുപാർശയ്ക്കുമായിരുന്നു അന്ന് സ്ഥാനം. അന്ന് രാജ്യത്തെ വീർപ്പു മുട്ടിച്ചിരുന്ന സവർണ്ണമേധാവിത്വ അന്തരീക്ഷം ഇതര പ്രമുഖ സമുദായങ്ങളായ ഈഴവ, ക്രൈസ്തവ, മുസ്ലീങ്ങളെ യോജിപ്പിച്ചു. അവർ സംഘടിച്ചു. അവകാശവാദങ്ങൾ പുറപ്പെടുവിച്ചു. ഇങ്ങനെ സംയുക്ത രാഷ്ട്രീയ സഭയുടെ സംഘാടനവും നിവർത്തന പ്രക്ഷോഭണവും എല്ലാം ഞാൻ താത്പര്യത്തോടെ ശ്രദ്ധിച്ചുകൊണ്ടിരുന്ന സംഭവങ്ങളാണ്' (42)എന്നിങ്ങനെ ചരിത്ര സംഭവങ്ങളെ അക്കമ്മ ക്രോഡീകരിക്കുന്നു.

നിവർത്തന പ്രക്ഷോഭണവും ക്ഷേത്ര പ്രവേശന വിളംബരവും കിറ്റ് ഇന്ത്യാ പ്രക്ഷോഭവും ഗാന്ധിയുടെ ഇടപെടലും തിരഞ്ഞെടുപ്പുമെല്ലാം ആത്മകഥയിൽ കടന്നു വരുന്നുണ്ട്. സി.കേശവനും ടി.എം വർഗീസിനും പി.റ്റി.പുന്നൂസിനും പട്ടം താണുപിള്ളയ്ക്കുമെല്ലാം സ്ഥാനമുണ്ട്.

മിസ്. മസ്ക്രീനും റോസമ്മയ്ക്കും അക്കമ്മയ്ക്ക് തുല്യമായ സ്ഥാനം ആത്മകഥയിൽ അവർ നൽകിയിരിക്കുന്നു.

കാഞ്ഞിരപ്പള്ളിയുടെ രാഷ്ട്രീയ ഉണർവ്വിനെ പ്രാദേശിക ചരിത്രത്തിന്റെ ഇടങ്ങളിൽ നിന്ന് വേർപെടുത്തി മുഖ്യധാരയുടെ ചരിത്രത്തിലേയ്ക്ക് കൊണ്ടുവരുന്നു അക്കമ്മ. ഒപ്പം മറ്റു ചില പ്രതിഷേധങ്ങളെയും ചരിത്ര സംഭവങ്ങളെയും കൂടി അവർ കൂട്ടിചേർക്കുന്നു. നെയ്യാറ്റിൻകരയിലെ വെടിവയ്പ്പ്, കൊല്ലം നിയമ ലംഘനവും വെടിവയ്പ്പും, പുതുപ്പള്ളി യോഗവും വെടിവയ്പ്പും, കടയ്ക്കൽ വിപ്ലവം, ദേശസേവികാസംഘം, വട്ടിയൂർക്കാവ് സമ്മേളനം, കാഞ്ഞിരപ്പള്ളി ക്യാമ്പ്, എന്നിവയും അക്കമ്മ കൂട്ടിച്ചേർക്കുന്നു.

ഒരു കാളരാത്രി എന്ന ഭാഗത്ത് കടയ്ക്കൽ, കല്ലറ, പാങ്ങോട് ഭാഗത്ത് നടന്ന സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരെ തൂക്കി കൊന്ന ചരിത്ര സന്ദർഭം അടയാളപ്പെടുത്തുന്നു. അന്ന് അക്കമ്മയുടെ ജയിൽവാസക്കാലമായിരുന്നു. ആ സംഭവത്തെ അക്കാമ്മ ഇങ്ങനെ എഴുതുന്നു. 'കടയ്ക്കൽ, കല്ലറ, പാങ്ങോട് കേസുകളിലെ പ്രതികളെ രാഷ്ട്രീയ തടവുകാരായിട്ടല്ല സാധാരണക്രിമിനൽ തടവുകാരായിട്ടാണ് പരിഗണിച്ചിരുന്നത്.

ഈ രക്തസാക്ഷികളും ഭഗത് സിംഗിന്റെയും മറ്റും പട്ടികയിൽപ്പെടേണ്ടവരാണ്. അവരുടെ എളിയ കഴിവനുസരിച്ച് അഴിമതിയെ എതിർത്തതാണ് അവരുടെ കുറ്റം. അധികാരവും ശക്തിയുമുള്ളവർ അവരെ ജയിലിലടച്ച് തൂക്കിലേറ്റി' (134).

1938 ഒക്ടോബർ 23ന് കൊട്ടാരമാർച്ചിന് നേതൃത്വം കൊടുത്തുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഉജ്ജ്വലമായ അധ്യായം രചിച്ച അക്കാമ്മ ചെറിയാൻ അന്നത്തെ രാഷ്ട്രീയ പരിസരത്തെയും രണ്ടു തവണ ജയിലിൽ കിടക്കേണ്ടി വന്നത് ഉൾപ്പടെയുള്ള രാഷ്ട്രീയ ജീവിതത്തെയും തുറന്ന് എഴുതുന്നു.

തിരുവിതാംകൂർ രാജ ഭരണവും ദിവാൻ പദവിയും അന്നത്തെ അധികാര ബന്ധങ്ങളും ജാതിപരമായും മതപരമായും നിലനിർത്തി പോന്നിരുന്ന വിവേചന ചരിത്രത്തെ കൂടി ഈ ആത്മകഥ തുറന്നു കാട്ടുന്നുണ്ട്. അക്കമ്മ ചെറിയാൻ എന്ന വ്യക്തി സഞ്ചരിച്ച ചരിത്രത്തിന്റെ വിവരാത്മകവും വിമർശനാത്മകവുമായ മുഖം ഈ ആത്മകഥയിൽ ഉടനീളം കാണാം. സ്വതന്ത്ര ഇന്ത്യയിൽ സമര നായിക എന്ന നിലയിൽ നേതൃത്വനിര അവർക്ക് നൽകിയ ഇടത്തെയും അധികാര കൊതിയുടെ ആണത്ത ആഘോഷങ്ങളെയും തുറന്നു കാട്ടിക്കൊണ്ടാണ് ആത്മകഥാ ഭാഗം അവസാനിക്കുന്നത്. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ മൂന്നാമത് വാർഷിക സമ്മേളനത്തിൽ അക്കമ്മ നടത്തിയ അദ്ധ്യക്ഷപ്രസംഗവും മീനച്ചിൽ പാർലമെന്റ് നിയോജക മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥി എന്ന നിലയിൽ പുറപ്പെടുവിച്ച പ്രസ്താവനയും ഒപ്പം ചേർക്കുന്നു.

ഉത്തരവാദിത്വ ഭരണത്തിനായി സമരഭടന്മാരുമായി കൊട്ടാരത്തിലേയ്ക്ക് മാർച്ച് നയിച്ച ധീരവനിത, അധികാരിവർഗം സമരക്കാർക്കെതിരെ നിറയുതിർക്കാൻ ശ്രമിച്ചപ്പോൾ 'എനിക്കു നേരെ ആദ്യം നിറയൊഴിക്കൂ' എന്ന് ഗർജ്ജിച്ച് സമരത്തിന് മുൻനിരയിൽ നിന്ന സമര നായിക, അനീതിയെ ചോദ്യം ചെയ്തും ചട്ടക്കൂടുകൾ തകർത്തും മുന്നോട്ട് പോകേണ്ടി വന്ന ജീവിത ചരിത്രമാണ് അക്കമ്മ എഴുതുന്നത്. അദ്ധ്യാപന ജീവിതത്തിൽ തുടങ്ങി ഒരു ഘട്ടത്തിൽ തൊഴിൽ ഉപേക്ഷിച്ച് നവോത്ഥാന പ്രക്ഷോഭത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും ഭാഗമായ അക്കമ്മ ചെറിയാൻ വർത്തമാനകാലത്ത് ഒരു പി.എസ്.സി ചോദ്യമായി ഒതുങ്ങിപ്പോകുന്നു. നവോത്ഥാന നായകരുടെയും കോൺഗ്രസ് - കമ്മ്യൂണിസ്റ്റ് നേതാക്കളുടെയും ചരിത്രം പുരുഷന്മാരുടെ മാത്രം കുത്തകയായി എഴുതി പിടിപ്പിച്ച പാഠപുസ്തകങ്ങൾ അക്കമ്മ ചെറിയാന് കൊടുത്ത ഇടം എന്തായിരുന്നു എന്ന ചോദ്യം ഇന്നും പ്രസക്തമാണ്.

■



**ഇന്ദു പി. നമ്പൂതിരി**
ഗവേഷക
മലയാള വിഭാഗം,
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല, കാലടി

# സ്ത്രീ ആത്മകഥകളിലെ അസംഘടിതലോകങ്ങൾ

*'ചരിത്രം രാജാക്കന്മാരുടേയും ചക്രവർത്തിമാരുടേതും മാത്രമല്ല
സ്നേഹിച്ചവരുടെ കഥയാണ്, സാധാരണ മനുഷ്യരുടെ കഥ'* - മാധവിക്കുട്ടി

എഴുത്ത് എന്ന പ്രക്രിയയെ ബന്ധവ്യവസ്ഥയായാണ് കഥാകാരികൾ ആലോചിക്കുന്നത്. പരസ്പരം സംഘർഷത്തിലും ആനുകൂല്യത്തിലുമുള്ള വിപുലമായ ബന്ധവ്യവസ്ഥയാണ് സ്ത്രീക്ക് സാഹിതീയത. ഇതരലോകങ്ങളോടുള്ള വിനിമയങ്ങൾ പുറന്തള്ളിയും അധീശത്വം സ്ഥാപിച്ചും ക്രമപ്പെടുന്ന ഘടനകളോടുള്ള വിയോജിപ്പ് സ്ത്രീ എഴുത്ത് രേഖപ്പെടുത്തുന്നു. ഉത്പാദനപരമായ ഒരു ബന്ധം കണ്ടെടുക്കാനുള്ള ശ്രമമാണ് കഥാകാരികൾ നടത്തുന്നത്. എഴുത്തിന്റേയും ജീവിതത്തിന്റേയും അധികാരി ആര് എന്ന ചോദ്യമാണ് സ്ത്രീയുടെ ഭാവനാവ്യവഹാരങ്ങൾ ഉന്നയിക്കുന്നത്. അധികാരരൂപങ്ങളുടെ വാൾമുനകൾ കഴുത്തിൽ തൊടുമ്പോഴും ഇച്ഛാത്മകമായി സ്വത്വം കരുപ്പിടിപ്പിക്കാനുള്ള വിമോചനവാഞ്ഛയാണ് കഥപറച്ചിലിലൂടെ സ്ത്രീ പ്രകടിപ്പിക്കുന്നത്. കാമനകളുള്ള സ്വത്വമാണ് ബന്ധത്തെ ഉത്പാദനപരമാക്കുന്നത്. എഴുത്തിന്റെ ആദർശനിലകളും ആഘോഷപരതയും പൊളിച്ചുകളഞ്ഞുകൊണ്ട് സാധാരണവും ദൈനംദിനവുമായ അനുഭവങ്ങളുടെ ഭാവബന്ധങ്ങളിലാണ് തലച്ചോറ് സ്ത്രീഎഴുത്ത് കണ്ടെടുത്തത്. എഴുത്ത് സാധാരണമാക്കുന്ന ഈ പ്രക്രിയ അസാധാരണമായ അധികാരബലതന്ത്രങ്ങളെ വെളിപ്പെടുത്തുന്നുണ്ട്. ഇച്ഛ നിഷേധിക്കപ്പെട്ട ജീവിതത്തിലെ ചെറുനിമിഷങ്ങളുടെ നിശ്ശബ്ദതയിലും ഏകാന്തതയിലുമാണ് തന്റെ അനുഭവങ്ങളുടെ വൻകരകൾ സ്ത്രീ കണ്ടെത്തിയത്. എഴുത്തിന്റെ വീരത്വനിലകൾക്ക് ബോധിക്കാത്ത അടുക്കളക്രമങ്ങളുടെ ഉണ്മയിൽ ആത്മത്തെ സ്ത്രീ ഉറപ്പിക്കുന്നു. വ്യവസ്ഥയെ ചലനാത്മകമാക്കുന്ന ഇഴയടുപ്പങ്ങളുടെ നേർത്ത നൂലിഴകളുടെ തുന്നൽവിദ്യയാണത്.

കേൾവിയുടേയും പറച്ചിലിന്റേയും ബന്ധുതയിൽ സാഹിതീയതയെ സ്ത്രീ ആത്മകഥകൾ ഭാവന ചെയ്യുന്നുണ്ട്. അനുഭവങ്ങളോടുള്ള സാത്മ്യപ്പെടലാണ് എഴുത്തിന് പ്രേരകശക്തിയായിത്തീരുന്നത്. എഴുത്തിനെ സംബന്ധിച്ച വിചാരങ്ങൾ ആത്മവ്യാഖ്യാനപ്രക്രിയയിൽ പ്രധാനമായി സ്ത്രീ അവതരിപ്പിക്കുന്നു. ദൈനംദിന ജീവിതവ്യവഹാരങ്ങളുടെ ഉള്ളകങ്ങളിലാണ് കാഥിക തന്റെ പണിപ്പുര കണ്ടെത്തുന്നത്.

വീട്ടിൽ വിരുന്നുപാർക്കാൻ വന്ന ദരിദ്രയായ അന്തർജ്ജനത്തിന്റെ ആത്മകഥനമാണ് ആദ്യ നോവലിന് പ്രേരണയായതെന്ന് ലളിതാംബിക അന്തർജ്ജനം എഴുതുന്നുണ്ട്. ഇതര മനുഷ്യരുടെ അനുഭവങ്ങളോട് തന്മയീഭവിച്ചുകൊണ്ട് ആഖ്യാനം ചെയ്യാനുള്ള ശ്രമമാണ് അന്തർജ്ജനത്തിന് എഴുത്ത്. വായനാനുഭവങ്ങൾ പ്രധാനമാകുമ്പോഴും ചുറ്റും മുഴങ്ങിക്കേട്ട സ്ത്രീയനുഭവങ്ങളാണ് എഴുത്തിന് മൂലധനമായിത്തീരുന്നത്. ചരിത്രം ആത്മാഖ്യാനമായിത്തീരുന്ന സന്ദർഭം 'പ്രതികാരദേവത' എന്ന കഥയിൽ കാണാം. ഭൂതകാലം സ്ത്രീരൂപത്തിൽ എഴുത്തുകാരിക്ക് മുന്നിൽ പ്രത്യക്ഷപ്പെടുന്നു. ഭ്രാന്തിക്കും പതിതയ്ക്കുമിടയിൽ ജീവിതം അന്വേഷിച്ച സ്ത്രീയുടെ അനുഭവം പറച്ചിൽ 'അസാധാരണമായ ആത്മകഥന'-മായാണ് എഴുത്തുകാരിക്ക് അനുഭവപ്പെടുന്നത്. അമ്മമാർക്കും സഹോദരിമാർക്കും അറിയപ്പെട്ടിട്ടില്ലാത്ത അനേകമനേകം അബലകൾക്കും വേണ്ടിയുള്ള പ്രതിരോധനിലപാടായി കഥപറച്ചിൽ പരിണമിക്കുന്നു. വ്യവസ്ഥയുടെ ഇരുളിൽ വലിച്ചെറിഞ്ഞ ഞെട്ടിപ്പിക്കുന്ന പടക്കം പോലെ ചരിത്രത്തെ എഴുത്തുകാരി കേൾക്കുന്നു. കേൾവിയുടേയും പറച്ചിലിന്റേയും വിനിമയങ്ങളി

ലാണ് ചരിത്രം വ്യാഖ്യാനക്ഷമമാകുന്നത്. ഇത്തരത്തിൽ ഭൂതകാലവുമായുള്ള തൻമയീഭാവപ്രക്രിയയായി കേൾവി മാറുന്നു. വിഷയവും വിഷയിയും കഥാപാത്രവും എഴുത്തുകാരിയും സാത്മ്യപ്പെടുന്ന ഈ ഭാവഘടന വ്യവസ്ഥിതിയുടെ അധികാരബലതന്ത്രങ്ങൾ തുറന്നുകാട്ടുന്നു. ഹിറ്റ്ലറുടെ തടങ്കൽപാളയത്തേക്കാൾ നരകയാതന അനുഭവിക്കുന്ന സ്ത്രീയനുഭവങ്ങളിൽ ആത്മൈക്യപ്പെട്ടുകൊണ്ടാണ് വാക്കിന്റെ സമരവീര്യം എഴുത്തുകാരി കണ്ടെടുക്കുന്നത്. പീഡകളുടെ മൂർദ്ധന്യത്തിൽ അസ്വതന്ത്രതയുടെ പരകോടിയിൽനിന്നാണ് വിപ്ലവാസക്തി ഉറവെടുക്കുന്നത് എന്ന് ആത്മകഥയിൽ അന്തർജ്ജനം എഴുതുന്നുണ്ട്. വ്യവസ്ഥ മൂകമാക്കിയ പേശാമടന്തമാരുടെ കഥകൾ വീണ്ടെടുക്കാനുള്ള ശ്രമമായി എഴുത്ത് മാറുന്നു. ചരിത്രം ആത്മകഥയായിത്തീരുന്ന ഈ പ്രക്രിയ സ്ത്രീഎഴുത്തിന്റെ സവിശേഷമായ ഭാവബലമായിത്തീരുന്നു.

ആത്മകഥകൾ സാഹിത്യവിചാരങ്ങൾ ആവുന്ന സന്ദർഭങ്ങൾ സ്ത്രീഎഴുത്തിൽ തുടരുന്നുണ്ട്. അസംഘടിതമായ കാമനകളുടെ നിലവിളികളോട് ഐക്യപ്പെട്ടുകൊണ്ട് അധഃസ്ഥിതപക്ഷ ആഖ്യാനമായി എഴുത്തിനെ നിർവചിക്കുകയായിരുന്നു എഴുത്തുകാരികൾ. പറമ്പിൽ അധ്വാനിച്ചു മണ്ണടിഞ്ഞ പണിയാളന്റെ കഥനമാണ് താൻ വായിച്ച ഏത് നോവലുകളേക്കാളും പ്രിയങ്കരം എന്ന് 'മൂടുവാൻ നാടൻ' എന്ന കഥയിൽ രാജലക്ഷ്മി എഴുതുന്നുണ്ട്. നാലപ്പാട്ടെ അടുക്കള വ്യവഹാരങ്ങളിലാണ് മാധവിക്കുട്ടി തന്റെ ആത്മത്തെ വീണ്ടെടുക്കുന്നത്.

എഴുത്ത് സാധാരണഭാഷണത്തിന്റെ സാധാരണമായ വളർച്ചയല്ലെന്നും അധികാരത്തിന്റെയും ശക്തിവിനിയോഗത്തിന്റെയും മുദ്രകളുള്ള ഒരു സാങ്കേതിവിദ്യയാണെന്നും തന്റെ ആത്മകഥാപരമായ കുറിപ്പുകളിലൊന്നിൽ ഗീതാ ഹിരണ്യൻ പറയുന്നുണ്ട്. വായിക്കാനല്ല, കഥ കേൾക്കാനായിരുന്നു തനിക്ക് ഇഷ്ടം എന്ന് കഥാകാരി ഓർമ്മിക്കുന്നു. കറമ്പി എന്ന തൊഴിലാളിസ്ത്രീയുടെ കഥനം സവിശേഷമായി കാഥിക ഓർത്തെടുക്കുന്നു. ജന്തുകഥകളിലെ നാടത്തം, മനുഷ്യത്തം, കുസൃതി ഇവയാണ് കറമ്പിയുടെ കഥനശൈലിയെ പ്രിയങ്കരമാക്കിയത്. അധികാരവ്യവസ്ഥിതിയിൽ വിമൂകമായ ചെറുജീവിതങ്ങൾ സ്വത്വാർജ്ജനം നേടുന്ന സന്ദർഭങ്ങളാണ് ജന്തുകഥകൾ എന്നും അവ രാഷ്ട്രീയകഥകളാണെന്നും എ.കെ.രാമാനുജൻ നിരീക്ഷിക്കുന്നുണ്ട്.

അനാഥയും അപണ്ഡിതയും തിരസ്കൃതയുമായ ഒരു സ്ത്രീക്ക് അങ്ങോട്ട് സംസാരിക്കാനും ഇങ്ങോട്ട് കേൾക്കാനുമുള്ള മാധ്യമമാണ് സ്ത്രീഭാഷ എന്ന് ഗീതാഹിരണ്യൻ നിരീക്ഷിക്കുന്നുണ്ട്. എഴുത്തിൽ കറമ്പിയായി രൂപാന്തരപ്പെടുകയായിരുന്നു കഥാകാരി എന്ന് ഷീബാ ദിവാകരന്റെ നിരീക്ഷണം നോക്കുക. വ്യവസ്ഥയുടെ അകങ്ങളിലെ ഏകാന്തതയിലും ഇരുളിലും നിന്ന് എരിഞ്ഞുയരുന്ന നാളങ്ങൾ ഗ്രാമക്ഷേത്രത്തിൽ ഒത്തുകൂടി കഥകൾ പങ്കുവയ്ക്കുന്ന സന്ദർഭം ഗിരീഷ് കർണാട് തന്റെ വിഖ്യാതനാടകമായ 'നാഗമണ്ഡല'യിൽ സങ്കല്പിക്കുന്നുണ്ട്. ഇപ്രകാരം അധികാരരൂപങ്ങളുടെ അകങ്ങളിൽ എരിയുന്ന ദമിതകാമനകളുടെ ആവിഷ്കാരമായി സാഹിതീയതയെ സ്ത്രീ എഴുത്ത് കണ്ടെടുക്കുന്നു. നിശ്ശബ്ദമായ ക്രമങ്ങളുടെ അശിക്ഷിതലോകങ്ങളിൽ ഇരമ്പുന്ന ചരിത്രം സ്ത്രീയുടെ ആത്മാഖ്യാനം വീണ്ടെടുക്കുന്നു. 'ചരിത്രം രാജാക്കന്മാരുടേയും ചക്രവർത്തിമാരുടേതും മാത്രമല്ല സ്നേഹിച്ചവരുടെ കഥയാണ്, സാധാരണ മനുഷ്യരുടെ കഥ' എന്ന് മാധവിക്കുട്ടി ആത്മകഥയിൽ നിർവചിക്കുന്നുണ്ട്. അജ്ഞാതനാമാക്കളായ മനുഷ്യരുടെ ചരിത്രവും ആത്മകഥയുമായി എഴുത്ത് രൂപാന്തരപ്പെടുന്നു. ഇത്തരത്തിൽ ചരിത്രം ആത്മകഥയും ആത്മകഥ ചരിത്രവുമാകുന്ന രാഷ്ട്രീയമാണ് സ്ത്രീ എഴുത്ത് പങ്കുവയ്ക്കുന്നത്.

■

---

*(തുടർച്ച പേജ് 12)*

മർത്തപ്പെട്ടുകഴിയുന്ന ദളിതരിലും പ്രവർത്തിക്കുന്ന ആണധികാരമൂല്യവും അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ദളിതരുടെ പൊതുവായ ചില ഗുണങ്ങളിലൊന്നാണ് അപരരെക്കൂടി ഉൾക്കൊള്ളാനുള്ള സാമൂഹ്യബോധം. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ സ്വകാര്യസ്വത്തുക്കളുടെ ഉടമാവകാശത്തിൽ അവർ തത്പരരല്ല. പങ്കുവെച്ചുജീവിക്കുന്ന പ്രകൃതമാണ്. അതുകൊണ്ടാണ് വിഭവാധികാര രാഷ്ട്രീയത്തിൽ അവർ പിന്തള്ളപ്പെട്ടുപോയത്. ലിംഗപരമായും ജാതിപരമായും ഇരട്ടക്കീഴാളത്തമേൽക്കുന്നവളാണ് ദളിത് സ്ത്രീ എന്നു നിർവചിക്കുന്നതിനോട് ഒന്നുകൂടി ചേർക്കണം. വിശാലമായ സാമൂഹ്യാവബോധമുള്ളവളുമാണ് ദളിത് സ്ത്രീയെന്ന്. വിഭവാധികാര രാഷ്ട്രീയത്തെപ്പറ്റി ബോധവത്ക്കരിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി ചില പരിക്കുകൾ പറ്റിയെങ്കിലും തന്റെ ആഖ്യാനത്തിലുടനീളം പുലർത്തുന്ന ആ സംസ്കാര സമ്പന്നത അംഗീകരിക്കേണ്ടതാണ്. അച്ഛനമ്മമാരുടെ പേരും, വളരെ ചെറുപ്പത്തിൽ വിവാഹിതയായെന്നും, ഭർത്താവിന്റെ പേരും അവരെപ്പറ്റി ഈ ആത്മകഥയിൽനിന്നു കിട്ടുന്ന ചുരുക്കം വിവരങ്ങളാണ്. സെലീനയ്ക്കൊരു കുഞ്ഞുണ്ടെന്നു പറഞ്ഞുപോകുന്നേയുള്ളൂ. പലപ്പോഴും സ്ത്രീ രചനകൾ ആത്മനിഷ്ഠങ്ങളാണെന്നാണു പറയാറ്. എന്നാൽ സെലീന പ്രക്കാനം എന്ന ദളിത് സ്ത്രീ തന്റെ ജീവിതംപറയുമ്പോൾ സ്വന്തം കാര്യങ്ങൾ വിസ്മരിക്കുകയും സാമൂഹഹ്യബോധ്യങ്ങളും ബന്ധങ്ങളും സജീവമാകുന്നതു കാണാം.

■

ധനൂജകുമാരി എസ്/ലക്ഷ്മി മോഹൻ



**ലക്ഷ്മി മോഹൻ**
അസോ. ഡയറക്ടർ

# 'ചൂള'യിലെ എന്റെ ജീവിതം

ഒരു വലിയ പാടശേഖരമായിരുന്നു ചെങ്കൽച്ചൂള. പിന്നീട് സെക്രട്ടറിയേറ്റ് നിർമ്മാണത്തിന് ചുടുകല്ലുകൾ വാർത്തെടുത്ത സ്ഥലമായിരുന്നു ചെങ്കൽച്ചൂള. ആ തലമുറക്കാരുടെ പിൻഗാമികളാണ് അവിടുത്തെ നിവാസികളിൽ പലരും. എന്നാൽ പിന്നീട് ചെങ്കൽച്ചൂള കോളനിയായി. ആ കോളനിയെക്കുറിച്ച് ആരും നല്ലത് പറയാതെയായി. എന്റെ ജീവിതം എന്ന ആത്മകഥയിലൂടെ ധനൂജ കുമാരി ചെങ്കൽച്ചൂളയിലെ മനുഷ്യജീവിതമാണ് തുറന്നുകാട്ടുന്നത്. ധനൂജ കുമാരിയുമായി ഒരു അഭിമുഖം.

**എന്റെ ജീവിതം എന്ന പുസ്തകത്തിലേക്ക് എങ്ങനെയാണ് എത്തിപ്പെട്ടത് ?**

പുസ്തകം എഴുതണമെന്ന് വിചാരിച്ചിരുന്ന ഒരാളല്ല ഞാൻ. മാധ്യമം പത്രത്തിൽ ജോലി ചെയ്തിരുന്ന സി പി സത്യൻ പുകസയുടെ പഠനവുമായി ബന്ധപ്പെട്ട് ഞങ്ങളുടെ കോളനിയിൽ വന്നു. ആ സമയത്ത് അദ്ദേഹത്തിനോട് ഞാൻ കുറച്ച് ദേഷ്യത്തോടെ സംസാരിക്കാൻ ഇടയായി. കാരണം കോളനിയെക്കുറിച്ച് അറിയാനും പഠിക്കാനുമായി ഇവിടേക്ക് വരുന്നവർക്ക് പല ലക്ഷ്യങ്ങളുമുണ്ട്. എന്നാൽ അതിൽ ചിലരെങ്കിലും ഉണ്ടാകും ഈ കോളനിക്ക് വേണ്ടി എന്തെങ്കിലും നല്ലത് ചെയ്യണമെന്ന് ചിന്തിക്കുന്നവർ. പക്ഷേ അവർ പുറത്തേക്കിറങ്ങുമ്പോൾ അവരോട് ചോദിക്കുന്നത് നിങ്ങൾ ചെങ്കൽച്ചൂളയിലോട്ടാണോ പോയത് എന്നാണ്. പലരും കോളനിയെക്കുറിച്ച് ഉള്ളതും ഇല്ലാത്തതുമായ പലകഥകളും പറഞ്ഞു കേൾപ്പിക്കാറുണ്ട്. ഇതു കേൾക്കുന്നവർ നിജസ്ഥിതി അറിയാൻ ശ്രമിക്കാറുമില്ല. അവർ പദ്ധതികളെല്ലാം ഉപേക്ഷിച്ച് തിരികെപോകുകയും ചെയ്യും. നല്ലതെന്തെങ്കിലും കോളനിയിലേക്ക് വരാനുണ്ടായിരുന്നെങ്കിൽ അതവിടെ അസ്തമിക്കുകയാണ്. വരുന്നവരുടെ ഉള്ളിൽ ഭയം തന്നെയാണ് ഉണ്ടാക്കിവിടുന്നത്. നിങ്ങൾക്ക് എഴുതുവാനും പഠിക്കുവാനും മാത്രമുള്ള ഒരു സ്ഥലമാണ് ചെങ്കൽച്ചൂള. അതിനപ്പുറം നിങ്ങളാരും ഇതുവരെയും ചെങ്കൽ ചൂള എന്ന ഞങ്ങളുടെ കോളനിയെ കുറിച്ച് സംസാരിച്ചിട്ടില്ല സംസാരിക്കുകയുമില്ല. ഇതെല്ലാം കേട്ടിട്ട് അന്ന് സത്യൻ ചേട്ടൻ ഒന്നും മിണ്ടാതെ പോകുകയായിരുന്നു.

പിന്നീട് സി പി സത്യനാണ് ഈ അനുഭവങ്ങളെല്ലാം ചേർത്ത് ഒരു പുസ്തകമെഴുതാൻ എന്നോട് പറയുന്നത്. ചെങ്കൽ ചൂളയിലെ അനുഭവങ്ങൾ ഒരു പുസ്തകമായാൽ നാളേക്ക് അതൊരു മുതൽക്കൂട്ടായിരിക്കും. ചിലപ്പോൾ ഇന്ന് ആരും വായിച്ചില്ലെന്നും വരാം. അപ്പോഴാണ് ഞാൻ എഴുത്തിനെക്കുറിച്ച് ചിന്തിക്കുന്നത്. അന്നുമുതൽ എനിക്കും തോന്നിത്തുടങ്ങി, എന്റെ അനുഭവങ്ങൾ എല്ലാം ചേർത്ത് ഒരു പുസ്തകം എഴുതിയാലോ എന്ന്. ഇത്തരത്തിൽ എനിക്ക് പ്രചോദനം തരാൻ ഒരാൾ കൂടി വന്നപ്പോഴാണ് സത്യത്തിൽ ഇങ്ങനെ ഒരു പുസ്തകം ഉണ്ടായത്. എന്റെ കോളനിക്കുള്ളിലെ മനുഷ്യരിലും എന്റെ മനസ്സിലും ഒതുങ്ങി നിന്നിരുന്ന പലകാര്യങ്ങളും ഇന്ന് എന്റെ പുസ്തകത്തിലൂടെ മറ്റുള്ളവരിലേക്കും എത്തുന്നു. എനിക്കിന്നത് വളരെ സന്തോഷമാണ് നൽകുന്നത്.

**എന്റെ ജീവിതം എന്ന പുസ്തകത്തെക്കുറിച്ചുള്ള വായനക്കാരുടെ പ്രതികരണം?**

ഈ പുസ്തകം വായിച്ചിട്ട് ഒരുപാടിടങ്ങളിൽ നിന്നും പ്രതികരണങ്ങൾ ലഭിച്ചു. നിങ്ങളുടെ കോളനിയെക്കുറിച്ച് ഞങ്ങൾ വിചാരിച്ചിരുന്നത് ഇങ്ങനെയല്ല. ഈ പുസ്തകം വായിച്ചതോടെ കോളനിയെക്കുറിച്ച് മനസിലാക്കാൻ കഴിഞ്ഞു. എന്തായാലും ചിലരുടെയെങ്കിലും ധാരണമാറ്റാൻ ഈ പുസ്തകത്തിന് കഴിഞ്ഞിട്ടുണ്ട്. എനിക്ക് തോന്നുന്നു ഈ പുസ്തകം വന്നതിന് ശേഷമാണ് സിനിമാ ഷൂട്ടിങ്ങുവരെ കോളനിക്കുള്ളിൽ നടക്കു

ന്നതെന്ന് . ഇതിൽ നിന്നൊക്കെ കുറച്ചൊക്കെ തെറ്റിദ്ധാരണ മാറിയിട്ടുണ്ടെന്നാണ് തോന്നുന്നത്. അതുപോലെ തന്നെ ഇപ്പോഴും വിമർശിക്കുന്ന വരുമുണ്ട്.

**ഈ പുസ്തകം വായിച്ചതിനുശേഷം അനുഭവങ്ങൾ പങ്കുവെയ്ക്കാനായി ആരെങ്കിലുമെത്തിയിരുന്നോ?**

തൃശൂരിൽ നിന്ന് ഒരു പെൺകുട്ടി വന്നിട്ടുണ്ടായിരുന്നു. അവരുടെ കൂടെ രണ്ടു കുട്ടികളുമുണ്ട്. ആ പെൺകുട്ടി കവിതയൊക്കെ എഴുതാറുണ്ടെന്നു പറഞ്ഞു. ജീവിതത്തിൽ ഒരുപാട് പ്രശ്നങ്ങളൊക്കെയുള്ള ഒരു കുട്ടിയാണ്. ആ കുട്ടിക്ക് എന്റെ പുസ്തകം വായിച്ചപ്പേൾ മുന്നോട്ട് ജീവിക്കാൻ ഒരു പ്രചോദനമായെന്നാണ് പറഞ്ഞത്.

ഞാൻ എന്റെ കുട്ടികളെയും കൊണ്ട് ഒരു ദിവസം ട്രെയിൻ കയറി എറണാകുളത്തേക്ക് പോയി. വേറൊന്നിനുമല്ല ആത്മഹത്യ ചെയ്യാനായിരുന്നു ആ യാത്ര. ആ ഭാഗം വായിച്ചപ്പോഴാണ് ആ കുട്ടിക്കും മുന്നോട്ട് ജീവിക്കാൻ തോന്നിയതെന്ന്.

ഈ പുസ്കത്തിൽ ഞാൻ എഴുതിയിരിക്കുന്നത് എന്തൊന്ന് വെച്ചാൽ. എന്റെ കുട്ടികളെയും കൊണ്ട് ഒരു ദിവസം ട്രെയിൻ കയറി എറണാകുളത്തേക്ക് പോയി. എറണാകുളം വരെ പോകാൻ വേണ്ടി എടുത്ത ടിക്കറ്റല്ല. അന്നു ഞാൻ എടുത്ത ടിക്കറ്റ് എറണാകുളം വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടുകുട്ടികളെയും കായലിലേക്ക് എടുത്തെറിഞ്ഞ് എനിക്കും മരിക്കണം എന്ന് പറഞ്ഞ് പോയതാണ്. എനിക്ക് കുറച്ച് നീന്തലറിയാം. അവിടെ എത്തിയപ്പോൾ ഞാൻ വീണ്ടും ചിന്തിച്ചു ഞാൻ മരിക്കാതെയും കുട്ടികൾ മരിക്കുകയും ചെയ്താൽ എന്ത് ചെയ്യും. മക്കളെ കൊന്ന് ജീവിക്കുന്ന ഒരു സ്ത്രീയായി പോകില്ലേ ഞാൻ. ഈ ചിന്ത എന്നെ അലട്ടാൻ തുടങ്ങിയപ്പോൾ ആത്മഹത്യചെയ്യാൻ അതുവരെയുണ്ടായിരുന്ന ധൈര്യം നഷ്ടപ്പെട്ടു. ഈ ഭാഗം വായിച്ചപ്പോൾ ആ കുട്ടി പറഞ്ഞു ഈ ഒരു സാഹചര്യത്തിലായിരുന്നു ആ പെൺകുട്ടിയും എന്ന്. മരണത്തിൽ നിന്നും മാറാൻ ആ കുട്ടിക്ക് അതൊരു പ്രചോദനമായെന്ന്.

**"കലാമണ്ഡലത്തിൽ മകന് പഠിക്കാൻ കഴിയാത്തതിന് കാരണം അവൻ ചെങ്കൽച്ചൂളക്കാരനായത് കൊണ്ടാണെന്ന്' ഈ കാരണവും ഈ ഒരു പുസ്തക രചനക്ക് പ്രധാന കാരണമായില്ലേ ?**

മകന് കലാമണ്ഡലത്തിൽ പഠിക്കാൻ കഴിയാത്തതിന് കാരണം അവൻ ചെങ്കൽച്ചൂളകാരനായത് കൊണ്ടാണ്. എന്താണ് ചെങ്കൽച്ചൂളയുടെ പ്രശ്നം. അതാണ് എനിക്കറിയാത്തതും. ഇതാണ് എന്നെ കൂടുതലായും ഈ പുസ്തകത്തിലേക്ക് നയിച്ചതും. ഈ പുസ്തകം എന്റെ മാത്രം ജീവിതമല്ല. ഇവിടെ ഒരുപാട് കുട്ടികൾ പഠിച്ച് ഡിഗ്രി കഴിഞ്ഞവരുണ്ട്




**മകനോട് അവിടെയുള്ളവർ കോളനിയിൽ നിന്നാണെന്ന നിന്റെ ജാതിയെന്താണ്, മതമെന്താണ് എന്നൊക്കെ തുടങ്ങി. അവിടെ ഒരു ക്ലാസിൽ എട്ടുപേരാണ് എടുക്കുന്നത്. ഇന്ന ഇന്ന ജാതിക്കാരോടൊപ്പം ഇരു നിനക്ക് യോഗ്യതയില്ലെന്ന് കുട്ടിയോട് അവർ പറയാൻ ഇവിടുന്നു പോയിക്കഴിഞ്ഞാൽ വേറൊരാൾക്ക് കിട്ടുമെന്നൊക്കെ സംസാരിക്കാൻ തുടങ്ങി. ഇതെ വീട്ടിൽ വിളിച്ച് പറഞ്ഞു. അപ്പോഴും ഞാൻ പറഞ്ഞു, അവർ പറയും അതൊന്നും നീ കാര്യമാക്കേണ്ടയെ ദിവസം അവൻ വൈകി ക്ലാസ്സിലെത്തിയെന്ന പേരി ചെവിക്കല്ലിൽ അധ്യാപകൻ അടിച്ചു. അപ്പോഴും ജ കോളനിയുടേയും പേരിൽ അവനെ അധിക്ഷേപിച്ച അവനെ തിരികെ വിളിച്ചുകൊണ്ടുവന്നു. പിന ഇവിടെനിന്ന് തുടർ വിദ്യാഭ്യാസം നേടി. ചെന്നൈയി റഹ്മാന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ പോയി പഠിച്ചു. അവിടെ ജാ ഒന്നും തന്നെയില്ല.**

നഴ്സുമാരുണ്ട്, ഡോക്ടർമാരുണ്ട്, ഐ.എഎസിന് പഠിക്കുന്നവരുണ്ട്. എല്ലാം ഉണ്ടായിരുന്നാലും ഈ കുട്ടികളെല്ലാം പലതരത്തിലുള്ള പ്രശ്നങ്ങളും നേരിടുന്നുണ്ട്. തുടർ വിദ്യാഭ്യാസത്തിന് പോകാൻ കഴിയാത്ത കുട്ടികളുണ്ട്. ജാതിയുടെ പേരിൽ കോളനിയുടെ പേരിൽ ഒക്കെ ആക്ഷേപം ഇന്നും അവർ സഹിക്കുന്നുണ്ട്.

എന്റെ മൂത്ത മകൻ നിതീഷ് എട്ടാം ക്ലാസാ യപ്പോൾ തൃശൂർ കലാമണ്ഡലത്തിൽ പഠിക്കാ നായി പോയി. മകൻ കലാമണ്ഡലത്തിൽ ചേരു ന്നതിനുമുൻപായിരുന്നു അവന്റെ അച്ഛൻ 2005ൽ ഗിന്നസ് റെക്കാർഡിനുവേണ്ടി വിജെടി ഹാളിൽ നാൽപ്പത്തെട്ട് മണിക്കൂർ ചെണ്ട കൊട്ടിയത്. 2006ലാണ് മകൻ അവിടെ അഡ്മിഷനുവേണ്ടി പോകുന്നത്. ജാതിയിൽ കുറഞ്ഞവരാണല്ലോ നമ്മൾ. അങ്ങനെയുള്ള ഒരാളുടെ മകൻ അവിടെ അഡ്മിഷനു വന്നപ്പോൾ നേരിടേണ്ട പ്രശ്നങ്ങൾ ചെറുതൊന്നുമായിരുന്നില്ല. മകന് ഇവർ എന്താണ് ചോദിക്കുന്നതെന്നോ പറയുന്നതെന്നോ അറിയില്ല. ഞങ്ങളുടെ ഇടയിൽ ജാതിയോ മതമോ ഒന്നുമില്ല. കോളനിക്കുള്ളിലുള്ളവർക്ക് ജാതി ഇതുവരെയും ഒരു അതിർ വരമ്പായിട്ടില്ല. മകനോട് അവിടെയു ള്ളവർ കോളനിയിൽ നിന്നാണെന്നറിഞ്ഞപ്പോൾ നിന്റെ ജാതിയെന്താണ്, മതമെന്താണ് എന്നൊക്കെ ചോദിക്കാൻ തുടങ്ങി. അവിടെ ഒരു ക്ലാസിൽ എട്ടു പേരാണ് അഡ്മിഷൻ എടുക്കുന്നത്. ഇന്ന ഇന്ന ജാതിക്കാരോടൊപ്പം ഇരുന്ന് പഠിക്കാൻ നിനക്ക് യോഗ്യതയില്ലെന്ന് കുട്ടിയോട് അവർ പറയാൻ തുടങ്ങി. നീ ഇവിടുന്നു പോയിക്കഴിഞ്ഞാൽ വേറൊരാൾക്ക് അഡ്മിഷൻ കിട്ടുമെന്നൊക്കെ സംസാരി ക്കാൻ തുടങ്ങി. ഇതൊക്കെ മകൻ വീട്ടിൽ വിളിച്ച് പറഞ്ഞു. അപ്പോഴും ഞാൻ പറഞ്ഞു, അതൊക്കെ അവർ പറയും അതൊന്നും നീ കാര്യമാക്കേണ്ട യെന്നാണ്. ഒരു ദിവസം അവൻ വൈകി ക്ലാസ്സിലെത്തിയെന്ന പേരിൽ അവന്റെ ചെവിക്കല്ലിൽ അധ്യാപകൻ അടിച്ചു. അപ്പോ ഴും ജാതിയുടേയും കോളനിയു ടേയും പേരിൽ അവനെ അധി ക്ഷേപിച്ചു. അങ്ങനെ അവനെ തിരികെ വിളിച്ചുകൊണ്ടുവന്നു. പിന്നീട് അവൻ ഇവിടെനിന്ന് തുടർ വിദ്യാഭ്യാസം നേടി. ചെന്നൈയിൽ ഏ ആർ റഹ്മാ ന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ പോയി പഠിച്ചു. അവിടെ ജാതിയോ മതമോ ഒന്നും തന്നെയില്ല.

ൽ നിന്നാണെന്നറിഞ്ഞപ്പോൾ
എന്നൊക്കെ ചോദിക്കാൻ
ട്ടുപേരാണ് അഡ്മിഷൻ
ടൊപ്പം ഇരുന്ന് പഠിക്കാൻ
അവർ പറയാൻ തുടങ്ങി. നീ
റൊരാൾക്ക് അഡ്മിഷൻ
ുടങ്ങി. ഇതൊക്കെ മകൻ
ാൻ പറഞ്ഞു, അതൊക്കെ
മാക്കേണ്ടയെന്നാണ്. ഒരു
ിയെന്ന പേരിൽ അവന്റെ
അപ്പോഴും ജാതിയുടേയും
അധിക്ഷേപിച്ചു. അങ്ങനെ
ുവന്നു. പിന്നീട് അവൻ
. ചെന്നൈയിൽ ഏ ആർ
. അവിടെ ജാതിയോ മതമോ

**ചെങ്കൽച്ചൂളയിലെ മനുഷ്യരെക്കുറിച്ച് ?**

കോളനിക്കകത്തുള്ള എല്ലാ മനുഷ്യരും എല്ലാവരുമായിട്ടും സഹകരണമുള്ളവരാണ്. ലോകത്ത് ആര് തള്ളിക്കളഞ്ഞ ആൾക്കാരെയും ഇവിടെയുള്ളവർ സ്വീകരിക്കും. ഒരു കൂട്ടർ തെറ്റ് പറഞ്ഞാൽ അത് ശരിയാവും എന്ന് പറഞ്ഞ് നിർത്തുന്ന ഒരു സമൂഹമാണിത്. പുറത്തൊരിട ത്താണെങ്കിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ തെറ്റെന്ന് പറഞ്ഞ് അകറ്റിക്കളയും. ബിന്ദു എന്ന് പറയുന്ന ഒരു കുട്ടിയുടെ കഥ ഈ പുസ്തക ത്തിൽ ഞാൻ എഴുതിയിട്ടുണ്ട്. സമൂഹത്തിൽ ഒറ്റപ്പെട്ടുപോകുന്ന പല ആൾക്കാരും ഇതിനകത്ത് വന്ന് ജീവിക്കുന്നുണ്ട്.

**ധനൂജയുടെ ജീവിതവും വിദ്യാഭ്യാസവും ?**

എന്റെ അച്ഛൻ മാവേലിക്കരക്കാരനാണ്. അച്ഛന്റെ അമ്മ കോളനിക്കകത്ത് താമസിക്കുവാൻ വന്നതാണ്. ആദ്യം ശ്രീചിത്രാഹോമിലായിരുന്നു അച്ഛന്റെ അമ്മയും സഹോദരങ്ങളും കഴിഞ്ഞി രുന്നത്. പിന്നീടവർ ഇങ്ങോട്ടേക്ക് വരുകയായിരുന്നു. അമ്മൂമ്മ ഇവിടെവന്ന് ചെറിയ കച്ചവടങ്ങളൊക്കെ നടത്തിയാണ് മക്കളെയൊക്കെ വളർത്തിയത്. എന്റെ അച്ഛൻ ഇവിടുന്നു തന്നെയാണ് വിവാഹം കഴിച്ചത്. ഞാൻ കോളനിയിൽ തന്നെയാണ് വളർ ന്നത്. ഇവിടുന്നു വിവാഹം കഴിച്ച് ഇവിടെ തന്നെ താമസിക്കുന്നു.

ഞാൻ ഒൻപതാം ക്ലാസു വരെയാണ് പഠി ച്ചത്. ഒന്നാം ക്ലാസുമുതൽ നാലാം ക്ലാസുവരെ തമ്പാനൂർ യുപി എസിൽ പഠിച്ചു. നാലാം ക്ലാസു മുതൽ ആറാംക്ലാസുവരെ കൊല്ലത്ത് സി എസ് ഐ യുടെ ബോർഡിംഗിൽ നിന്നാണ് പഠിച്ചത്. അവിടുന്നാണ് ഞാൻ എഴുത്തിന്റെ ശീലം തുടങ്ങു ന്നത്. അന്ന് അവിടുത്തെ സ്കൂളിൽ പഠിച്ചിരുന്ന സമയത്ത് അതാതു ദിവസം നടക്കുന്ന കാര്യങ്ങൾ എഴുതണമായിരുന്നു. ആറും ഏഴും വീണ്ടും തമ്പാ നൂർ യു പി എസിലായിരുന്നു. എട്ടും ഒൻപതും പഠിക്കുന്നത് ശ്രീചിത്രഹോമിൽ നിന്നാണ്. പതി നാറാമത്തെ വയസിൽ വിവാഹം കഴിഞ്ഞു.

**ഇനി വരാൻ പോകുന്ന പുസ്തകത്തെ ക്കുറിച്ച്?**

അടുത്ത പുസ്തകം എഴുതിക്കൊണ്ടിരി ക്കുന്നു. ആദ്യത്തെ പുസ്തകം എഴുതിക്കഴിഞ്ഞ തിനുശേഷം ഉണ്ടായ അനുഭവങ്ങളാണ് രണ്ടാ മത്തെ പുസ്തകത്തിലുള്ളത്. എന്റെ ആദ്യ പുസ്തകം പ്രകാശനം ചെയ്തത് പിണറായി സഖാവാണ്. അദ്ദേഹം ഈ കോളനിയിലേക്ക് ആദ്യമായി വന്നത് തന്നെ ഈ പുസ്തകം പ്രകാശനം ചെയ്യാനാണ്.

ഇപ്പോൾ ഈ കോളനിയുടെ പേര് രാജാജി നഗർ എന്നാണ്. പക്ഷേ പുറമേയുള്ള ആളുകളുടെ ഓർമയിൽ ഞങ്ങളിപ്പോഴും ചൂളയിലെ മനുഷ്യ രാണ്. അനുഭവങ്ങൾക്ക് ഇപ്പോഴും മാറ്റമില്ല. അതി നെക്കുറിച്ചാണ് എന്റെ പുതിയ പുസ്തകം. ■



**സൗമ്യ ദാസൻ**
മലയാളം അധ്യാപിക
ശ്രീ ശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല തിരുവനന്തപുരം
പ്രാദേശികകേന്ദ്രം

# സർഗ്ഗാത്മകതയുടെ തടവറകൾ: 'എഴുത്തുകാരികളുടെ ആത്മകഥകളെ പുനർവായിക്കുമ്പോൾ'

**കേ**രളത്തിലെ സമൂഹവും സംസ്കാരവും ചരിത്രവും സാഹിത്യവുമെല്ലാം ഒരു വിഭാഗത്തിന്റെ മാത്രം താത്പര്യങ്ങൾക്കും വീക്ഷണങ്ങൾക്കും അനുപൂരകമായാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. പുരുഷകേന്ദ്രിതമായ ഈ സമൂഹത്തിൽ സ്ത്രീക്ക് തന്റേതായ ഇടം കണ്ടെത്താൻ വളരെയധികം ക്ലേശിക്കേണ്ടി വന്നു. സാഹിത്യം പുരുഷന്റെ കുത്തകയാണ് എന്നാണ് ആദ്യകാലം മുതൽ പുരുഷാധിപത്യസമൂഹം സ്ത്രീയെ പഠിപ്പിച്ചുവരുന്നത്. പുരുഷനെ സംബന്ധിച്ചിടത്തോളം അവന്റെ ഉപഭോഗ താല്പര്യങ്ങൾക്കും വർണ്ണനകൾക്കും വംശവർദ്ധനയ്ക്കും ഉപയോഗിക്കാവുന്ന ഒരു വസ്തു മാത്രമായിരുന്നു സ്ത്രീ. അതുകൊണ്ടുതന്നെ അവൾക്ക് ധിഷണാശക്തി ആവശ്യമില്ലെന്നും അവളെന്നും അബലയും ചപലയുമായി പുരുഷനെ ആശ്രയിച്ചു നിൽക്കുന്നവളും അവനെ രമിപ്പിക്കുന്നവളുമാകണമെന്ന ധാരണയാണ് സാഹിത്യത്തിലൂടെയും പ്രചരിപ്പിക്കപ്പെട്ടത്. ഇതിനുത്തമ ദൃഷ്ടാന്തമാണ് ഒ. ചന്തുമേനോന്റെ ഇന്ദുലേഖ. നവീന വിദ്യാഭ്യാസം ലഭിച്ച സ്ത്രീയായിരുന്നിട്ടും സ്വന്തമായി തീരുമാനങ്ങൾ എടുക്കാനുള്ള കഴിവുണ്ടായിരുന്നിട്ടും ഇന്ദുലേഖയ്ക്ക് ഭർത്താവായ മാധവനെ പിന്തുടർന്ന് മദിരാശിയിലേയ്ക്ക് പോകേണ്ടിവന്നു. ഇതു നോവലിന്റെ പ്രത്യയശാസ്ത്രം മാത്രമല്ല പുരുഷാധിപത്യ സമൂഹത്തിന്റെ ആഗ്രഹം കൂടിയായിരുന്നു. പൊതുരംഗത്തെന്നപോലെതന്നെ സാഹിത്യരംഗത്തും സ്ത്രീയുടെ കടന്നുവരവിനെ പ്രതിരോധിക്കാനാണ് പുരുഷാധിപത്യസമൂഹം താല്പര്യപ്പെട്ടത്.

അസമത്വം നിറഞ്ഞ സാഹിത്യമണ്ഡലത്തിലേക്കു എത്തിച്ചേർന്ന സ്ത്രീകൾക്ക് ചെറിയ പ്രതിരോധങ്ങളല്ല നേരിടേണ്ടിവന്നത്. എഴുത്തിലൂടെ ചെറിയ പരിഹാസങ്ങളും എതിർപ്പുകളുമല്ല

**"ഭാരതത്തിൽ ഏറ്റവും സ്വാതന്ത്ര്യം കൂടിയവരാണ് (ചില സമുദായങ്ങളൊഴിച്ചാൽ) കേരള സ്ത്രീകൾ എന്നു പറയപ്പെടാറുണ്ട്. പക്ഷേ, ഇവിടെയും അവർ എന്നും സാഹിത്യലോകത്തിൽ പട്ടികജാതി, പട്ടികവർഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടും തൊടീലുമുണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തുകേട്ടുകൂടാ എന്നാണു വിധി"**

ആദ്യകാല എഴുത്തുകാരികൾക്ക് നേരിടേണ്ടിവന്നത്. അവരെ അപമാനിക്കാനായി കഥകൾ എഴുതിയ സാഹിത്യകാരന്മാർ വരെ മലയാളത്തിലുണ്ടായിട്ടുണ്ട്. ലളിതാംബിക അന്തർജ്ജനത്തെ പരിഹസിച്ചുകൊണ്ട് തകഴി എഴുതിയ ആദർശാത്മകത്വം എന്ന കഥ ഇതിനുദാഹരണമാണ്. പിന്നീടു വന്ന ഏതൊരെഴുത്തുകാരിക്കു നേരെയും പുരുഷാധിപത്യസമൂഹ പ്രതിനിധികൾ ചെളിവാരിയെറിഞ്ഞിട്ടുണ്ട്.

പുഴുക്കുത്തുകളുള്ള വാക്കുകളുപയോഗിച്ച് വിമർശിച്ചിട്ടുണ്ട്. തരംപോലെ കല്ലെറിഞ്ഞിട്ടുമുണ്ട്. ഇതിന്റെ മറ്റൊരു ഇരയായിരുന്നു മാധവിക്കുട്ടി. സദാചാരബോധത്തെയും സമൂഹത്തിന്റെ സ്ത്രീവിരുദ്ധ മനോഭാവത്തെയും തുറന്നെഴുതിയ തന്റെ കൃതികളിലൂടെ അവർ നേടിയെടുത്തത് ഒരു പെൺലോകത്തിന്റെ സൃഷ്ടിയാണ്. പിൽക്കാല സ്ത്രീ രചനകളെ നിർണ്ണയിക്കാനും പ്രചോദിപ്പിക്കാനും അവർക്ക് കഴിഞ്ഞത് സ്വയം ബലിയാടായിക്കൊണ്ടുതന്നെയാണ്. പുറം ലോകത്തോടൊപ്പം കുടുംബത്തിന്റെയും പ്രതിഷേധങ്ങളെ നേരിട്ടാണ് എഴുത്തുകാരികൾ മലയാളത്തിൽ ഉയർന്നുവന്നത്.

സമൂഹത്തിന്റെ അവഗണന നേരിടുന്ന ഒന്നായിരുന്നു സ്ത്രീയുടെ ആവിഷ്കാരങ്ങളും നിലപാടുകളും. വ്യക്തി എന്ന നിലയ്ക്ക് അസ്തിത്വമോ അവകാശമോ ഇല്ലാത്ത സ്ത്രീകളെ സംബന്ധിച്ചിടത്തോളം എഴുത്തെന്നത് വ്യക്തിത്വത്തിന്റെയും സ്വയാധികാരത്തിന്റെയും പ്രഖ്യാപനമായിരുന്നു (Spender, Dale, 1986 :3). അതുകൊണ്ടുതന്നെ



എലൈൻ ഷോവാൾട്ടർ

സ്ത്രീയെ സംബന്ധിച്ചിടത്തോളം ആവിഷ്കരണ മാധ്യമം തന്നെ ഒരു വെല്ലുവിളിയായിരുന്നു. ഇതേക്കുറിച്ച് എലൈൻ ഷോവാൾട്ടർ ഇങ്ങനെ എഴുതുന്നു. "എഴുത്തിന്റെ മേഖല ആദ്യം തന്നെ സ്ത്രീകൾക്ക് തുറന്ന് കൊടുക്കേണ്ടതായിരുന്നു. എഴുത്തുകാരിയുടെ പദവി കുറെക്കാലമായി സ്ത്രീകളുടെ കഴിവിനെയും അവകാശങ്ങളെയും കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിനെ സൂചിപ്പിക്കുന്ന സൂചകമായിട്ടുണ്ട്. ഒരു കാലത്തും എഴുത്ത് സ്ത്രീകൾക്ക് അസാധ്യമായ ഒന്നായി കണക്കാക്കപ്പെട്ടിട്ടില്ല. എങ്കിലും എഴുത്തുകാരികൾക്ക് എല്ലായ്പ്പോഴും പുരുഷൻമാരേക്കാൾ കൂടുതൽ രൂക്ഷമായ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്''(1971:3). അതായത് ഓരോ കാലഘട്ടത്തിൽ ജീവിക്കുമ്പോഴും സ്ത്രീക്കും പുരുഷനും എഴുത്തിന്റെ മേഖല വ്യത്യസ്മായ അനുഭവങ്ങളായിരുന്നു. ചുരുക്കത്തിൽ പുരുഷന് അന്യവും അചിന്ത്യവുമായ അനുഭവലോകത്തിന്റെ പ്രതിനിധാനമാണ് സ്ത്രീ രചനയിലുള്ളത്.

സമൂഹത്തിലെ രണ്ടാംകിട പദവിയും അനുശാസനങ്ങളും സ്ത്രീ ജീവിതത്തെ പുരുഷന്റെ അടിമയാക്കിത്തീർത്തു. സ്ത്രീ രചനയിൽ കാണുന്ന അർത്ഥസന്ദിഗ്ദ്ധതയും അഭിപ്രായങ്ങളുടെ കാര്യത്തിലുള്ള ചാഞ്ചല്യവും സ്ത്രീവർഗം അനുഭവിച്ചുവരുന്ന അടിച്ചമർത്തലിന്റെ ഫലമാണെന്ന് ലൂസി ഇരിഗറെ നിരീക്ഷിക്കുന്നുണ്ട് (1994 :17). സമൂഹത്തിന്റെ ഇതര വ്യവസ്ഥിതികളോട് കലഹിക്കുന്ന സ്ത്രീസ്വത്വത്തിന്റെയും സമൂഹത്തിന്റെയും ശരിതെറ്റുകൾ വ്യത്യസ്തമാകുമ്പോൾ വ്യക്തി ജീവിതം സംഘർഷങ്ങൾ നിറഞ്ഞ ഒന്നായിത്തീരുന്നു. എഴുത്തുകാരി എന്ന സ്വത്വത്തിൽ നിന്നുകൊണ്ട് സ്ത്രീക്ക് നേരിടേണ്ടിവന്ന ഇത്തരം സംഘർഷങ്ങളെ സ്വന്തം കൃതികളിലൂടെ/ആത്മകഥകളിലൂടെ എഴുത്തുകാരികൾ വിവരിക്കുന്നുണ്ട്. ലളിതാംബിക അന്തർജനത്തിന്റെ ആത്മകഥയ്ക്ക് ഒരാമുഖം (1979), മാധവിക്കുട്ടിയുടെ എന്റെ കഥ (1982), എന്നീ ആത്മകഥകളിലൂടെ ഇത്തരം അടയാളപ്പെടുത്തലുകളെ വായിച്ചെടുക്കാനുള്ള ശ്രമമാണ് ഈ ലേഖനത്തിലൂടെ നടത്തുന്നത്. എഴുത്തിന്റെ മേഖലയിൽ സ്ത്രീ നേരിടേണ്ടി വരുന്ന സ്വത്വസംഘർഷങ്ങളും ആത്മകഥയെന്ന മാധ്യമത്തോടുള്ള എഴുത്തുകാരിയുടെ സമീപനങ്ങളും സ്ത്രീകളുടെ സാമൂഹിക അവസ്ഥകളും സാംസ്കാരിക-രാഷ്ട്രീയ ചലനങ്ങളും ഇവരുടെ ആത്മകഥകളിൽ പ്രതിനിധാനം ചെയ്യപ്പെടുന്നുണ്ട്.

സ്ത്രീയുടെ ആത്മപ്രകാശന മാധ്യമമായ സാഹിത്യത്തെ അഥവാ പെൺരചനകളെ സമൂഹം അത്ര താത്പര്യത്തോടെയല്ല നോക്കിക്കണ്ടത്. അതുകൊണ്ടു തന്നെ അവർക്ക് നിരവധി പ്രതിസന്ധികളും നേരിടേണ്ടതായി വന്നു. എഴുത്തുകാരി എന്ന നിലയിൽ സമൂഹത്തിനകത്തും പുറത്തും നേരിടേണ്ടി വന്ന ഇത്തരം സംഘർഷങ്ങളെക്കുറിച്ച് ലളിതാംബികയും മാധവിക്കുട്ടിയും സി.മേരി ബനീഞ്ഞയും എഴുതുന്നുണ്ട്. "ഭാരതത്തിൽ ഏറ്റവും സ്വാതന്ത്ര്യം കൂടിയവരാണ് (ചില സമുദായങ്ങളൊഴിച്ചാൽ) കേരള സ്ത്രീകൾ എന്നു പറയപ്പെടാറുണ്ട്. പക്ഷേ, ഇവിടെയും അവർ എന്നും സാഹിത്യലോകത്തിൽ പട്ടികജാതി, പട്ടികവർഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടും തൊടീലുമുണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തുകേട്ടുകൂടാ എന്നാണു വിധി" (1979:92). എഴുത്തുകാരിക്ക് അത്യാവശ്യം വേണ്ടത് സ്വാതന്ത്ര്യമാണെന്നും കുടുംബ ബന്ധങ്ങളെപ്പോലും തച്ചുടച്ചുകൊണ്ട് വേണ്ടി വന്നാൽ എന്തും ധിക്കരിക്കുവാനുള്ള സ്വാതന്ത്ര്യം ആണ് സ്ത്രീക്ക് വേണ്ടതെന്നും ലളിതാംബിക പറയുന്നുണ്ട്.

പെണ്ണിനെതിരെയുള്ള എഴുത്തുകൾക്കെതിരെ ബോധപൂർവ്വമുണ്ടായ ഈ പെൺപ്രതികരണങ്ങൾ പെണ്ണിന്റെ എഴുത്തിനും സർഗാത്മകതയ്ക്കും വേണ്ടിയുള്ള അബോധമായ വാദങ്ങളായിരുന്നു. കാരണം സർഗാത്മകത മുഖ്യമായും ഒരു പുരുഷഗുണമായാണ് കൊണ്ടാടപ്പെട്ടത് (ഗീത, 2010:34). സാഹിത്യലോകത്ത് സ്ത്രീ എന്നും

രണ്ടാം സ്ഥാനക്കാരിയാണെന്നും ഒന്നാം സ്ഥാനം എന്നും പുരുഷൻ കൈയടക്കി വച്ചതിന്റെ ഭാഗമായാണ് സമൂഹത്തിന് 'എഴുത്തുകാരികൾ' നഷ്ടപ്പെട്ടു പോയതെന്നും ലളിതാംബിക കൂട്ടിച്ചേർക്കുന്നു (1979:92). താൻ എഴുതിത്തുടങ്ങിയ കാലത്ത് സ്ത്രീകൾ ഭക്തിമാർഗത്തിലുള്ള കവിതയല്ലാതെ വേറെന്തെങ്കിലും എഴുതിയാൽ സമുദായത്തിന്റെ നോട്ടപ്പുള്ളികളായിത്തീരുമെന്നും അന്തർജ്ജനം എഴുതുന്നുണ്ട്. മുപ്പത്തിയഞ്ച് വർഷങ്ങൾക്കു ശേഷം മാധവിക്കുട്ടിയെപ്പോലെയുള്ളവർ സാഹിത്യ സൃഷ്ടികളിൽ ഇടപെടുന്നത് കാണുമ്പോൾ അത്, 'കാലത്തിന്റെ മാറ്റം സമൂഹത്തിൽ വരുത്തുന്ന പരിവർത്തനത്തിന്റെ ഉത്തമോദാഹരണമാണ് ഈ വസ്തുത' (1979 : 24)യെന്ന് അവർ തിരിച്ചറിയുന്നു.



"വിശുദ്ധമായ ഒരു കൂടിക്കാഴ്ചയായിരിക്കും വായനക്കാരനും എന്റെ ആത്മാവും തമ്മിലുള്ള സമാഗമമെന്നു ഞാൻ വിശ്വസിക്കുന്നു"

ഒരു എഴുത്തുകാരി എന്ന നിലയിൽ സമൂഹത്തിൽ തനിക്ക് നേരിടേണ്ടി വന്ന പ്രശ്നങ്ങളെക്കുറിച്ചവർ തുറന്നെഴുതുന്നുണ്ട്. "എന്നെപ്പോലുള്ള ഒരു സ്ത്രീക്ക് ഒരു കലാകാരിണിയെന്ന ബിരുദം കിട്ടുക അത്ര എളുപ്പമൊന്നുമല്ല. കിട്ടിയാൽ തന്നെ അതുവച്ചുപുലർത്തുക അത്രയും കൂടി എളുപ്പമല്ല-സുഖകരവുമല്ല. ഒരു കലാജീവിതത്തെ ചൂഴുന്ന നിരവധി സംശയങ്ങൾ-അസ്വാതന്ത്ര്യങ്ങൾ-പേടികൾ- പുരുഷനാണെങ്കിൽ നിസ്സംശയം ചവിട്ടിമെതിക്കാവുന്ന ആ മുൾപ്പടർപ്പുകളിലൂടെ-ഞങ്ങൾ സ്ത്രീകൾ-എത്ര കരുതലോടെ-ഭയാശങ്കകളോടെ- നൂഴ്ന്നു നൂഴ്ന്നു കയറിപ്പോകണം. ഒരു കലാഹൃദയത്തിന്റെ സ്വച്ഛന്ദമായ വികസനത്തിന് ഏറ്റവും വലിയ ശത്രുവാണീ ഭയം. എങ്കിലും ഞങ്ങൾക്കു പേടിക്കാതെ കഴിയില്ല" (1979:102). സമൂഹത്തെക്കുറിച്ചുള്ള ഈ ഭയം അന്തർജ്ജനത്തിന്റെ മാത്രമല്ല, അക്കാലത്തെ മുഴുവൻ സ്ത്രീജനങ്ങളുടേതുമായിരുന്നു. എഴുത്തുകാരി എന്ന നിലയിലും ഒരു സാധാരണ സ്ത്രീയെന്ന നിലയിലും സമൂഹത്തിനോടുള്ള/സമുദായത്തിനോടുള്ള ഭയാശങ്കകൾ ലളിതാംബിക പങ്കുവെക്കുന്നുണ്ട്. "തൂലികയെ നാരായമാക്കുന്നവർ അതിന്റെ സൂച്യഗ്ര തീക്ഷ്ണമായ മുനകൊണ്ട് സ്വന്തം ഹൃദയത്തിലും മുറിവേല്പിക്കുന്നു. അങ്ങനെ പറഞ്ഞതു നന്നായില്ല. ഇങ്ങനെ എഴുതിയതു ശരിയായില്ല. അവർ പിണങ്ങുമോ? ഇവർ തെറ്റിദ്ധരിക്കുമോ? ഇങ്ങനെ ആത്മനിന്ദയുടെ എരിപൊരിയാണെപ്പോഴും" (1979:25). സ്ത്രീ, സാഹിത്യരചനക്ക് തയ്യാറാകുമ്പോൾ സമൂഹത്തോടും സമുദായത്തോടുമുള്ള ഭയം എന്നും അവളിലെ എഴുത്തുകാരി എന്ന സ്വത്വത്തിനുണ്ടായിന്നുവെന്ന് തെളിയിക്കുന്നവയാണിത്തരം ആഖ്യാനങ്ങൾ.



എഴുത്തിന്റെ മേഖലയിൽ സ്ത്രീക്കു നേരിടേണ്ടിവരുന്ന ഈ സ്വത്വസംഘർഷങ്ങളെക്കുറിച്ച് മാധവിക്കുട്ടിയും 'എന്റെ കഥ'യിൽ എഴുതുന്നുണ്ട്. സമൂഹത്തിന്റെ യാഥാസ്ഥിതിക ചുറ്റുപാടിൽ നിന്നും വ്യതിചലിക്കുന്ന എഴുത്തുമായി കടന്നുവന്ന മാധവിക്കുട്ടിയ്ക്ക് നേരിടേണ്ടിവന്ന എതിർപ്പുകൾ നിരവധിയായിരുന്നു. പക്ഷേ, സ്ത്രീയെന്ന നിലക്കുള്ള തന്റെ എഴുത്തിനെ അവർ ശരീരഭാഷകൊണ്ട് സമ്പന്നമാക്കി. "കുത്തുവാക്കുകളേറ്റ് ഞാൻ വേദനിക്കുമ്പോഴും ശരീരത്തിന്റെ വേദനയിൽ വേദനിക്കുമ്പോഴും ഞാൻ വിചാരിക്കും എന്റെ സാഹിത്യരചന എന്റെ ഏറ്റവും വലിയ വേദനയാണെന്ന്. അറിഞ്ഞുകൊണ്ട് വേദന ഉപയോഗിച്ച് ചെയ്യുന്ന യജ്ഞമാണ്" എന്ന് ഒരഭിമുഖ സംഭാഷണത്തിൽ മാധവിക്കുട്ടി പറയുന്നുണ്ട് (അർഷാദ്, ബത്തേരി, 2005:17). സമൂഹം നിശ്ചയിച്ചിട്ടുള്ള ചട്ടക്കൂടുകളിൽ നിന്നും വ്യതിചലിക്കുന്ന യാതൊരു സ്ത്രീസ്വത്വത്തെയും സമൂഹം അംഗീകരിക്കാറില്ല. "മാധവിക്കുട്ടി ഒരു eccentric അഥവാ താന്തോന്നി ആണ് എന്ന രീതിയിലാണ് സാഹിത്യ പ്രമാണിമാർ പ്രതികരിച്ചിരുന്നതെന്ന്" സക്കറിയ എഴുതുന്നുണ്ട് (2010: 23). സദാചാരത്തിന്റെ പേരിൽ സ്ത്രീ ശരീരത്തെ വിലക്കുകൾകൊണ്ട് മൂടിവയ്ക്കാനാണ് സമൂഹം എപ്പോഴും താൽപ്പര്യപ്പെട്ടിട്ടുള്ളത്. ഇതിനെതിരെയുള്ള കലാപമായിരുന്നു മാധവിക്കുട്ടിയുടെ രചനകൾ.

"മനുഷ്യാത്മാവിലല്ലെങ്കിൽ മനുഷ്യമനസ്സിലെങ്കിലും കെട്ടിപ്പടുത്തതായിരിക്കണം സദാചാരം"

(2008:69) എന്ന അവരുടെ അഭിപ്രായം പ്രസക്തമാണ്. ഒരെഴുത്തുകാരി ആയതുകൊണ്ടാണ് തനിക്ക് ഈ സദാചാരപ്പുതപ്പിനടിയിൽ ഒരിടം കിട്ടാതെ പോയതെന്നും മാധവിക്കുട്ടി തിരിച്ചറിയുന്നുണ്ട്. പക്ഷേ, എഴുത്തുകാരി എന്ന സ്വത്വത്തിൽ നിന്നുകൊണ്ട്, നിലവിലുള്ള സദാചാര സങ്കല്പങ്ങളെ എതിരിടുന്നതിൽ അവർ പ്രത്യേകം ശ്രദ്ധിച്ചു. ശരീരത്തിന്റെ അനാവരണം നടത്തി ആത്മാവിനെ കണ്ടെടുക്കാനുള്ള ശ്രമമാണ് 'എന്റെ കഥ'. ഇതിലൂടെ "വിശുദ്ധമായ ഒരു കൂടിക്കാഴ്ചയായിരിക്കും വായനക്കാരനും എന്റെ ആത്മാവും തമ്മിലുള്ള സമാഗമമെന്നു ഞാൻ വിശ്വസിക്കുന്നു" (2008:71) എന്നാണ് അവർ എഴുതുന്നത്.

നിലനിൽക്കുന്ന സാമൂഹ്യമണ്ഡലത്തിലെ ഭാഷ തനിക്ക് അന്യമാണെന്നും, ഉൾലോകത്തിന്റെതായ ഒരു ശരീരഭാഷ സ്ത്രീക്കുണ്ടെന്നും ആ ഭാഷ കൊണ്ടുള്ള സംവേദനങ്ങൾ പുരുഷാധിപത്യത്തിന് അത്ര പ്രിയങ്കരമായിരിക്കില്ലെന്നും മാധവിക്കുട്ടി മനസ്സിലാക്കുന്നുണ്ട്. 'സാഹിത്യകാരൻ ഭാവിയുമായി മോതിരം മാറി വിവാഹനിശ്ചയം കഴിഞ്ഞ ഒരു വ്യക്തിയാണ്. അയാൾ സംസാരിക്കുന്നത് നിങ്ങളോടല്ല. നിങ്ങളുടെ പിൻതലമുറക്കാരോടാണ്.



നളിനി ജമീല

ആ ബോധം തന്റെ മനസ്സിൽ ഉള്ളതുകൊണ്ടാണ് നിങ്ങളിൽ ചിലർ എറിയുന്ന കല്ലുകൾ അയാളുടെ ശരീരത്തെ നോവിക്കുമ്പോഴും അയാൾ നിശ്ശബ്ദനാവാത്തത്' (2008:70). ബുദ്ധിയുടേയും ഭാവനയുടേയും ഭാഷയുടേയും വികാരങ്ങളുടേയും ഒരു സ്ത്രീ ആധുനികത മലയാളത്തിലേക്ക് കൊണ്ടുവരാനായതാണ് മാധവിക്കുട്ടിയുടെ നേട്ടമെന്ന് സക്കറിയ എഴുതുന്നതിതുകൊണ്ടാണ് (2010:24).

പൊതുഇടങ്ങൾ തങ്ങൾക്ക് നിഷേധിച്ച പുരുഷാധിപത്യസമൂഹത്തിനെതിരെയുള്ള പ്രതിഷേധമായിരുന്നു സ്ത്രീയുടെ സർഗ്ഗാത്മക രചനകൾ. സ്ത്രീസ്വത്വങ്ങളുടെ അസ്വസ്ഥതകളുടേയും സംഘർഷങ്ങളുടേയും കഥയാണ് ഓരോ എഴുത്തുകാരിയും തന്റെ രചനകളിലൂടെ സമൂഹത്തോടു പറഞ്ഞത്. കവിത, നാടകം, നോവൽ, ചെറുകഥ, ലേഖനങ്ങൾ എന്നിവയിലൂടെയെല്ലാം സ്ത്രീ അസമത്വങ്ങൾക്കെതിരെ ശബ്ദമുയർത്തുകയുണ്ടായി. അത്തരം രചനകളിലൂടെ സ്ത്രീയുടെ സാമൂഹികാവസ്ഥകളെ അവർ തുറന്നെഴുതുകയും പൊതുജന ശ്രദ്ധയിലവയെ ഉൾപ്പെടുത്തുകയും ചെയ്തു. ആത്മകഥ ഒരു പ്രതിഷേധ മാധ്യമമായി സ്ത്രീ എഴുത്തുകാർ സ്വീകരിച്ചത് രണ്ടായിരത്തിനുശേഷമാണ്. അതുവരെ ഭാവനയുടെ തണലിലല്ലാതെ തന്റെ ജീവിതത്തിന്റെ നേർവിവരണങ്ങൾ പകർത്താൻ എഴുത്തുകാരികൾക്കും സങ്കോചമായിരുന്നു. നമ്പൂതിരിസ്ത്രീകളുടെ പുതപ്പും മറക്കുടയും ഉപേക്ഷിച്ച ധീരവനിതയായിരുന്ന ലളിതാംബിക അന്തർജ്ജനത്തിനുപോലും ആത്മകഥാക്കുറിപ്പുകളെഴുതി പ്രസിദ്ധീകരിക്കാൻ 1979 വരെ ഭയമായിരുന്നു. 1973 ൽ പ്രസിദ്ധീകരിക്കപ്പെട്ട മാധവിക്കുട്ടിയുടെ ആത്മകഥയാണ് ഇതിനു മാറ്റം വരുത്തിയത്. 'എന്റെ കഥ'യുടെ പ്രസിദ്ധീകരണ ശേഷമാണ് ഒരു സജീവ രചനാമാധ്യമമായി ആത്മകഥയെ സ്ത്രീകൾ സ്വീകരിച്ചത്. മലയാളത്തിലെ സ്ത്രീ ആത്മകഥകളുടെ വളർച്ച പരിശോധിച്ചാൽ ആത്മകഥകളുടെ ഒരു പിന്തുടർച്ചാക്രമം ഉണ്ടാകുന്നത് 'എന്റെ കഥ'യ്ക്കുശേഷമാണെന്നു കാണാം. രണ്ടായിരത്തിനുശേഷം സ്ത്രീയ്ക്കു സ്വയം ആവിഷ്ക്കരിക്കാനുള്ള ഒരു പ്രധാന മാധ്യമമായി ആത്മകഥ പരിണമിച്ചിട്ടുണ്ട്. സമൂഹത്തോട് തനിക്ക് പറയാനുള്ളതെല്ലാം തുറന്നെഴുതാനുള്ള സജീവ മാധ്യമമായി ആത്മകഥ മാറിയതിന് ഉദാഹരണമാണ് നളിനി ജമീലയുടേയും സി. ജെസ്മിയുടേയും ആത്മകഥാരചനകൾ. അതുവരെ ഇടപെടാൻ കഴിയാതിരുന്ന സമൂഹമധ്യത്തിലേക്കാണ് ലൈംഗിക തൊഴിലാളിയുടേയും കന്യാസ്ത്രീയുടേയും ആത്മകഥ കടന്നുചെല്ലുന്നത്. സമൂഹത്തിന്റെ തടവറകളോടും സ്ത്രീവിരുദ്ധ മനോഭാവത്തിനോടുമുള്ള പ്രതിഷേധക്കുറിപ്പുകളായി ഇവർ തങ്ങളുടെ ആത്മകഥയെ പരിണമിപ്പിക്കുന്നു.


***സഹായക ഗ്രന്ഥങ്ങൾ***

1. അർഷാദ്, ബത്തേരി, 2005 ജനുവരി-2-8, 'ആദ്യവും അവസാനവും ഞാൻ മാധവിക്കുട്ടി- മാധവിക്കുട്ടിയുമായി അഭിമുഖം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, കോഴിക്കോട്.
2. ഗീത, 2010, പെൺകാലങ്ങൾ, കറന്റ്ബുക്സ്, തൃശൂർ.
3. മാധവിക്കുട്ടി, 2008, എന്റെ കഥ, കറന്റ്ബുക്സ്, തൃശൂർ, വിജ്ഞാനകൈരളി മാസിക, തിരുവനന്തപുരം.
4. ലളിതാംബിക അന്തർജ്ജനം, 1979, ആത്മകഥയ്ക്ക് ഒരാമുഖം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
5. സക്കറിയ, 2010 ഏപ്രിൽ 18-24, 'മാധവിക്കുട്ടി: ഒറ്റയാളായിരിക്കുന്ന അവസ്ഥ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, കോഴിക്കോട്.
6. സാറാ, ജോസഫ്, 1998 ജൂലൈ, 'പെൺവഴിരചനയുടെ മെയ്യും ഉയിരും', ഭാഷാപോഷിണി മാസിക, കോട്ടയം.
7. Irrigaray, Luce, 1994, Thinking The Difference: For a Peaceful Revolution, Routledge, NewYork.
8. Showalter, Elaine, 1971, Women's liberation and literature, Harcourt Brace, Jovanovich, Inc. NewYork.
9. Splender, Dale, 1986, Mothers of the Novel, Pandora Press, London.


■



അഖില അനൂരൂപ്
.........

# അഭിനേത്രി ആത്മകഥയിലെ അപരത്വങ്ങൾ





ഒരു വ്യക്തിയുടെ ജീവിതം അതതു കാലത്തെ വ്യവസ്ഥകളോടുള്ള സമരമോ സമരസപ്പെടലോ ആണ്. അതുകൊണ്ടു തന്നെ ആത്മകഥകളിൽ ചുരുൾ നിവരുന്നത് ഒരു ജീവിതം മാത്രമല്ല, ആ വ്യക്തിയെ ചൂഴ്ന്നുനിന്ന സാമൂഹിക സാംസ്കാരിക രാഷ്ട്രീയചരിത്രം കൂടിയാണ്. അങ്ങനെ നോക്കുമ്പോൾ ഒരു ചലച്ചിത്രനടിയുടെ ആത്മകഥ മലയാള സിനിമയുടേയും കേരള സമൂഹത്തിന്റെ കലാസാംസ്കാരിക ജീവിതത്തിന്റെയും കൂടി പരിച്ഛേദങ്ങളാണ്. ഒരു അഭിനേത്രി എന്ന നിലയിൽ തങ്ങളുടെ സ്വത്വത്തെ തിരിച്ചറിയുകയും അടയാളപ്പെടുത്തുകയുമാണ് ആത്മകഥകളിൽ അവർ ചെയ്യുന്നത്.

ആദ്യനായികയെ അവഗണനയുടെ ചതുപ്പിലേക്കെറിഞ്ഞുകൊണ്ടാണ് മലയാള സിനിമയുടെ ചരിത്രം തന്നെ ആരംഭിക്കുന്നത്. സ്ത്രീകൾക്ക് ആസ്വദിക്കാൻ കൂടി നിഷിദ്ധവും അപ്രാപ്യവുമായിരുന്ന സിനിമയിലേക്ക് തങ്ങളുടേതായ ഇടം കണ്ടെത്തി സ്ത്രീകൾ കടന്നുവന്നു. ഇന്ന് ഒരു കലാമേഖല എന്നതുപോലെതന്നെ തൊഴിലിടം കൂടിയായി സിനിമ തിരിച്ചറിയപ്പെടുന്നു. സിനിമയിലെ സ്ത്രീ പ്രതിനിധാനങ്ങളെക്കുറിച്ചും ആഖ്യാനത്തിന്റെ അടരുകളുടെ ആണധികാര രാഷ്ട്രീയത്തെക്കുറിച്ചുമുള്ള ചർച്ചകൾ ഇന്ന് സജീവമാണ്. ചമയങ്ങളില്ലാത്ത ജീവിതയാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഒരു നടിയുടെ താരവ്യക്തിത്വം ആ ഉദ്യമം എങ്ങനെ നിറവേറ്റുന്നു എന്നത് ഒരു സവിശേഷ രാഷ്ട്രീയ നിലപാടുകൂടിയാണ്.

നൈസർഗികമായ അഭിനയചാതുര്യം കൊണ്ട് മലയാളസിനിമയുടെ ഇഷ്ടനായികയായി മാറിയ ഉർവശിയുടെയും അയത്നലളിതമായ അഭിനയ മികവുകൊണ്ട് മലയാളസിനിമയിൽ

എക്കാലത്തും ഇടം കണ്ടെത്തിയ കെ പി എ സി ലളിതയുടെയും ആത്മകഥകളിൽ സിനിമയും ജീവിതവും ഇഴചേർന്നു കിടപ്പുണ്ട്. ആദ്യമായി നായികയായി എത്തുന്ന 'മുന്താണി മുടിച്ച്' എന്ന ഭാഗ്യരാജ് ചിത്രത്തിന്റെ ചിത്രീകരണത്തിനിടയിലാണത്രേ ഉർവശി ഋതുമതിയാകുന്നത്. ഒരു പതിമൂന്നുകാരിയുടെ ശരീരത്തിനോ മനോവ്യാപാരത്തിനോ ഇണങ്ങാത്ത ആ കഥാപാത്രത്തിനോടു പുലർത്തിയ നീതിയാണ് അവരെ വളരെ വേഗം തെന്നിന്ത്യയിലെ തിരക്കുള്ള നടിയാക്കി മാറ്റിയത്. 'കവിത'യിൽ നിന്ന് 'ഉർവശി'യിലേക്കുള്ള ജീവിതയാത്രയിൽ നഷ്ടപ്പെടുത്തിയവയെക്കുറിച്ചുള്ള ആവലാതികളാണ് ആത്മകഥയിൽ നിറയുന്നത്. ഒരിക്കലും ഒരു നടിയാകാൻ അവർ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ ജീവിതത്തിലെ കടുത്ത പ്രതിസന്ധികളിൽ താൻ സിനിമയിൽ കെട്ടിയാടിയ കഥാപാത്രങ്ങളുടെ ആത്മബലത്തെ കടമെടുക്കാൻ അവർ ശ്രമിച്ചു. ഒരു 'സെലിബ്രിറ്റി'യുടെ താരസൗഭാഗ്യങ്ങൾ ചേതപ്പെടുത്തുന്ന സ്വകാര്യതയെ ച്ചൊല്ലി അവർ വല്ലാതെ ദു:ഖിക്കുന്നുണ്ട്. അവരുടെ ആത്മകഥയിൽ കടന്നുവരുന്ന സിൽക്ക് സ്മിത, ഉണ്ണിമേരി തുടങ്ങിയ നടിമാരുടെ ജീവതചരിത്രങ്ങളും കടുത്ത അതൃപ്തിയുടേതാണ്.

മലയാളസിനിമയുടെ വികാസപരിണാമങ്ങളുടെ ചരിത്രത്തിൽക്കൂടിയാണ് ലളിതയുടെ ആത്മകഥ സഞ്ചരിക്കുന്നത്. മലയാളസിനിമയുടെ വരേണ്യസൗന്ദര്യ സങ്കല്പം പടിക്കകത്തു കയറ്റിയിരുന്നെങ്കിൽ ഒരു നായികനടിയുടെ കസേര




**അഭിനയമോഹവുമായി കോടമ്പാക്കത്തെയും ചെന്നൈയിലെയും തെരുവുകളിൽ പൈപ്പുവെള്ളം കുടിച്ച് അലഞ്ഞുതിരിഞ്ഞു പിന്നീട് താരോദയം നടത്തിയ നായകൻമാരുടെ കഥകൾ നമുക്ക് അപരിചിതമല്ല. പുരുഷന്റെ അഭിനയമോഹം 'പാഷൻ' ആയി ഗ്രഹിക്കാനാകുന്ന സാമൂഹികസദാചാരത്തിന്, സ്ത്രീയുടെ അഭിനയമോഹത്തിന് കുടുംബത്തിലെ ദാരിദ്ര്യത്തിന്റെ പിൻബലം വേണം.**

തന്നെ അവർക്ക് വലിച്ചിടാമായിരുന്നു. അടൂർഭാസി എന്ന നടൻ തന്റെ അവസരങ്ങൾ തട്ടിത്തെറിപ്പിച്ചതും വഴങ്ങാൻ ആവശ്യപ്പെടുന്നതുമായ അനുഭവങ്ങൾ പങ്കുവെയ്ക്കുമ്പോഴും കടുത്ത രോഷത്തിന്റേതായ ശബ്ദമല്ല ലളിതയിൽ നിന്നുയരുന്നത്. അന്നത്തെ ചലച്ചിത്രസംഘടനകളോ മറ്റാരെങ്കിലുമോ അവരെ ഈ പ്രയത്നത്തിൽ സഹായിച്ചില്ലത്രേ. ഇത്രയും ദുരനുഭവങ്ങൾ ഉണ്ടായിട്ടും സിനിമയിലെ ഈ അവ്യവസ്ഥയെ വളരെ സ്വാഭാവികമായാണ് അവർ കാണുന്നതെന്നു വേണം കരുതാൻ. WCC പോലൊരു സ്ത്രീകൂട്ടായ്മയിൽ അവർ ഇന്നും അംഗമല്ലെന്നത് ശ്രദ്ധേയമാണ്. കുശലം പറയുന്ന സാധാരണഭാഷയിൽ അവർ അവരുടെ ജീവിതത്തെ ആത്മകഥയിൽ അവതരിപ്പിക്കുന്നു.

മലയാളസിനിമയുടെ തീർത്തും വ്യത്യസ്തമായ ഒരു വശമാണ് ഷക്കീലയുടെ ആത്മകഥയിൽ അനാവൃതമാകുന്നത്. ഉർവശിയെക്കാളും കെ. പി. എ.സി ലളിതയെക്കാളും ഒരു പക്ഷേ ചലച്ചിത്രനടിയാകണമെന്ന് ആഗ്രഹിച്ചത് ഷക്കീലയാണ്. തന്റെ പേരിൽ ഒരു Genre തന്നെ സൃഷ്ടിച്ച നടിയാണ് ഷക്കീല. ജീവിതത്തിലും സിനിമയിലും തുടർച്ചയായി വഞ്ചിക്കപ്പെട്ടുപോയതിന്റെ കഥയാണ് ഷക്കീലയ്ക്കു പറയാനുള്ളത്. സിനിമയുടെ സാമാന്യ ആഖ്യാനത്തിൽത്തന്നെ സ്ത്രീശരീരത്തെ പ്രണയിക്കേണ്ടതും കാമിക്കേണ്ടതും എന്ന നിലയിൽ രണ്ടായി പകുത്തു വച്ചിട്ടുണ്ട്.

ഷക്കീലയെ കാത്തിരുന്നത് ഈ രണ്ടാം പാതിയാണ്. 'ഛോട്ടാ മുംബൈ'യിലെ ഷക്കീല




യുടെ ഒരു രംഗം അവരുടെതന്നെ ജീവിതത്തിന്റെ സിനോപ്സിസാണ്. സോഫ്റ്റ് പോൺ സിനിമകളിലെ അഭിനയം നിർത്തിയ ഷക്കീലയെ സിനിമ നിർദയം കൈയൊഴിഞ്ഞതിന്റെ ചിത്രമാണ് ആ രംഗത്തിൽ കാണാൻ കഴിയുന്നത്. മലയാളസിനിമയിൽ തന്റെ പേര് ഒരു ബ്രാൻഡാക്കി മാറ്റിയ ഷക്കീലയെ പക്ഷേ ജാഗ്രതയോടെ തന്നെ മലയാളിതങ്ങളുടെ കുലസ്ത്രീസങ്കല്പത്തിൽ നിന്നും മാറ്റി നിർത്തി. ഷോട്ടിനു റെഡിയായി വരുന്ന ഷക്കീല അണിഞ്ഞിരിക്കുന്നത് കേരളത്തിന്റെ കസവുസാരിയാണ് എന്നത് ശ്രദ്ധിക്കണം. കസവുടുത്ത മലയാളിയുടെ സ്റ്റീരിയോടൈപ്പ് സ്ത്രീബിംബത്തിലേക്ക് വളരെ കരുതലോടെ തന്നെ സമൂഹം അയിത്തം കല്പിച്ചിരിക്കുന്നു. സിനിമയുടെ സാങ്കേതികതയെക്കുറിച്ചോ സാമാന്യമായ മറ്റെന്തിനെയെങ്കിലും കുറിച്ചോ യാതൊരു അറിവും അവർക്കുള്ളതായി കാണുന്നില്ല. ആ അജ്ഞത തന്നെയാണ് ഷക്കീലയെ എക്കാലത്തും അവർ ആഗ്രഹിക്കാത്ത ഒരു ബിംബത്തിൽ തളച്ചിട്ടത്.

മധ്യവർഗ സദാചാരബോധത്തിന് വഴങ്ങിയും വിധേയമായുമാണ് ഉർവശിയുടെയും കെ. പി. എ. സി. ലളിതയുടെയും ആത്മകഥകൾ നിലകൊള്ളുന്നത്. പുരുഷകേന്ദ്രിതമായ സിനിമാ വ്യവസ്ഥകളോട് യാതൊരു തരം കലാപങ്ങളും അവരുടെ എഴുത്തിലില്ല. ഷക്കീലയുടേതാകട്ടെ അവരുടെ തന്നെ ഭാഷയിൽ സമൂഹം കാണാതെ പോയ അവരുടെ മനസ്സിന്റെ തുറന്നുവയ്ക്കലാണ്.



**ഷക്കീല 'ഛോട്ടാ മുംബൈ' എന്ന സിനിമയിൽ**

അഭിനയമോഹവുമായി കോടമ്പാക്കത്തെയും ചെന്നൈയിലെയും തെരുവുകളിൽ പൈപ്പുവെള്ളം കുടിച്ച് അലഞ്ഞുതിരിഞ്ഞു പിന്നീട് താരോദയം നടത്തിയ നായകൻമാരുടെ കഥകൾ നമുക്ക് അപരിചിതമല്ല. പുരുഷന്റെ അഭിനയമോഹം 'പാഷൻ' ആയി ഗ്രഹിക്കാനാകുന്ന സാമൂഹികസദാചാരത്തിന്, സ്ത്രീയുടെ അഭിനയമോഹത്തിന് കുടുംബത്തിലെ ദാരിദ്ര്യത്തിന്റെ പിൻബലം വേണം. സിനിമയെ ധീരമായ ഒരു സ്വപ്നമോ തൊഴിലോ ആയി തെരഞ്ഞെടുക്കാനുള്ള ധൈര്യമോ ആർജ്ജവമോ ഇപ്പറഞ്ഞ ആത്മകഥകൾ മുന്നോട്ടുവയ്ക്കുന്നില്ല.



**ബാർബറാ ജോൺസൺ**

'The Problem for the female autobiographies is, on the one hand, to resist the pressure of masculine autobiography as the only literary genre available for her enterprise, and on the other to describe a difficulty is confirming to a female ideal which is largely a fantasy of the masculine, not the feminine imagination' [Barbara Johnson (A Word of difference)].

ചലച്ചിത്രാസ്വാദനത്തിലെ മെയിൽ ഗെയ്സ് ആത്മകഥയുടെ വായനയിലൂടെ കടന്നു വരുന്നുണ്ടെന്ന് വേണം മനസ്സിലാക്കാൻ. സ്ത്രീവാദ സൗന്ദര്യ സിദ്ധാന്തങ്ങൾക്കു വഴങ്ങുന്നതല്ല മലയാളത്തിലെ നടിമാരുടെ ആത്മകഥകൾ.

■

**പെൺപക്ഷം**



അജിത കെ.

# ഹാ ലജ്ജിക്കൂ കേരളമേ!

## വാളയാർ കുരുന്നുകളുടെ വധവും കേസു വിചാരണയും

**ഈ**യടുത്ത് നടന്ന അങ്ങേയറ്റം പൈശാചികമായ ഒരു സംഭവമാണ് പതിമൂന്നും ഒമ്പതും വയസ്സുള്ള ഒരു ദരിദ്ര ദലിത് കുടുംബത്തിലെ കുഞ്ഞുങ്ങളുടെ ദാരുണമായ വധം. ആ വധത്തേക്കാൾ അത്യന്തം നീചമാണ് ആ കേസന്വേഷണവും അതിനെ തുടർന്നുണ്ടായ കോടതി വിധിയും. ഒരു തെളിവും കോടതിയിൽ പൊലീസിനോ പ്രോസിക്യൂഷനോ ഹാജരാക്കാൻ പറ്റിയില്ലത്രെ! പിന്നീട് വാർത്തകളിലൂടെ വന്ന വസ്തുതകളാണ് അതിലും വിചിത്രം. പ്രതികളിൽ ഒരാൾക്കുവേണ്ടി വാദിച്ച വക്കീൽ ഈ സർക്കാർ നിയമിച്ച പുതിയ ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ പാലക്കാട് ജില്ലാ ചെയർമാനാണത്രെ!

ബാല ലൈംഗിക പീഡനം ഒരു കുറ്റകൃത്യമാകുന്നതുതന്നെ ഈ അടുത്തകാലത്ത് നടപ്പിലാക്കപ്പെടുന്ന POCSO (Protection of Children from Sexual Abusses) ആക്ടിലൂടെയാണ്. കേരളത്തിൽ ഇന്ന് സർക്കാർ നടത്തുന്ന വിമെൻ & ചിൽഡ്രൻസ് ഹോമുകൾ (മുമ്പ് നിർഭയ ഹോമുകൾ) പ്രവർത്തിക്കുന്നതു തന്നെ ഈ ക്രിമിനൽ കുറ്റകൃത്യത്തിൽ ഇരകളാക്കപ്പെട്ട കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തി പുതിയ ജീവിതത്തിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരാനാണ്. അത്തരം ഹോമുകളിലേക്ക് കുഞ്ഞുങ്ങളെ അയക്കുന്നത് പോക്സോ കേസുപ്രകാരം അതാത് ജില്ലാ കമ്മിറ്റികളാണ്. കുട്ടികളുടെ സംരക്ഷണവും ഉന്നമനവും ലക്ഷ്യം വെച്ച് പ്രവർത്തിക്കേണ്ട ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ ചുക്കാൻ പിടിക്കുന്നത് ഇത്തരമൊരു വക്കീലാണെങ്കിൽ എങ്ങനെ കുഞ്ഞുങ്ങൾക്ക് നീതി ലഭിക്കും? അത്തരമൊരു സ്ഥാനത്തേക്ക് ഈ വക്കീൽ തെരഞ്ഞെടുക്കപ്പെട്ടതെങ്ങനെ എന്നതാണ് പ്രധാന ചോദ്യം. അതിനുത്തരം കണ്ടെത്താനുള്ള നമ്മുടെ ശ്രമം വൃത്തികെട്ട രാഷ്ട്രീയ സ്വാധീനത്തിന്റെ കഥകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. വാളയാറിലെ കുരുന്നുകൾക്ക് നീതി ലഭിക്കാത്തതിന് കാരണം, പൊലീസും കോടതിയും മാത്രമല്ല, അത്യന്തം ജീർണ്ണിച്ച നമ്മുടെ രാഷ്ട്രീയ നേതൃത്വം കൂടിയാണ് എന്ന് വ്യക്തമാകുന്നു. ഈ ചൈൽഡ് വെൽഫെയർ കമ്മറ്റി ചെയർമാനെ എന്തിനാണ് ഇനിയും ആ സ്ഥാനത്ത് വെച്ചു വാഴിക്കുന്നത്? മാത്രമല്ല, ഇത്തരം വ്യക്തികൾ സാമൂഹ്യ പ്രതിബദ്ധതയോടെയും ആത്മാർത്ഥതയോടെയും പ്രവർത്തിക്കുന്ന വ്യക്തികൾക്കു പകരം, ഈ നിർണ്ണായക സ്ഥാനത്ത് എങ്ങനെ എത്തി, അയാൾ തെരഞ്ഞെടുക്കപ്പെട്ട മാനദണ്ഡങ്ങൾ എത്രത്തോളം ശരിയാണ് എന്ന് സർക്കാർ തലത്തിൽ പരിശോധിച്ച് ഗുണകരമായ തീരുമാനങ്ങൾ എടുക്കേണ്ടതാണ്. അല്ലെങ്കിൽ എൽ ഡി എഫ് സർക്കാർ ജനങ്ങളോട് മറുപടി പറയേണ്ട ഗൗരവമേറിയ ഒരു പ്രശ്നമായി ഇത് മാറും.

ഇതിനിടയിൽ 'മാവോയിസ്റ്റ്' മുദ്ര ചുമത്തി കോഴിക്കോട് ഊർജ്ജസ്വലരായ, അറിയാനുള്ള ജിജ്ഞാസ ഏറെ പുലർത്തുന്ന രണ്ട് ചെറുപ്പക്കാർ യു എ പി എ പ്രകാരം അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു! അവർ 'മാവോയിസ്റ്റ്' എന്ന് വ്യാഖ്യാനിക്കാൻ പറ്റുന്ന നോട്ടീസുകളും ലഘുലേഖകളും കൈവശം വെച്ചു എന്നാണ് പൊലീസ് പറയുന്നത്. ഏതെങ്കിലും തരത്തിലുള്ള 'വിധ്വംസക' പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടല്ല അവർ അറസ്റ്റു ചെയ്യപ്പെട്ടത്. വാളയാർ പ്രശ്നത്തിൽ നിന്ന് മുഖ്യധാരയുടെ ശ്രദ്ധ തിരിക്കുക എന്ന ഉദ്ദേശം ഇതിനു പിന്നിലുണ്ടോ? യു എ പി എ എന്ന കരിനിയമത്തിന് തങ്ങൾ എതിരാണെന്ന് സി.പി.എം. ആവർത്തിച്ചു പറയുന്നു. അപ്പോൾ ഈ നാടകം കളിച്ചതാരാണ്? കോഴിക്കോട് ഉറ്റുനോക്കിക്കൊണ്ടിരിക്കയാണ് ഈ യുവാക്കളെ സർക്കാർ എന്തു ചെയ്യാൻ പോകുന്നു എന്ന്. യു എ പി എ അവർക്കെതിരെ തുടരാനാണ് ഭാവമെങ്കിൽ അതിന്റെ പ്രത്യാഘാതം കേരളത്തിലെ ഇടതുപക്ഷത്തിന് താങ്ങാനാവില്ല.

കവിത



# ചാവുമരങ്ങൾ




**വി.എസ്. ബിന്ദു**
എഴുത്തുകാരി/അദ്ധ്യാപിക


**കു**ട്ടിക്കാലങ്ങളിൽ
ചില പുലർച്ചകളിൽ
കോട്ടിയെടുക്കപ്പെട്ട
പനയോല വട്ടകകൾ
തൂക്കിപ്പിടിച്ച് നടക്കുന്നവർ
അടക്കം പറഞ്ഞിരുന്നു
പശു പെറ്റു മാവ് വീണു
കിടാവിനെ കണ്ടപ്പോൾ
അത് മനസ്സിലായി.
അടഞ്ഞ വൈകുന്നേരങ്ങളിൽ
മാഞ്ചോട്ടിൽ കളിയ്ക്കുമ്പോൾ
മാവിൻ കൊമ്പിൽ നിന്ന്
പേറ്റ് നോവ് അടർന്നു വീണു.
ഇന്ന് മരത്തിനു കീഴെ
മറ്റൊന്നും ചെയ്യാനില്ലാതെ
പനിച്ചിരിക്കുമ്പോൾ
മറ്റെന്തോ  ഇറ്റു വീഴുന്നു
ഒരു വള കഷണം
ഒരു ചിരിപ്പൂവ്
ഒരു സ്ലേറ്റു പിടി
മുകളിലേക്ക് നോക്കുമ്പോൾ
തൂങ്ങിക്കിടക്കുന്ന
രണ്ടു ചോരപ്പഴങ്ങൾ
ഓടി ക്കൂടുന്നവർക്ക്
വയറു നിറയും !
അവ ചേച്ചീ എന്നും
അനിയത്തി എന്നും
പരസ്പരം തുടയ്ക്കുന്നു
താഴെ ഇറ്റിറ്റുവീഴുന്നുണ്ട്
പേറ്റുനോവും പശുക്കാറലും.
പനയോല വട്ടക
പഴകിയിട്ടില്ല ഒട്ടും.




**പ്രിയലേഖ എൻ.എസ്.**
അദ്ധ്യാപിക
സെന്റർ ഫോർ കമ്പാരറ്റീവ് ലിറ്ററേച്ചർ
ശ്രീശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല, കാലടി.


# രസീതിടിക്കറ്റ് : അമൃതപ്രീതത്തിന്റെ ജീവിതവും കലയും തമ്മിലുള്ള സംവാദം


പഞ്ചാബിസാഹിത്യത്തിൽ സ്ത്രീത്വത്തെ മകൾ, ഭാര്യ, അമ്മ എന്ന നിലയിൽ ആദർശവൽക്കരിച്ചുകൊണ്ടിരുന്ന കാലത്താണ് അമൃത എഴുതിതുടങ്ങുന്നത്. സ്ത്രീയുടെ ആഗ്രഹത്തെയും, അവളുടെ ലൈംഗികവിചാരങ്ങളെയും തന്റെ എഴുത്തുകളിലൂടെ തുറന്നു കാണിച്ച അമൃത, അന്ന് വരെയുണ്ടായിരുന്ന ഈ ആദർശസങ്കൽപ്പങ്ങളെ ഇളക്കി മാറ്റി. ഇതിനെതുടർന്ന് ചില നിരൂപകർ അവരുടെ എഴുത്തിനെ വ്യക്തിപരം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി. 'എന്റെ എഴുത്ത് വ്യക്തിപരമാണ് പക്ഷേ അതെന്റെ ജീവിതമല്ല. ചെറിയ ചില സാമ്യതകൾ ഉണ്ടെങ്കിലും പുസ്തകത്തിലെ കഥാപാത്രങ്ങൾ പുറത്തുനിന്നുള്ളവരാണ്' എന്നാണ് അമൃത ഇതിനോട് പ്രതികരിച്ചത്. അവരുടെ വികാരതീവ്രത, ചില സമയങ്ങളിൽ അവരെ വികാരാധീനയാക്കി, അത് അവർക്ക് കാല്പനിക എഴുത്തുകാരിൽ ഒരാളായി സ്ഥാനം നേടിക്കൊടുത്തു. ആത്മകഥയായ റവന്യൂസ്റ്റാമ്പ് (The Revenue Stamp in English) (1976), പുതുക്കിയ പതിപ്പ്, അക്ഷരോങ്കെസായെ (Life and Time in English) എന്നിവയിലും, അവരുടെ പ്രണയകവിതകളിലും ഇതിന്റെ ചില സ്വഭാവങ്ങൾ കാണുവാൻ കഴിയും. നൂറ്റി അൻപത് പേജുകൾ ഉൾക്കൊള്ളുന്ന പുസ്തകത്തിൽ ഉയിർത്തെഴുന്നേൽപ്പ് സമയം, നൂറ്റാണ്ടുകളുമായുള്ള കൂടിക്കാഴ്ച, അഗ്നിപരീക്ഷ, സൈലൻസ് പാഷൻ സ്മോട്ട്, ഫീനിക്സ്രാജവംശം, ഒരു പാംഹീന എന്നിവയിൽ ആറ് അധ്യായങ്ങൾ ഉൾപ്പെടുന്നു, മറ്റ്ഭാഗങ്ങളിൽ ബാല്യവും യുവജന സ്നേഹവും സാമൂഹിക ധാർമ്മികതയും, വിവാഹവും, സ്വകാര്യ സ്വഭാവവും, സ്ത്രീത്വവും കാവ്യാത്മകമായി അവതരിപ്പിക്കുന്നു.



അമൃത പ്രീതം

തന്റെ ആത്മകഥയിൽ ആമുഖമായി അവർ എഴുതുന്നു, പ്രസിദ്ധ എഴുത്തുകാരൻ കുശ്വന്ത് സിംഗ് ഇങ്ങനെ പരിഹസിക്കുകയുണ്ടായി ഒന്നോ,

രണ്ടോ സംഭവങ്ങളൊഴിച്ച് ഒന്നും തന്നെ അവരുടെ ജീവിതത്തിൽ നടന്നിട്ടില്ല. അത് തന്നെ അവരുടെ ജീവിതകഥയായി എഴുതിയാൽ അവസാനം ഒതുങ്ങുവാൻ മാത്രമുള്ളതേയുള്ളൂ. അവരതിലെ നർമ്മബോധം മനസ്സിലാക്കി ആത്മകഥയ്ക്ക് രസീതി ടിക്കറ്റ് (The Revenue Stamp) എന്ന് പേര് നൽകി. റവന്യൂ സ്റ്റാമ്പ് എഴുതുന്ന വേളയിൽ തന്നെ അവരൊരു കവിയത്രിയായി പ്രശസ്തിയാർജിച്ചിരുന്നു. സ്ത്രീ ഒരു കവിയായിരിക്കുമ്പോൾ നേരിടുന്ന സാമൂഹ്യപ്രതിസന്ധികളെ അവർ അടയാളപ്പെടുത്തി, അതായിരുന്നു ആത്മകഥയുടെ പ്രധാനലക്ഷ്യം എന്ന് പറയാം. അമൃത പ്രീതം എഴുതുന്നു 'എന്റെ ജീവിതത്തിൽ സംഭവിച്ചതിനെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ എനിക്ക് നോവലിലേക്കും കഥകളിലേക്കും ഉള്ള വഴി തെളിയുന്നു. എന്താണ് ബാക്കി? ഇപ്പോഴും ഞാൻ എനിക്കിനിയും എഴുതാനുള്ളതിനെക്കുറിച്ച് ചിന്തിക്കുന്നു.' റവന്യൂ സ്റ്റാമ്പിന്റെ പ്രസിദ്ധീകരണത്തിന് ശേഷം അവരുടെ ചിന്തകളിലും, വികാരങ്ങളിലും കുറച്ചു കൂടെ തുറസ്സ് കാണുവാൻ കഴിയും.




അവരുടെ ജനനത്തെയും, അന്നത്തെ സാമൂഹ്യപിന്നാക്കാവസ്ഥകളെയും, അവരുടെ ബാല്യത്തെയും വെച്ചാണ് റവന്യൂ സ്റ്റാമ്പ് തുടങ്ങുന്നത്. ആഖ്യാനത്തിൽ ഭൂതകാലത്തെ വർത്തമാനകാലവുമായി കോർത്തിണക്കിയിരിക്കുന്നു. ബാല്യം, കൗമാരം, യൗവനം എന്നീ വ്യത്യസ്ഥ അവസ്ഥകളിലൂടെ തന്റെ സ്വത്വത്തെയും, വ്യത്യസ്ത വികാരങ്ങളെയും ഭാവനപരമായി ഭാഷകൊണ്ടും, സൗന്ദര്യാത്മക വീക്ഷണത്തിലൂടെയും അവർ അവതരിപ്പിക്കുന്നു. ഏകാന്തതയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗമായിരുന്നു അവർക്ക് ആ എഴുത്ത്. അവർ പറയുന്നു 'എന്റെ പതിനാറാം വയസ്സ് വന്നു– അപരിചിതനെപ്പോലെ. എന്റെയുള്ളിൽ വിശദീകരിക്കാനാവാത്ത ഒരു അനുഭൂതി ഉണ്ടായി... ഒരു കള്ളനെപോലെ, എന്റെ പതിനാറാം വർഷം വന്നു, എന്റെ രാത്രികളെ ശക്തിയോടെ മോഷ്ടിച്ചു, തുറന്ന് കിടക്കുന്ന ജനലിലൂടെ എന്റെ തലക്കു മുകളിലൂടെ കിടക്കയിൽ നിന്ന്. എന്നിട്ടും എന്നിൽ വർഷങ്ങളോളം, രക്തബന്ധം ഇല്ല. അതൊരു രഹസ്യബന്ധമായിരുന്നു. എന്നെയല്ലാതെ അതെന്റെ അച്ഛനെയും ഭയപ്പെട്ടു. ഇങ്ങനെയാണ് എന്റെ പതിനാറാം വയസ്സ് കടന്നുവന്നതും പോയതും. ഒന്നും സംഭവിച്ചില്ല. വളർച്ചയിൽ മനസ്സിലുടനീളം മാറ്റമെന്തോ ഉണ്ടായിരുന്നു. അവൾ സംവാദത്തിലേർപ്പെടാനും, വെല്ലുവിളിക്കാനും അധികം വൈകാതെ പഠിച്ചു. അവളുടെ ചിന്തയിൽ കലാപത്തിൽ ആത്മാവുകൾ മുളച്ചു. തന്റെ മനസ്സിനിണങ്ങിയ പ്രണയിതാവിന്റെ രൂപം സങ്കൽപ്പിക്കാനും, അതിനെ വിലമതിച്ചുകൊണ്ട് അതിനൊപ്പം പ്രണയാന്വേഷണങ്ങളിൽ ഏർപ്പെടാനും അതിൽ യഥാർത്ഥ ജീവിതത്തെ കാണുവാനും തുടങ്ങി.

തന്റെ പ്രണയത്തിനു വേണ്ടിയുള്ള ദാഹം മൂലം അവർ അതിതീവ്രമായി പ്രണയകവിതകളുടെ എഴുത്തിൽ മുഴുകി. മറ്റൊരുവശത്ത് അവരുടെ കുടുംബജീവിതത്തെയും, ബന്ധങ്ങളെയും അവർ അവഗണിച്ചു. വളരെ ലാഘവമായി ഭർത്താവിനെയും, കുടുംബജീവിതത്തെയും കുറിച്ച് അവർ പറഞ്ഞ് പോകുന്നുണ്ട്. അമൃത പ്രീതത്തെ സംബന്ധിച്ച് സ്ത്രീകളെ തളച്ചിടുന്ന സാമൂഹ്യ കെട്ടുപാടാണ് വിവാഹം. ആസമയത്ത്, അച്ഛൻ അവളെ

വിവാഹം കഴിച്ചുകൊടുക്കുന്നതു മുതൽ അവൾ ഒരു പെൺകുട്ടിയോളം വളരുന്നു, അമ്മയ്ക്കൊപ്പം. സാമൂഹ്യാവസ്ഥകൾ അവളെ കെട്ടിയിടുന്നു. അവർ എഴുതുന്നു 'എന്റെ വിവാഹത്തിനുശേഷം ഞാനൊരിക്കലും ശ്രദ്ധേയമായ കാര്യങ്ങളിൽ ഇടപെട്ടിരുന്നില്ല. നാലാംവയസ്സിൽ ഞാൻ വിവാഹവാഗ്ദാനത്തിൽ ഏർപ്പെട്ടു, പതിനാറാം വയസ്സിൽ ഞാൻ സാധാരണ പോലെ വിവാഹിതയായി.' അമൃത വിവാഹജീവിതത്തിൽ സന്തോഷവതിയായിരുന്നില്ല. ആത്മകഥക്കൊപ്പം ചേർത്ത അവരുടെ ഡയറിക്കുറിപ്പുകളിൽ വിവാഹ ജീവിതത്തോട് അവർക്കുണ്ടായിരുന്ന താൽപ്പര്യമില്ലായ്മയും, അതിലെ നിസ്സഹായതയും കാണാം. 'വിവാഹവും, ഭർത്താവുമായുള്ള വേർപിരിയലും പോലെ' തന്നെ അവരുടെ മക്കളെകുറിച്ചോ, അവരുടെ ജനനത്തെയോ, ബാല്യത്തെയോ, കൗമാരത്തെയോ കുറിച്ചോ റവന്യൂ സ്റ്റാമ്പിൽ കാണുന്നില്ല. അമ്മത്തം അവരുടെ സ്വപ്നമായാണ് അവർ അവതരിപ്പിക്കുന്നത് ഓർത്തുനോക്കൂ അവർ ഒരു കുഞ്ഞിനു വേണ്ടി എത്രയോ ആശിച്ചിരുന്നുവെന്ന്.

അമൃത പ്രീതം തന്റെ രചനയെ 'നിയമാനുസൃതമല്ലാത്ത സന്തതി' എന്നാണ് പറയുന്നത്... 'എന്റെ ലോകത്തിലെ ക്രൂരമായ യാഥാർത്ഥ്യങ്ങൾ എന്റെ സ്വപ്നങ്ങളുമായി പ്രണയത്തിലായി, അത്തരമൊരു നിഷിദ്ധമായ ഉടമ്പടിയിൽ നിന്നാണ് ഞാൻ എഴുതിയതെല്ലാം ജനിച്ചത്...' സ്വപ്നങ്ങൾ എല്ലായ്പ്പോഴും അവളുടെ സർഗ്ഗാത്മകതയുടെ ശക്തമായ ഉപകരണങ്ങളാണ്. കൗമാരത്തിന്റെ ആദ്യകാലങ്ങളിൽ അവൾ ആദർശയോഗ്യനായ കാമുകന്റെ ഒരു പ്രതിഛായ ഉണ്ടാക്കുകയും ഒരു കാല്പനികമായ അഭിനിവേശത്തോടെ ഈ ചിത്രം സങ്കല്പിക്കുകയും ചെയ്തു. അവളുടെ സ്വപ്ന സ്വഭാവത്തിന്റെ തുടക്കമായിരുന്നു അത്. അവൾ എഴുതുന്നു: "ആഴത്തിലുള്ള ഇരുണ്ട നിഴൽ എനിക്ക് ഓർമ്മയുള്ളിടത്തോളം കാലം എന്റെ അരികിലൂടെ നടന്നു. അത് ക്രമേണ എന്നിലേക്ക് അടരടരായി കടന്നുവന്നു: 'എന്റെയും ഞാൻ സങ്കല്പിച്ച എന്റെ ആദർശപ്രേമിയുടെയും മുഖം, ബുദ്ധിയിലും ശക്തിയിലും പക്വതയിലും കൂടുതൽ വളർന്നു വന്നു.. എന്റെയും മറ്റ് ദേശങ്ങളുടെയും സ്വാതന്ത്ര്യമാണ് ഏറ്റവും ആഴത്തിലുള്ള പാളി. എഴുതുമ്പോഴെല്ലാം ഞാൻ മാംസവും രക്തവും നൽകിയിരുന്ന, ഈ നിഴലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിരുന്നു. അസ്ഫുടമായ ഒന്നാണെങ്കിലും, അതിൽ നിലവാരവും തിളക്കവുമുള്ള എന്തെങ്കിലും വെളിപ്പെടുത്താൻ ഞാൻ ശ്രമിച്ചു. അമ്മയുടെ മരണശേഷം, അവൾക്ക് ജീവിതത്തിൽ ഏകാന്തത അനുഭവപ്പെട്ടു. ഈ അഗാധമായ ഏകാന്തതയും അനുയോജ്യമായ പ്രണയത്തോടുള്ള അഭിനിവേശവും അവളുടെ സർഗ്ഗാത്മകതയുടെ വലിയ ഉറവിടമായി മാറി. ഇവ രണ്ടും – ഏകാന്തതയും യഥാർത്ഥ പ്രണയത്തോടുള്ള അഭിനിവേശവും – അവളുടെ നോവലുകളിൽ പ്രധാന പ്രമേയമായി ആവർത്തിച്ചു.

ഈ ജീവചരിത്രത്തിൽ, സുനെഹരേ എന്ന കവിതാസമാഹാരം എഴുതാൻ അവളെ പ്രേരിപ്പിച്ച, ഉറുദു കവിയും ഗാനരചയിതാവുമായ സാഹിർ ലുധിയാൻവിയുമായുള്ള ബന്ധത്തിന് ധാരാളം തെളിവുകൾ അവർ നൽകി. ഓരോ കവിതയും ബന്ധത്തിന്റെ ഒരു ഘട്ടത്തെയും അവളുടെ പ്രണയത്തിന്റെ യാഥാർത്ഥ്യത്തെയും ചിത്രീകരിക്കുന്നു. തന്റെ ജീവിതത്തിന്റെ പേജുകൾ വായനക്കാർക്കായി തുറക്കാനുള്ള അമൃതപ്രീതത്തിന്റെ ധീരമായ പ്രവർത്തിയാണ് തന്റെ ആത്മകഥയായ റവന്യൂ സ്റ്റാമ്പിലൂടെ നടത്തുന്നത്. അത് റൊമാന്റിക് മനസ്സിന്റെ പ്രകടനവും അവളിലെ സ്ത്രീയുടെ ദുരിതവുമാണ്. ബാഹ്യ സംഭവങ്ങളുമായും ആന്തരിക അനുഭവങ്ങളുമായും പൂർണ്ണമായും ബന്ധപ്പെട്ട അവളുടെ ഓർമ്മകളുടെ ഉജ്ജ്വലമായ ചിത്രങ്ങളിതിലുണ്ട്. മധ്യവയസ്സിലാണ് അമൃത പ്രീതം ഉറുദുകവി സാഹിർ ലുധിയാൻവിയെ കണ്ടത്. അദ്ദേഹത്തിന്റെ കവിതകൾ അവളെ വളരെയധികം സ്വാധീനിച്ചു. അവളെ സംബന്ധിച്ചിടത്തോളം, സാഹീറിന്റെ പ്രതിച്ഛായ അവളുടെ സ്വപ്നസുന്ദരമായ ആദർശ കാമുകന്റേതാണ്. സാഹിറുമായി അഗാധമായ പ്രണയത്തിലായിരുന്ന അവർ നിരവധി പ്രണയ കവിതകൾ എഴുതി. പക്ഷേ, സാഹീറിന്റെ അമ്മയുടെ അനിഷ്ടം കാരണം, അയാൾ ഒരിക്കലും അവളുടെ ആരാധനയെ പ്രോത്സാഹിപ്പിച്ചില്ല. ഇരുപത് വർഷത്തോളം, അവളുടെ മേലുള്ള സാമൂഹികവും ധാർമ്മികവുമായ സമ്മർദ്ദം കാരണം അവൾ അവനോട് തന്റെ സ്നേഹം പ്രകടിപ്പിച്ചില്ല. സാഹിറിന്റെ മരണശേഷം മാത്രമാണ് അവൾ അവനോടുള്ള അഭിനിവേശം വെളിപ്പെടുത്തിയത്. പല നോവലുകളിലും സാഹിർ അവളുടെ റൊമാന്റിക് കാഴ്ചപ്പാടിന് പ്രചോദനമായിരുന്നു, ഒപ്പം തന്റെ കഥകളിലെ നായകന്മാരിലൂടെ അവനോടുള്ള അഭിനിവേശവും അവൾ ചിത്രീകരിച്ചു. തന്റെ ആത്മകഥയിൽ മാത്രം, തന്റെ അനുഭവം തന്റെ നോവലുകളിൽ എങ്ങനെ പ്രകടമായി എന്ന് അവൾ ഏറ്റുപറഞ്ഞു. അവൾ എഴുതുന്നു:

"സാഹിർ എന്നെ ലാഹോറിൽ കാണാൻ വന്നപ്പോഴെല്ലാം.... അവൻ നിശബ്ദമായി നിർത്താതെ പുകവലിക്കും.... അദ്ദേഹം പോകുമ്പോൾ ആ സ്ഥലം സിഗരറ്റ് കുറ്റികളാൽ നിറഞ്ഞിരുന്നു.... ചില സമയങ്ങളിൽ ഞാൻ അദ്ദേഹത്തെ സ്പർശിക്കാൻ തീവ്രമായി കൊതിച്ചിരുന്നുവെങ്കിലും എന്റെ സ്വന്തം വൈമനസ്യത്തെ മറികടക്കാൻ എനിക്ക് കഴിഞ്ഞില്ല." ഈ വേദനാജനകമായ വെളിപ്പെടുത്തലിൽ നിന്ന്, സഹീറിനോടുള്ള അവളുടെ അഭിനിവേശത്തിന്റെ തീവ്രത മനസിലാക്കാനും

അതേസമയം സ്വയം അടിച്ചേൽപ്പിച്ച സ്ത്രീ പെരുമാറ്റച്ചട്ടം മനസ്സിലാക്കാനുംകഴിയും. അവൾ സ്വന്തം ഭാവനയിൽ വളരെയധികം ജീവിക്കുകയും പുകവലിശീലത്തിൽ ഏർപ്പെടുകയും ചെയ്യുന്ന സമയമായിരുന്നു അത്: "ഞാൻ പുകവലിക്കുള്ളവയൊക്കെ ശേഖരിച്ച് ഒരു ചെറിയ അലമാരയിൽ രഹസ്യമായി സൂക്ഷിക്കും. എന്നിട്ട് ഞാൻ അവയെ ഓരോന്നായി വന്യമായി ആസ്വദി ക്കുകയും നിശ്ശബ്ദമായി ഇരുന്ന് അവയെ ഒന്നിനു പുറകെ ഒന്നായി പ്രകാശിപ്പിക്കുകയും ചെയ്യും. ചുറ്റുമുള്ള സൗരഭ്യവാസനയിൽ നിന്ന് അവന്റെ സാന്നിധ്യവും സിഗരറ്റും പിടിച്ചിരിക്കുന്ന അവന്റെ വിരലുകളുടെ സ്പർശവും എനിക്ക് അനുഭവപ്പെടാറുണ്ടായിരുന്നു." അവളുടെ കവിതകളിലും സ്ത്രീ കഥാപാത്രങ്ങളുടെ സ്വഭാവത്തിലും അവൾ അവനോടുള്ള സ്നേഹവും അഭിനിവേശവും പ്രകടിപ്പിച്ചു. സാഹിറിന്റെ മരണശേഷം അവർ അവരുടെ ബന്ധത്തിന്റെ വിശുദ്ധി വിലമതിച്ചു: "ഞങ്ങളുടെ സൗഹൃദങ്ങൾക്കിടയിൽ വാക്കുകളുണ്ടായിരുന്നില്ല. നിശബ്ദതയിൽ രൂപപ്പെട്ട മനോഹരമായ ഒരു ബന്ധമായിരുന്നു അത്.... ഒരു ശൂന്യമായ കടലാസിന്റെ അന്തസ്സ് ഇന്നും അവിടെയുണ്ട്." നിശബ്ദതയുടെ പവിത്രതയിലൂടെ, അവർ എല്ലായ്പ്പോഴും അവരുടെ ബന്ധം അന്തസ്സോടെ നിലനിർത്തുന്നു.

അമൃത പ്രീതത്തിന്റെ ആത്മകഥ അവളുടെ മനസ്സിന്റെ സ്വകാര്യ ലോകത്തിലേക്കുള്ള യാത്ര കൂടിയാണ്. ഇമ്രോസുമായുള്ള അടുപ്പം അവൾ പരോക്ഷമായി വിവരിക്കുകയും മറ്റേയാളുടെ ദുരിതങ്ങളെകുറിച്ച് പരസ്പരമുണ്ടായിരുന്ന ബോധത്തെക്കുറിച്ചുള്ള വിവരങ്ങൾ സമ്മതിക്കുകയും ചെയ്തു. എല്ലാ സ്വപ്നങ്ങളോടും കൂടി ഇമ്രോസ് അമൃത പ്രീതത്തെ സ്വീകരിച്ചു; അവന്റെ സ്നേഹം അവളുടെ സ്വകാര്യസ്വഭാവം പൂർണതയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു. സാഹിറിനുശേഷം ചിത്രകാരനായ ഇമ്രോസ് അമൃത പ്രീതത്തിന്റെ ഒറ്റപ്പെട്ട ജീവിതത്തിലേക്ക് കടന്നുവന്നു. അവളുടെ പുസ്തകങ്ങളുടെ കവറുകൾ രൂപകൽപ്പന ചെയ്ത ഇമ്രോസ് അവൾക്കായി സ്വയംസമർപ്പിച്ചു. അവന്റെ സഹവാസത്തിൽ വ്യത്യസ്തമായ ഒരു ഉണർവ്വ് തിരിച്ചറിഞ്ഞുകൊണ്ട് അവൾ അവനെ സ്വീകരിച്ചു: "ഇമ്രോസിനാൽ എന്റെ ഏകാന്താവസ്ഥയുടെ ശാപം തകർന്നിരിക്കുന്നു...." വിവാഹമെന്ന നിലയിൽ സാമൂഹ്യവൽക്കരിക്കപ്പെടാതെ അവർ ഒരുമിച്ച് ജീവിക്കാൻ തുടങ്ങി. ഈ വ്യക്തമായ പെരുമാറ്റവും ആവിഷ്കാരവും സമൂഹത്തിൽനിന്ന് വിമർശനങ്ങളെയും എതിർപ്പുകളെയും ക്ഷണിച്ചു. തങ്ങളുടെ പ്രണയവും പൊരുത്തവും തെളിയിക്കാൻ വിവാഹത്തിന്റെ ആവശ്യകത അമൃത പ്രീതത്തിനും ഇമ്രോസിനും ഒരിക്കലും തോന്നിയിട്ടില്ല. അവളുടെ പ്രണയത്തിന്റെയും ജീവിതത്തിന്റെയും നിരാശയും യാഥാർത്ഥ്യവും പലപ്പോഴും അവളുടെ രചനകളിൽ സങ്കൽപ്പിച്ചിരുന്നു. എന്നാൽ അവളുടെ ആത്മകഥയിൽ ഇമ്രോസിന് – അവളുടെ ജീവിതത്തിലെ മനുഷ്യന് – അവൾ കൂടുതൽ ഇടം നൽകിയില്ല. ഭാഗ്യശ്രീ വർമ്മയുമായുള്ള ഒരു അഭിമുഖത്തിൽ അവർ ഈ ഒഴിവാക്കലിന് ഒരു വിശദീകരണം നൽകി: "ഞാൻ റവന്യൂസ്റ്റാമ്പ് എഴുതാൻ വന്നപ്പോഴേക്കും എല്ലാം ഫിക്ഷനിലും കവിതയിലും ഞാൻ പകർന്നിരുന്നു. ഞാൻ ഇത് ആവർത്തിക്കരുതെന്ന് കരുതി. പകരം ഞാൻ എഴുതാൻ ആഗ്രഹിച്ചതും എനിക്ക് ചെയ്യാൻ കഴിയാത്തതുമായ കാര്യങ്ങൾ ഞാൻ ഉൾപ്പെടുത്തി.

ഈ കൃതിയിൽ, അവർ തന്റെ സ്ത്രീമനസ്സിനെ നിർവ്യാജ സ്നേഹത്തിന്റെ രൂപത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്, മാത്രമല്ല ഒരു സ്ത്രീയെന്ന നിലയിൽ തന്നെക്കുറിച്ച് ചിന്തിച്ചപ്പോൾ ജീവിതത്തിലെ അപൂർവ്വവും വിലമതിക്കാനാവാത്തതുമായ നിമിഷങ്ങളെയും അവർ ആഖ്യാനം ചെയ്തു: "ഒരു എഴുത്തുകാരി എന്ന നിലയിൽ തന്നെ മൊത്തത്തിൽ പരിഗണിക്കുമ്പോൾ, എന്നിലെ സ്ത്രീയ്ക്ക് അവിടെ രണ്ടാംകിട വേഷമേ അഭിനയിക്കാൻ ഉള്ളൂ. ആദ്യത്തെതവണ, എനിക്ക് ഇരുപത്തിയഞ്ച് വയസ്സ്.. കുട്ടികളില്ല... ഒരാളെ സ്വപ്നം കണ്ടു... ഒരുസ്ത്രീ... അവൾക്ക് ഒരു അമ്മയാകാൻ കഴിഞ്ഞില്ലെങ്കിൽ, ജീവിതത്തിന് ഒരു അർത്ഥവുമില്ല. രണ്ടാംതവണ, സാഹിറിന് ചെറിയ പനി... അവന്റെ തൊണ്ടയിലും നെഞ്ചിലും ഞാൻ വിക്സ്പുരട്ടി'.. വെറും ആ സ്പർശത്തിന്റെ ആകർ


**"എനിക്ക് ആ കടത്തിന് സമൂഹത്തിന് മറുപടി നൽകേണ്ടിവരും. എങ്ങനെ, എപ്പോൾ എന്നറിയില്ല. എനിക്കറിയാം, ചിലപ്പോൾ എനിക്ക് അന്തസ്സ് അടിയറ വെക്കേണ്ടിവരും. ഇനിയും എത്ര സ്ത്രീകൾക്ക് കഴിയും, എനിക്ക് പറയാൻ കഴിയില്ല, അവർക്ക് എങ്ങനെ തോന്നുമെന്ന് അഭിപ്രായപ്പെടാൻ എനിക്ക് കഴിയില്ല. പക്ഷേ, എനിക്കു വേണ്ടി പറഞ്ഞാൽ, ആ കടത്തിന്റെ ഭാരം എനിക്ക് വളരെ കഠിനമാണ്."**

ഷണശക്തി പേനയും കടലാസുകളുമൊന്നും ആവശ്യമില്ലാത്ത കേവലം ഒരു സ്ത്രീയാക്കി എന്നെ മാറ്റി. മൂന്നാമത്തെ തവണ എന്നിലെ സ്ത്രീ മുന്നിലേക്ക് കേറിനിന്നത് ഇമ്രാസ്... ചുവന്ന ചായത്തിലേക്ക് ബ്രഷ്മുക്കി, അതിന്റെ അറ്റംകൊണ്ട് എന്റെ മൂർദ്ധാവിൽ എന്തോ വരച്ചപ്പോഴാണ്."

പാകിസ്ഥാനിൽ താമസിച്ചിരുന്ന സഞ്ജദ് ഹൈദറുമായുള്ള സൗഹൃദമാണ് അമൃതപ്രീതം ജീവിതത്തിലുടനീളം നിലനിർത്തിയ മറ്റൊരു ബന്ധം." ഒരു പക്ഷേ ആമി എന്നവളെ വിളിച്ചിരുന്ന അയാൾ തന്നെ ആയിരിക്കണം അവരുടെ ആകെയുണ്ടായിരുന്ന യഥാർത്ഥസുഹൃത്ത്. അവരുടെ ആത്മകഥയിൽ, അവനുമായുള്ള ചങ്ങാത്തത്തിന്റെ മനോഹരമായ ചിത്രമുണ്ട്, ഇരു രാജ്യങ്ങളും ശത്രുക്കളായിമാറിയപ്പോഴും അവർ അത് എങ്ങനെ സജീവമാക്കിയെന്നും അവർ വിവരിക്കുന്നു. തന്റെ വിവാഹത്തെക്കുറിച്ചും ഭർത്താവുമായുള്ള ബന്ധത്തെക്കുറിച്ചും കൂടുതൽ വിവരണം നൽകാത്തതിൽ നിന്ന് ദാമ്പത്യജീവിതത്തോട് അവർക്കുള്ള താല്പര്യക്കുറവ് പ്രകടമാണ്. എന്നാൽ ആത്മകഥയിൽ കൂട്ടിച്ചേർത്തിരിക്കുന്ന അവരുടെ ഡയറി പേജുകളിൽ വൈവാഹികജീവിതത്തിൽ നേരിട്ട നിസ്സഹായത അവർ എഴുതിയിട്ടുണ്ട്: "ഞാൻ ടെറസിലേക്ക് പോയി ആ കനത്ത ഇരുട്ടിൽ ഹൃദയം നൊന്ത്കരഞ്ഞു. എന്റെ മാനസികാവസ്ഥയെക്കുറിച്ച് അറിയാമായിരുന്ന അച്ഛൻ എന്റെ പുറകേവന്നു. ഞാൻ അദ്ദേഹത്തോട് വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു – എനിക്ക് വിവാഹം വേണ്ട" മണവാളന്റെ വീട്ടുകാർ നാടകീയമായി സ്ത്രീധനം ആവശ്യപ്പെട്ടപ്പോൾ, അവളുടെ ഒരേയൊരു ചിന്ത, അന്നും ഇന്നും തന്നെത്തന്നെ കൊല്ലുകയെന്നാണ്. അമൃതപ്രീതത്തെ സംബന്ധിച്ചിടത്തോളം അവളുടെ വിവാഹം ഒരു കടമായിരുന്നു, അവർ പറയുന്നു: "എനിക്ക് ആ കടത്തിന് സമൂഹത്തിന് മറുപടി നൽകേണ്ടിവരും. എങ്ങനെ, എപ്പോൾ എന്നറിയില്ല. എനിക്കറിയാം, ചിലപ്പോൾ എനിക്ക് അന്തസ്സ് അടിയറ വെക്കേണ്ടിവരും. ഇനിയും എത്ര സ്ത്രീകൾക്ക് കഴിയും, എനിക്ക് പറയാൻ കഴിയില്ല, അവർക്ക് എങ്ങനെ തോന്നുമെന്ന് അഭിപ്രായപ്പെടാൻ എനിക്ക് കഴിയില്ല. പക്ഷേ, എനിക്കു വേണ്ടി പറഞ്ഞാൽ, ആ കടത്തിന്റെ ഭാരം എനിക്ക് വളരെ കഠിനമാണ്." അമൃത പ്രീതവും ഭർത്താവും തമ്മിലുള്ള ദൂരം അളക്കാവുന്നതിലും അധികമായി. അവരുടെ ദാമ്പത്യജീവിതം ഫലവത്തായില്ല. സമൂഹം സ്വീകരിച്ചു കഴിഞ്ഞതിനാൽ എന്നിട്ടും അവർ വിവാഹബന്ധം തുടർന്നു. നീണ്ട ചർച്ചകൾക്ക് ശേഷം അവർ ഭർത്താവിൽ നിന്ന് വിവാഹമോചനം നേടാനുള്ള തീരുമാനമെടുത്തു. സത്യം സ്വീകരിക്കാനുള്ള ഈ ധൈര്യവും അവൾ ഇഷ്ടപ്പെടാത്തതിനെ എതിർക്കാനുള്ള ധൈര്യവും അവളുടെ സൃഷ്ടിപരമായ ഭാവനയിലും പ്രതിഫലിച്ചു.. അതിനാൽ, അവരുടെ ആത്മകഥ ഒരു സ്ത്രീയെന്ന നിലയിൽ അവളുടെ അടിച്ചമർത്തപ്പെട്ട സ്വകാര്യ സ്വഭാവം പ്രകടിപ്പിക്കാനുള്ള ഒരു മാധ്യമമായി മാറുന്നു, പക്ഷേ ഒരു സ്ത്രീയെന്ന നിലയിൽ അവളുടെ സദ്ഗുണമോ കഷ്ടപ്പാടുകളോ വിവരിക്കാൻ അവൾ പ്രാധാന്യമോ സ്ഥലമോ നൽകിയില്ല. അതിനാൽ ഈ കൃതി അമൃത പ്രീതത്തിന്റെ സ്വാതന്ത്ര്യം, സത്യം, സ്വത്വം എന്നിവ പ്രകടിപ്പിക്കുന്ന തീവ്രമായ അനുഭവമാണ്. അവൾ എഴുതുന്നു: 'മൗലികമായ സത്യം എഴുത്തുകാരന്റെ സ്വന്തം ആവശ്യമാണ്. ഇത് ഒരു യാഥാർത്ഥ്യത്തിൽ നിന്ന് മറ്റൊന്നിലേക്ക് നയിക്കുന്ന ഒരു തുടർച്ചയായ പ്രക്രിയയാണ്.... ആദ്യാവസാനം ഒരു എഴുത്തുകാരന് സത്യത്തേക്കാൾ ചെറുതായി മറ്റൊന്നുമില്ല'

സാഹിറിനോടും ഇമ്രോസിനോടും അഭിനിവേശം ഉണ്ടായിരുന്നിട്ടും, ഒരു അമ്മയെന്ന സഹജാവബോധം നിലനിന്നു. ജീവിതവുംസർഗ്ഗാത്മകതയും ഇഷ്ടപ്പെടുന്ന ഒരു സ്ത്രീയിൽനിന്ന് സത്യത്തിനും അറിവിനുമുള്ള തിരച്ചിലിൽ അർപ്പിതയായ ഒരു സ്ത്രീയിലേക്കുള്ള അമൃത പ്രീതത്തിന്റെ പരിവർത്തനം സ്ഥിരവും ക്രമാനുഗതവുമായിരുന്നു. മന്ദഗതിയിലുള്ള ഈ മാറ്റം അവളുടെ സ്ത്രീത്വത്തിൽ ആത്മീയത കൊണ്ടുവന്നു, അവർ മിസ്റ്റിസിസം, തത്ത്വചിന്ത, ജ്യോതിശാസ്ത്രം എന്നിവ പഠിക്കാൻ തുടങ്ങി.  ഇമ്രോസ് എഡിറ്റു ചെയ്ത അവളുടെ ആത്മകഥയായ അക്ഷരോങ്കെസായെയുടെ പുതുക്കിയ പതിപ്പിൽ അവർ കൂടുതൽ ജീവചരിത്ര വിശദാംശങ്ങളും ആത്മീയകുറിപ്പുകളും ചേർത്തു. ആന്തരികബോധം ഉണർന്ന അവരുടെ ജീവിതത്തെക്കുറിച്ചുള്ള പക്വമായ കാഴ്ചപ്പാടാണ് ഈ പുസ്തകം. ഈ പുതിയ പതിപ്പിൽ അവരുടെ രചനകളിൽ നിന്നുള്ള നിരവധി കവിതകളും ഭാഗങ്ങളും അവർ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇത് തത്ത്വചിന്തയോളം കാവ്യാത്മകവുമാണ്. ഈ ആത്മകഥ സാങ്കേതികമായി പുതുമയുള്ളതാണ്. അനുഭവം വിവരിക്കുന്നതിനും വ്യക്തിഗതവും ഉദാത്തവും ആത്മീയവുമായ ആവിഷ്കാരശൈലി സൃഷ്ടിക്കുന്നതിനും ഫാന്റസിയുടെ അന്തരീക്ഷം ഉണ്ടാക്കുന്നതിനും അവർ തന്റെ സൃഷ്ടിപരമായ കൗശലത്തിന്റെ ശക്തമായ ഉപകരണമായും ബോധപ്രവാഹത്തിന്റെ രീതിയായും സ്വപ്നങ്ങളെ ഉപയോഗിച്ചു. ലളിതമായ സംഭവങ്ങളെക്കുറിച്ചുള്ള അവരുടെ വിവരണത്തിൽ പോലും വൈകാരികസമ്മർദ്ദവും ബൗദ്ധിക ആവിഷ്കാരവും നിഴലിച്ചു. തീവ്രമായ വ്യക്തിനിഷ്ഠതയ്ക്ക് പുറമേ, അവരുടെ വിശാലമായ വീക്ഷണവും സൃഷ്ടിപരതയുള്ള ഒരു സ്ത്രീയുടെ സംഘർഷങ്ങളുടെ കൃത്യമായ ആവിഷ്കാരവും കൊണ്ട് അവർ വലിയ തോതിൽ അഭിനന്ദനത്തിന് അർഹയായി.

■



വാസ്തവം



ഡോ.ജാൻസി ജോസ്

# കുടുംബത്തിൽ സ്വന്തമായൊരു ഇടം

കുടുംബത്തിൽ എന്തുകൊണ്ടാണ് ഇക്കാലത്ത് സ്വാതന്ത്ര്യവും സമാധാനവുമില്ലാത്തത് എന്നറിയാമോ? എല്ലാവർക്കും പറയാൻ ഒരുത്തരമേയുള്ളൂ. പെണ്ണിന് അഹങ്കാരം വന്നിരിക്കുന്നു എന്ന്. കുടുംബ ജീവിതം ഒരു പ്രഹേളികയാണെന്നൊക്കെ നമ്മൾ വെറുതേ പറയുന്നതാണ്. നമുക്ക് കുടുംബ ജീവിതത്തെക്കുറിച്ച് കൃത്യമായ അജണ്ടകളുണ്ട്. എങ്ങനെ ജീവിക്കണമെന്നും എന്തു ചെയ്യണമെന്നുമൊക്കെ. തീർത്തും സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന രണ്ടു വെള്ളിൽ പക്ഷികളാണ് ഇന്ന് വിവാഹത്തിനു മുമ്പ് ആണും പെണ്ണും. വ്യവസ്ഥാപിത ചട്ടക്കൂടായ കുടുംബാന്തരീക്ഷത്തിലേക്കു വരുമ്പോഴേയ്ക്കും ചിന്തകളെല്ലാം കുഴഞ്ഞു മറഞ്ഞ് ബോധംകെട്ടു പോയ അവസ്ഥയിലെത്തുന്നു.

എത്ര ഉന്നത വിദ്യാഭ്യാസം നേടിയവർക്കും ഭർതൃവീട്ടിലെത്തുമ്പോൾ ഒരേ പദവിയാണ് കാത്തിരിക്കുന്നത്. പിന്നാമ്പുറവും അടുക്കളയും അവർക്ക് സ്വന്തമാകുന്നു. വായനയും വായിക്കാനൊരു മുറിയും സ്വന്തം പുസ്തകങ്ങളും കഥാകാരൻമാരും കഥാപാത്രങ്ങളുമെല്ലാം അവിടെവെച്ച് അവളെ കൊഞ്ഞനം കുത്തുന്നുണ്ടാവും. ഏതു വലിയ എഴുത്തുകാരിയാണെങ്കിലും സ്വന്തമായ ഒരു മുറിയോ, മേശ പോലുമോ ഉള്ളവർ വിരളം തന്നെ. പല സ്ത്രീകളും ഡിപ്രഷനിൽ എത്തിനിൽക്കുമ്പോൾ നിങ്ങളുടെ പഴയ ഹോബികളിൽ ഏർപ്പെടാനാവശ്യപ്പെടാറുണ്ട്. എന്നാൽ ഹോബി പോയിട്ട് മര്യാദക്ക് ഭക്ഷണം കഴിക്കാൻ പോലും സമയമില്ലാത്ത ഇക്കൂട്ടർ തങ്ങളുടെ നഷ്ടമായ വായനയെക്കുറിച്ച് പരിതപിക്കാറുണ്ട്. വിവാഹം ഹോബികളുടേയും വായനയുടെയും കൊലപാതകി ആകുന്നുണ്ടെങ്കിൽ പെണ്ണുങ്ങളെല്ലാം ഒന്നു സൂക്ഷിക്കുന്നത് നല്ലതാണ്. നിങ്ങൾക്ക് നിങ്ങളായി ജീവിക്കാനാകുന്നില്ലെങ്കിൽ അങ്ങനെയുള്ള ഇടം തിരഞ്ഞെടുക്കാതെ കരുതലോടെ മുന്നോട്ടു പോവേണ്ടതുണ്ട്. സ്വന്തം ജീവിതം ഹോമിക്കുന്നവർക്ക് ജീവിതം കൊണ്ടൊരു നേട്ടമുണ്ടാവുന്നില്ല എന്നു വേണം കരുതാൻ. വിവാഹം ഉറപ്പിക്കുമ്പോൾ തന്നെ കരാറുകൾ ഉറപ്പിക്കേണ്ടി വരും. അതിൽ തങ്ങളുടെ ഇഷ്ടങ്ങൾ, അഭിപ്രായങ്ങൾ, അഭിരുചികൾ, താത്പര്യങ്ങൾ എന്നിവ നില നിർത്തിക്കൊണ്ടൊരു ജീവിതം സാധ്യമാക്കണം എന്നൊരു ഡിമാൻറാകാം. അതു സമ്മതിക്കുന്ന പയ്യന്റെ കൂടെ സമാധാനമായി ജീവിക്കാൻ ശ്രമിക്കുക. ജീവിതം ശുഭകരമാക്കുക!



**ഉമ്മു ഹബീബ**
ഗവേഷക
മലയാള വിഭാഗം
കേരള സർവ്വകലാശാല

# രാഷ്ട്രീയപാതകൾ വെട്ടിതെളിച്ച സ്ത്രീകളുടെ ആത്മാഖ്യാനങ്ങൾ

***"women are smart but not to struggle alone"***

മലയാള സാഹിത്യത്തിലെ വൈവിധ്യവും സമ്പന്നവുമായ സാഹിത്യവിഭാഗമാണ് ആത്മകഥാസാഹിത്യം. കൊളോണിയൽ ആധുനികതയുടെ ഭാഗമായാണ് വ്യക്തികേന്ദ്രിതമായ ആത്മകഥാസാഹിത്യം പൊതുവിൽ വികാസം പ്രാപിച്ചത്. ആത്മകഥകളിലെ സത്യ/അസത്യങ്ങൾ അന്വേഷിച്ചു പോകുക എന്നതിലുപരി ആത്മകഥകൾക്ക് കാലവുമായുള്ള/ചരിത്രവുമായുള്ള ഒഴിവാക്കാനാവാത്ത ബന്ധം കണ്ടെടുക്കുക എന്നതാണ് ആധുനികാനന്തര കാലഘട്ടത്തിലെ രാഷ്ട്രീയ ധർമ്മം.

സ്ത്രീ ആത്മകഥകൾ ആത്മകഥാവിഭാഗത്തിലെ പ്രധാന സഞ്ചയമാണ്. ചരിത്രവുമായി അവ പുലർത്തുന്ന ആത്മാംശമുള്ള ബന്ധമാണ് അത്തരം ആത്മകഥകൾ പുലർത്തുന്ന പ്രധാന സവിശേഷത. വ്യക്തിപരത രാഷ്ട്രീയം (personal is political) കൂടിയാക്കി സുപ്രധാന ധർമ്മം നിർവഹിക്കുന്നവയാണ് സ്ത്രീ ആത്മകഥകൾ.

മുഖ്യധാരാ രാഷ്ട്രീയത്തിൽ പങ്കാളിത്തം സാധ്യമാക്കിയ അനേകം സ്ത്രീകൾ നമുക്കിടയിലുണ്ട്. പലരും തങ്ങളുടെ രാഷ്ട്രീയ വ്യവഹാരങ്ങളും അനുഭവങ്ങളും ആത്മകഥകളിൽ രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. രാഷ്ട്രീയ രംഗത്തെ സ്ത്രീ എന്ന നിലയിലുള്ള ഇടപെടലുകളെക്കുറിച്ചും സമരരംഗത്തെ പ്രക്ഷോഭകാരിണിയായി എങ്ങനെ പ്രവർത്തിച്ചു എന്നതും മുഖ്യധാരാ രാഷ്ട്രീയത്തിലെ ആൺകോയ്മ തങ്ങളെങ്ങനെയാണ് അനുഭവിച്ചതും പ്രതിരോധിച്ചതുമെന്ന് രാഷ്ട്രീയ ആത്മകഥകളിൽ വിശദീകരിക്കുന്നുണ്ട്.

നിരവധി സമരങ്ങളുടെയും പ്രക്ഷോഭങ്ങളുടേയും ചരിത്രമുള്ള നാടാണ് കേരളം. ഭൂതകാലങ്ങളിലെ സമരങ്ങളുടെ ബലത്തിലാണ് നാമിന്ന് നിവർന്ന് നടക്കുന്നത്. എന്നാൽ നാം നേടിയെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പ്രബുദ്ധതയിൽ ലിംഗ ജനാധിപത്യം ഉൾക്കൊണ്ടിട്ടുണ്ടോ എന്നത് ആത്മകഥകളെ മുൻനിർത്തി പരിശോധിക്കേണ്ടിയിരിക്കുന്നു.

സ്ത്രീ രാഷ്ട്രീയ പ്രമുഖകളുടെ ആത്മകഥകളിൽ വ്യത്യസ്ഥമായവയാണ് ജീവിതം ഒരു സമരം-അക്കമ്മ ചെറിയാൻ, ഇടങ്ങഴിയിലെ കുരിശ്-ആനി തയ്യിൽ മുതലായവ. അക്കമ്മ ചെറിയാന്റെ ആത്മകഥയായ ജീവിതം ഒരു സമരം (എഡി: ആർ പാർവ്വതിദേവി) ആത്മകഥാ വ്യവഹാരത്തിൽ ഉൾപ്പെടുമോ എന്ന ചോദ്യം പ്രസക്തമാണ്. അത്തരം ആലോചനകൾ ധാരാളം ഗവേഷണ സാധ്യതകൾക്ക് വഴിയൊരുക്കിയതുമാണ്. അതിനാൽ ആവക ചർച്ചകളിലേക്ക് കടക്കുന്നില്ല.

അക്കമ്മ ചെറിയാൻ ഗാന്ധിയൻ ആലോചനാപരിസരങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രാഷ്ട്രീയത്തിലേക്കെത്തിച്ചേർന്ന 'ധീരവനിത' പ്രതിച്ഛായയുള്ള സ്ത്രീയാണ്. 'ജീവിതം ഒരു സമരം' എന്ന ആത്മകഥയിൽ തന്റെ രാഷ്ട്രീയ ഗുരുവായ ഗാന്ധിജിയെ അക്കമ്മ സ്മരിക്കുന്നുണ്ട്. "ഇന്ത്യൻ സ്വാതന്ത്ര സമരത്തോടുകൂടിയും മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലുമാണ് സ്ത്രീകൾക്കും രാഷ്ട്രീയത്തിൽ അവരുടെ പങ്കുവഹിക്കാനുണ്ടെന്ന് ഒരു വിഭാഗം ജനങ്ങളെങ്കിലും അഗീകരിക്കാൻ തുടങ്ങിയത്." ഝാൻസിറാണിയായിട്ടാണ് അണികൾ അക്കമ്മയെ എതിരേറ്റത്. കൊട്ടാരം മാർച്ചിൽ "വെടിവെയ്ക്കാനാണ് ഭാവ

മെങ്കിൽ എന്റെ നെഞ്ചിൽത്തന്നെ ആദ്യത്തെ നിറയൊഴിക്കൂ" എന്ന് സൈന്യത്തെ വെല്ലുവിളിച്ച അക്കമ്മക്ക് തന്റെ ഔപചാരിക രാഷ്ട്രീയ പ്രവേശനത്തോടെ സ്വയം ചുരുങ്ങേണ്ടതായി വരുന്നു, "സ്ത്രീകൾ സമരമുന്നണിയിൽ നിൽക്കാൻ മാത്രം നിശ്ചയിച്ചിട്ടുള്ളവരാണ്. സമരവും ത്യാഗവും സ്ത്രീകൾക്കും സ്ഥാനമാനങ്ങൾ പുരുഷന്മാർക്കും. അടികൊള്ളാൻ ചെണ്ടയും പണം വാങ്ങാൻ മാരാരുമെന്ന്" അക്കമ്മക്ക് വിലപിക്കേണ്ടതായി വരുന്നു.

ദേശീയ സമരകാലത്ത് ഗാന്ധിയൻ സ്കൂൾ സ്ത്രീകൾക്ക് വലിയ പ്രചോദനമായിരുന്നു. അന്നാദ്യമായി സ്ത്രീകൾ തങ്ങളുടെ ദൗത്യം നിർവഹിക്കാനായി ഒരുമിച്ച് പൊതുമണ്ഡലത്തിലേക്കിറങ്ങി. എന്നാൽ സ്ത്രീയുടെ പാതിവ്രത്യത്തിനും വിശുദ്ധിക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് ഗാന്ധി സമരത്തിന് ചുക്കാൻ പിടിച്ചത്. മാത്രവുമല്ല ഔപചാരിക രാഷ്ട്രീയത്തെ കാടത്തത്തിലേക്കുള്ള തിരിച്ചുപോക്കായിട്ടാണ് ഗാന്ധിജി വിലയിരുത്തിയത്. ഗാന്ധിയൻ പാത സ്വീകരിച്ചുവെങ്കിലും അക്കമ്മ ഔപചാരിക രാഷ്ട്രീയത്തിലേക്ക് കടക്കാൻ തന്നെ തീരുമാനിച്ചു. 1952 മീനച്ചിൽ പാർലമെന്റ് സീറ്റിൽ അക്കമ്മ അപേക്ഷിച്ചു. സ്വന്തം പാർട്ടിയിൽ നിന്നും കത്തോലിക്ക സഭയിൽ നിന്നും അക്കമ്മക്കെതിരെ വലിയ ഭീഷണികളുണ്ടായി. ഒന്നിനെയും ഗൗനിക്കാതെ അക്കമ്മ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ചു. അക്കമ്മ ചെറിയാൻ തന്റെ ഔപചാരിക രാഷ്ട്രീയ പ്രവർത്തനത്തിന് വിരാമമിട്ടത് വളരെ കാലങ്ങൾക്ക് ശേഷമാണ്.

ഇടങ്ങഴിയിലെ കുരിശ് എന്ന ആത്മകഥ രചിച്ച ആനി തയ്യിൽ തന്റേടിയായ രാഷ്ട്രീയ പ്രവർത്തകയായിരുന്നു. 42 വർഷകാലം കോൺഗ്രസ്സിൽ പ്രവർത്തിച്ച ആനി ധീരമായി പോരാടി. ഒരേസമയം ആണധികാര വ്യവസ്ഥയുടെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ആനിക്ക് ഭാഗമാകേണ്ടിവന്നു. (വിമോചന സമരം പോലുള്ളവ) എന്നാൽ ഏറ്റവും കൂടുതൽ സമരം ചെയ്യേണ്ടിവന്നത് സ്വന്തം പാർട്ടിയിലെ ആണുങ്ങളോട് തന്നെയായിരുന്നു. "ആളുകൾ രാഷ്ട്രീയത്തിലേക്ക് കേറുന്നത് സ്വർഗ്ഗത്തിൽ പോകാനല്ല, സേവനം ചെയ്യാനും അതോടൊപ്പം സ്ഥാനമാനങ്ങൾ ലഭിക്കുവാനും കൂടിയാണ്. പുരുഷന്മാർക്കിങ്ങനെയെങ്കിൽ സ്ത്രീകൾക്ക് എന്തുകൊണ്ട് വയ്യ" എന്ന് വെല്ലുവിളിച്ച ആനി തയ്യിൽ ക്രിസ്തീയ പുരോഹിതന്മാരോടും  സ്വന്തം പാർട്ടിയിലെ ആണുങ്ങളോടും വളരെനാൾ പടപൊരുതി. "ഒരു രാജ്യത്തെ പ്രധാനമന്ത്രി ഒരു വിധവയും വ്യഭിചാരിയുമാണെങ്കിൽ ആ നാടെങ്ങനെ രക്ഷപ്പെടും" എന്ന സി എം സ്റ്റീഫന്റെ (പിൽക്കാലത്ത് ക്യാബിനറ്റ് മന്ത്രിയും ഐ സി സി സെക്രട്ടറിയുമായി തീർന്ന) പ്രസംഗത്തെ ആനി തയ്യിൽ അതിശക്തമായി ആത്മകഥയിൽ വിമർശിക്കുന്നുണ്ട്.

അക്കമ്മയും ആനി തയ്യിലും നേരിട്ടത് പോലുള്ള രാഷ്ട്രീയ ആക്രമണങ്ങൾ ഇന്നും ഔപചാരിക രാഷ്ട്രീയത്തിലിറങ്ങുന്ന സ്ത്രീകൾക്ക് മറ്റു പല രീതിയിൽ നേരിടേണ്ടി വരുന്നുവെന്നതാണ് നമ്മുടെ വലിയ പരാധീനത. അതുകൊണ്ടാണ് 'ഓളെ പഠിപ്പിച്ച് ടീച്ചറാക്കിയത് വെറുതെയായി' എന്ന് കെ. സുധാകരനും ആലത്തൂരിലെ സ്ഥാനാർത്ഥി "ആ പെൺകുട്ടിയില്ലേ" എന്ന് തുടങ്ങുന്ന അശ്ലീലധ്വനിയിലമർന്ന പ്രസംഗം വിജയരാഘവനും നടത്തിയത്. ഇത്തരത്തിൽ മുഖ്യധാരാരാഷ്ട്രീയത്തിൽ പങ്കാളികളാകുന്ന സ്ത്രീകളുടെ അസ്തിത്വത്തെ അപമാനിക്കുക എന്നതാണ് ആണധികാരത്തിന്റെ പൊതു അജണ്ട.

ഈഴവ നവോത്ഥാന പ്രവർത്തനങ്ങളാൽ മുഖരിതമായിരുന്നു ഗൗരിയമ്മയുടെ കുടുംബപശ്ചാത്തലം. ആദ്യകാലങ്ങളിൽ ഗൗരിയമ്മ ആവശ്യപ്പെടാതെതന്നെ രാഷ്ട്രീയമായ പല ചുമതലകളും അവർക്ക് വഹിക്കേണ്ടതായി വന്നു. ആത്മകഥയിൽ അദൃശ്യരാകേണ്ടിവന്ന സ്ത്രീകളെക്കുറിച്ച് ഗൗരിയമ്മ സ്മരിക്കുന്നുണ്ട്. പി.കൃഷ്ണപിള്ളയുടെ ഭാര്യ തങ്കമ്മയെപോലുള്ളവരുടെ അദൃശ്യത (invisibility) പാർട്ടിക്ക് വലിയ നഷ്ടമാണെന്ന് ഗൗരിയമ്മ രേഖപ്പെടുത്തുന്നു. പാർട്ടിയിൽ സജീവമായ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിച്ച ഗൗരിയമ്മയെ പാർട്ടി മാറ്റത്തോടെ, വൈകാരികമായി ഒറ്റപ്പെടുത്താനാണ് സി പി എം ശ്രമിച്ചതെന്ന് ഗൗരിയമ്മ ആത്മകഥയിൽ വ്യക്തമാക്കുന്നുണ്ട്.

ആണധികാരം കേവലാർത്ഥത്തിൽ മുഖ്യധാരാ രാഷ്ട്രീയത്തിൽ മാത്രം നിലനിൽക്കുന്ന ഒന്നല്ല. കുടുംബം, ഭരണകൂടം മുതലായവയുടെ രൂപഘടന നിർണയിക്കുന്നത് ആണധികാരമാണ്. പിതൃമേധാവിത്വപരമായ താല്പര്യങ്ങൾ തലമുറകളിലേക്ക് വ്യാപിക്കുന്നത് തന്നെ ഇത്തരത്തിൽ കുടുംബത്തിന്റെയും സ്റ്റേറ്റിന്റെയും ഇടപെടലുകൾ കൊണ്ട് കൂടിയാണ്. അതുകൊണ്ടുതന്നെ കുടുംബം/സ്റ്റേറ്റ് മുതലായ അധികാരഘടനയിലെ പുരുഷാധിപത്യപ്രവണതകളെ മറികടന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ലിംഗജനാധിപത്യം സാധ്യമാകുമെന്ന് കരുതാനാവില്ല.


എന്നാൽ ജനാധിപത്യ വിശ്വാസികളെന്ന നിലക്ക് ഔപചാരിക രാഷ്ട്രീയ പാർട്ടികളിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും അതിനുള്ളിലെ ലിംഗസമത്വം ഉറപ്പാക്കുന്നതിനും മുഖ്യധാരാ രാഷ്ട്രീയത്തിൽ പ്രവർത്തിച്ച സ്ത്രീകളുടെ അനുഭവങ്ങളിലെ സമാനതകൾ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുക എന്നത് വലിയ രാഷ്ട്രീയ ധർമ്മമായി മാറേണ്ടിയിരിക്കുന്നു. അത്തരം ലിംഗ രാഷ്ട്രീയ നിർമ്മിതികളാണ് സ്റ്റേറ്റ്/ഭരണകൂടം/കുടുംബം മുതലായവയുടെ പുനർനിർമ്മിതിക്ക് ജനാധിപത്യസമൂഹത്തെ നയിക്കുന്നത്.

■



**അമ്മിണി കുഞ്ഞൻ**

# ഇത് എന്റെ കഥ



**1995 ലെ പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ മൽസരിച്ചതിന്റെ നോട്ടീസ്**

14.4.1950 ൽ തേവന്റെയും മാലതിയുടെയും രണ്ടാമത്തെ കുട്ടിയായി ഞാൻ ജനിച്ചു.

ഞങ്ങൾ ആറു മക്കളാണുള്ളത്. അക്കാലത്ത് പട്ടിണിയായിരുന്നു. അച്ഛൻ പണിക്ക് പോയാൽ

മൂന്നിടങ്ങഴി നെല്ലും അമ്മയ്ക്ക് രണ്ടര ഇടങ്ങഴി നെല്ലുമാണ് കിട്ടുന്നത്. കിട്ടുന്നത് അന്നു തന്നെ കുത്തികഞ്ഞിവയ്ക്കും. പാടത്ത് പണി കഴിഞ്ഞാൽപ്പിന്നെ ഒരു പണിയുമില്ല. അപ്പോൾ എന്റെ അമ്മയും കുറച്ചു കൂട്ടുകാരുംകൂടി ഇപ്പോൾ താമസിക്കുന്ന തെങ്ങോടു ഞാറ്റുമലയിൽ വന്നു ചൂട്ടും പുല്ലും പിന്നെ കരിംതുമ്പ പറിക്കാനും പോരും. ആ പുല്ല് ചുമന്ന് പള്ളിക്കര ഞങ്ങളുടെ വീട്ടിൽ എത്തിക്കും. ഞാൻ സ്കൂൾ വിട്ടു നാലു മണിക്ക് വരുമ്പോൾ ഞാനും അമ്മയും ചൂട്ടു പുല്ല് മുടി കെട്ടി വാറ്റുപുരയിൽ എത്തിക്കും. ഞങ്ങളുടെ സ്കൂൾ കഴിഞ്ഞ് കുറച്ചുകൂടി കിഴക്കോട്ട് പോകണം. അങ്ങനെ അത് വിറ്റാൽ ഒരു ദിവസം പന്ത്രണ്ട് അണ കിട്ടും. അന്നേരം പോരുമ്പോൾ വഴിയരികിൽ തൊണ്ടു കളയാതെ പുഴുങ്ങിയ കപ്പ വാങ്ങി കഴിക്കും.ആറു കാശിനാണ് വാങ്ങുന്നത്. പിന്നെ പച്ച കപ്പ രണ്ട് റാത്തൽ വാങ്ങും. പുഴുങ്ങിയ കപ്പ ചെല്ലുമ്പോൾ തന്നെ കുട്ടികൾക്ക് കൊടുക്കും. മുതലാളന്റെ പറമ്പിൽ വാഴപ്പിണ്ടി, വാഴയുടെ ആണങ്ങ് ഇതെല്ലാം കൊണ്ടു വന്നു ഈ പച്ച കപ്പയും ചേർത്ത് പുഴുക്ക് പോലെ ഉണ്ടാക്കും. വളരെ കുറച്ചു ചോറാണ് ഉള്ളത്. ഇത് കഴിച്ച് വിശപ്പടക്കും. പിന്നെ പയറിന്റെ ഇല, തകര ഇല, മുരിങ്ങ ഇല, ചാത്തൻ ചീര, കാട്ടുതാൾ ഇതെല്ലാം കഴിച്ചാണ് ഞങ്ങൾ വളർന്നത്. പിന്നെ ഞങ്ങൾ സ്കൂളിൽ പോകുമ്പോൾ കാശുണ്ടെങ്കിൽ എന്തെങ്കിലും വാങ്ങാൻ വേണ്ടി ഒരു കുട്ട കൊണ്ടുപോകും. നാലു മൂലയുള്ള കുട്ടയാണുള്ളത്.ആ കുട്ടയുടെ പേര് കീടായി കൊട്ട എന്നാണ് പറയുന്നത്. ഒരു ദിവസം ഒരു മാപ്പിള കുറച്ചു ചാള വാങ്ങി എന്റെ കൊട്ടയുടെ മുകളിൽ വച്ചിട്ട് ഈ ചാള എന്റെ വീട്ടിൽ കൊണ്ടു പോയി കൊടുക്കണം എന്ന് പറഞ്ഞു. ഞാൻ പറഞ്ഞു എനിക്ക് പറ്റൂല്ല. ചാള മുഴുവനും ഞാൻ പോന്ന വഴി ഇട്ടു. അത് മുഴുവനും കാക്ക കൊണ്ടു പോയി തീർത്തു. പിറ്റേ ദിവസം എന്റെ മാടത്തിൽ മാപ്പിള വന്നു വഴക്ക് പറഞ്ഞു. ഇത് കേട്ടപ്പോൾ അച്ഛൻ എന്നെ തല്ലി. പിന്നെ ഒരു ദിവസം ഒരു ചേരാണിചേക്ക് ഞാൻ വെള്ളത്തിന് കൊണ്ടു പോയ കലത്തിൽ വലമീൻ മേടിച്ചു വച്ചു. കലം തരുന്നില്ല. എനിക്ക് സ്കൂളിൽ പോകാൻ സമയം അധികം ആയി. അതുകൊണ്ട് ഞാൻ ആ മീൻ എന്റെ വല്യച്ചന്റെ മുറ്റത്ത് ഒഴിച്ചിട്ട് കലം എടുത്തു വെള്ളം കോരി കൊണ്ടു പോന്നു. പിറ്റേ ദിവസം ആ അണിചാര് അച്ഛനോട് പറഞ്ഞ് എന്നെ തല്ലു കൊള്ളിച്ചു. അന്നത്തെ കാലത്ത് അങ്ങനെ തല്ലിയില്ലെങ്കിൽ അച്ഛനെ അവർ തല്ലും. അങ്ങനെയുള്ള

പലതും നടന്നിട്ടുണ്ട്. അപ്പോൾ ഞാൻ അമ്മയോട് പറയും എന്നെ തീവണ്ടി കേറി പോകേണ്ട ദൂരത്തിൽ കെട്ടിച്ചു വിടണം.

പിന്നെ ഒരു ദിവസം സ്കൂളിന്റെ അടുത്തുള്ള ചായക്കടയിൽ പെട്ടി പാടുന്നു. പാട്ട് ഇങ്ങനെയാണ്. ചേരമാൻ പെരുമാള് തമ്പുരാനും ഓലയെഴുതി അയച്ചിതല്ലോ ഈഴവത്തു രാജാവിന് കത്ത് കിട്ടി അവിടെന്നു ഏഴ് പേരെ അയക്കവേണം. ചേരമാൻ പെരുമാളിന്റെ കൽപ്പനയാണ് എന്നുള്ള പാട്ട് കേട്ടപ്പോ ഞാൻ വീട്ടിൽ വന്നു അമ്മയോട് ചോദിച്ചു. അമ്മയ്ക്ക് വിശദമായി പറയാൻ അറിയില്ല.

തെക്കേക്കരയിലെ അമ്മാവനോട് ചോദിക്കാൻ പറഞ്ഞു. അമ്മാവൻ വന്നപ്പോൾ പറഞ്ഞു തന്നു. പത്ത് വയസ്സുള്ളപ്പോഴാണ് ഇത്. ഞാൻ കേട്ടിട്ടുള്ളത് എന്റെ മനസ്സിൽ ഇപ്പോഴും ഓർക്കുന്നു. ഞാൻ പഠിച്ചിരുന്ന കാലത്ത് നൂറിൽ നൂറു മാർക്കും വാങ്ങുമായിരുന്നു. പിന്നീട് ഇളയ കുട്ടികളെ നോക്കാൻവേണ്ടി പഠിപ്പ് നിർത്തേണ്ടി വന്നു. പതിമൂന്നു വയസ് ആയപ്പോൾ ഞാനും എന്റെ ഞാഞ്ഞയും പരിസരത്തുള്ള കൂട്ടുകാരും കൂടി മരോട്ടി മുകളിൽ മണ്ണ് ചുമക്കാൻ പോയി. ഞാൻ ചെറുതായതുകൊണ്ട് എനിക്ക് ഒന്നേകാൽ രൂപയും വലിയവർക്ക് ഒന്നര രൂപയും കിട്ടും. അങ്ങനെ ഞങ്ങളുടെ പട്ടിണി മാറി തുടങ്ങി. ഇങ്ങനെ പണിക്ക് നടക്കുന്ന സമയത്താണ് എന്നെ വിവാഹം കഴിച്ചത്. 18.4.1966 മേട മാസം അഞ്ചാം തീയതിയാണ് എന്റെ വിവാഹം കഴിഞ്ഞത്. കുഞ്ഞന് ഇരുപത്തഞ്ച് വയസും എനിക്ക് പതിനേഴു വയസും ആയിരുന്നു. മൂത്തമകൾ എന്റെ പത്തൊമ്പതാമത്തെ വയസ്സിലും ഭാനു ജനിച്ചത് ഇരുപത്തൊന്നാമത്തെ വയസ്സിലും വാസു ജനിച്ചത് ഇരുപത്തിമൂന്നാം വയസ്സിലും റെജി ജനിച്ചത് ഇരുപത്തഞ്ചാം വയസ്സിലും ആണ്. ദേവയാനിക്ക് ഒന്നര വയസ്സുള്ളപ്പോൾ ആണ് ഈ വീടിരിക്കുന്ന സ്ഥലം ചാച്ചനോട് വാങ്ങിയത്. 18.5.1969 ൽ ആണ് ഒരു ചെറിയ മാടം കെട്ടി ഞങ്ങൾ താമസം തുടങ്ങിയത്. അന്നു അച്ഛൻ മാത്രമാണ് പണിക്ക് പോകുന്നത്. അക്കാലത്ത് എന്റെ അച്ഛനും അമ്മയും നെറ്റിയിൽ വെളുത്ത പൊട്ടുള്ള ഒരു കാള കുഞ്ഞിനെ വാങ്ങി തന്നു. പിന്നീട് ഒരു ആട്ടിൻ കുഞ്ഞിനേയും ഞാൻ വാങ്ങി. വീട്ടിൽ ഇരുന്ന് അച്ഛൻ കൊണ്ടുവരുന്ന വരുമാനം കൊണ്ട് വേണ്ടുന്നവിധം ഉപയോഗിച്ച് ജീവിച്ചു പോന്നു. അക്കാലത്ത് ഭാനു ആരോടും ഇണങ്ങാത്ത കുട്ടിയായിരുന്നു. അന്നു വെള്ളം കൊണ്ടു വരാൻ വേണ്ടി ഇടച്ചിറയിലുള്ള ബീരാകുട്ടിയുടെ വീട്ടിലോ പാർലി മൂലയിലോ തെക്ക് വശത്തുള്ള പഞ്ചായത്ത് കിണറ്റിലോ കരിമ്പനക്കാ മൂലക്കുഴിയിലോ ഒറ്റിക്കാലായിലോ അല്ലെങ്കിൽ വടക്കുവശത്തുള്ള പഞ്ചായത്ത് കിണറ്റിലോ പോകണം. വിറക് വെട്ടാൻ വേണ്ടി ഇടച്ചിറ അക്കരെയുള്ള മലയിൽ പോകണം. എന്റെ അനിയത്തികൾ വരുമ്പോൾ കുട്ടികളെയും കൊണ്ടുള്ള ഈ മലയിൽ കുറ്റി കൊത്താൻ പോയി. പിള്ളേരെ ഒരു കല്ലിന്റെ മുകളിൽ ഇരുത്തി. അണലി പാമ്പിന്റെ പുറത്തായിരുന്നു കുട്ടികളുടെ കാലുകൾ മുട്ടിയിരുന്നത്.

ഇത് കണ്ടപ്പോൾ കുട്ടികളെ എടുത്തുകൊണ്ട് പേടിച്ച് ഓടിപ്പോയി. അന്ന് വിറക് കൊത്തിയില്ല. ഞങ്ങളുടെ അമ്മ ഞങ്ങളുടെ കൂടെ സ്ഥിരമായിട്ട് വന്നത് അമ്മായി മരിച്ചതിന് ശേഷമാണ്. അന്നു വാസുവിന് ഏഴ് മാസം പ്രായം ആയിരുന്നു. അമ്മ വന്നതിനുശേഷം ഞാൻ കുട്ടിക്ക് പാല് വാങ്ങി വച്ചിട്ട് ഹുമെന്തയിൽ ചൂട്ടും പുല്ലും മുറിക്കാൻ കൂട്ടുകാരുടെ കൂടെ പോകും.ഇപ്പോൾ എഞ്ചിനീയറിംഗ് കോളേജ് ആണ് അവിടം.

ഞങ്ങൾ ആ മലയിൽനിന്നും ചൂട്ടും പുല്ലും മുറിച്ച് തലച്ചുമടിനു മറ്റപ്പള്ളി മൂലയിലെ തങ്കമ്മ ടീച്ചറിന്റെ വീട്ടിലുള്ള വാറ്റു പുരയിൽ എത്തിക്കണം. അങ്കമാലിക്കാരാണ് വാറ്റുന്നത്. മുടി കണക്കിനാണ് രൂപ കിട്ടുന്നത്. രണ്ടു രൂപ മൂന്നു രൂപ കിട്ടും അക്കാലത്ത്. പാടത്ത് പണിയുള്ളപ്പോൾ രണ്ടേകാൽ രൂപയാണ് കിട്ടുന്നത്.

കുഞ്ഞൻ (അച്ഛൻ) പണിക്ക് പോയാൽ കൽപ്പണിക്ക് അഞ്ചു രൂപയാണ് കിട്ടുന്നത്. അങ്ങനെ ജീവിതം പച്ച പിടിച്ചു തുടങ്ങി. പിന്നീട് റെജിക്ക് രണ്ടു വയസുള്ളപ്പോൾ ആണ് ഞാനും കൂട്ടുകാരും കൂടി 5.3.1977ൽ എറണാകുളത്തു മേനകയുടെ അടുത്തുള്ള റോഡു പണിക്ക് പോകുന്നത്. പിന്നീട് പനമ്പള്ളി നഗർ റോഡ് പണിക്ക് പോയി. അന്ന് ആറു രൂപയാണ് കിട്ടുന്നത്.

ഞാൻ പിന്നീട് കച്ചേരിപ്പടിയിലുള്ള മേഴ്സി ഹോം എന്ന മഠത്തിൽ ഇരുപത് കൊല്ലം പണിയെടുത്തു. മൂത്ത മകളുടെ കല്യാണം കഴിഞ്ഞതിനുശേഷം അസുഖമായിട്ട് പോകാൻ പറ്റിയില്ല. മക്കൾ ഉപേക്ഷിച്ചവരും അനാഥക്കുട്ടികളുമാണ് അവിടെയുള്ളത്. ഞാൻ ഇപ്പോഴും അവരെ കാണാൻ പോകാറുണ്ട്. അങ്ങനെ അച്ഛനൊപ്പം ഞാനും പണിക്ക് പോയതുകൊണ്ടാണ് നമ്മുക്ക് ഇത്രയും നല്ല രീതിയിൽ ജീവിക്കാൻ സാധിക്കുന്നത്. കൂലിപ്പണി ചെയ്താണ് കൃഷി സ്ഥലങ്ങൾ വാങ്ങാനും കുട്ടികളെ ഇത്രയും പഠിപ്പിക്കാനും സാധിച്ചത്.

മൂത്ത മകളെ പഠിപ്പിച്ച് കലക്ടർ ആക്കാനാണ് അച്ഛൻ ആഗ്രഹിച്ചത്. അവൾക്ക് മാത്രം ഗവൺമെന്റ് ജോലിയില്ല. അതുകൊണ്ട് വളരെ വിഷമം ഞങ്ങൾക്ക് ഉണ്ട്.

ഞങ്ങൾ എല്ലാവരെയും നല്ല രീതിയിൽ പഠിപ്പിച്ചു. മൂന്നുപേർക്ക് ജോലി കിട്ടി. ഇതു കണ്ട് സന്തോഷിക്കാനുള്ള ഭാഗ്യം അച്ഛന് ഉണ്ടായില്ല. ഞാൻ ഇതെല്ലാം കണ്ട് ഞെരുങ്ങി ജീവിക്കുന്നു.

■



**എം.എസ്. ശ്രീകല**
മാധ്യമ പ്രവർത്തക
എഴുത്തുകാരി

# അവരെന്നെ വിരലുകളാൽ ബലാൽസംഗം ചെയ്തു...

**ഹോ**സ്നി മുബാറക് അധികാരഭ്രഷ്ടനായ രാത്രി കെയ്റോയിലെ താഹിർ ചത്വരത്തിൽ താൻ കൊല്ലപ്പെട്ടെന്നാണ് ലാറാ ലോഗൻ കരുതിയത്. അവർ 200 മുതൽ 300 വരെ എണ്ണം പുരുഷന്മാരുണ്ടായിരുന്നു. സിബിസി ടെലിവിഷന് വേണ്ടി 2011 ഫെബ്രുവരി 11ന് ഈജിപ്റ്റിൽ നിന്ന് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുകയായിരുന്നു ലാറാ. അന്തരീക്ഷം മാറിയത് വളരെ പെട്ടെന്നാണ്. റിപ്പോർട്ടിംഗ് കണ്ടുനിന്നിരുന്നവരുടെ ഭാവം ഭീഷണമായി.



ലാറ, ആക്രമിക്കപ്പെടുന്നതിന് തൊട്ടുമുമ്പെടുത്ത ഫോട്ടോ

അവർ ലാറയെ പ്രൊഡ്യൂസറുടെയും അംഗരക്ഷകന്റെയും അടുത്തുനിന്ന് പറിച്ചെടുത്തുകൊണ്ടുപോയി. വസ്ത്രങ്ങൾ വലിച്ചുചീന്തി. തടഞ്ഞപ്പോൾ അടിച്ചു. ഒടുവിൽ ലാറയുടെ തന്നെ ഭാഷയിൽ പറഞ്ഞാൽ നിസ്സഹായയായ ഒരു സ്ത്രീ ശരീരത്തെ ആയിരക്കണക്കിന് വിരലുകളാൽ ബലാൽസംഗം ചെയ്തു. സംഭവം കണ്ട് ഒരു സംഘം സ്ത്രീകൾ ഇരുപതോളം പട്ടാളക്കാരെ കൂട്ടിവരുന്നതുവരെയുള്ള നാൽപ്പത് മുഴുവൻ മിനിറ്റുകൾ അത് തുടർന്നു.

സംഘർഷഭൂമികളിൽ ശാരീരികമായ ആക്രമണത്തിനുള്ള സാധ്യത മുന്നിൽ കണ്ടു തന്നെയാണ് ഓരോ മാധ്യമപ്രവർത്തകനും/ പ്രവർത്തകയും പണിയെടുക്കുന്നത്. പക്ഷേ സ്ത്രീകളായ മാധ്യമപ്രവർത്തകർക്ക് നേരിടേണ്ടി വരുന്ന ഹിംസയുടെ വ്യത്യസ്തമായ മാനങ്ങൾ വ്യക്തമാക്കുന്നു അവർക്ക് നേരെ നടക്കുന്ന ഓരോ അക്രമവും. അക്രമത്തിനിരയാവുന്ന പുരുഷ മാധ്യമപ്രവർത്തകർ വീരോചിതമായ മുൻപേജ് വാർത്തകളുടെ ആഘോഷമായി മാറുമ്പോൾ സ്ത്രീകൾ നേരിടുന്ന ഭീഷണി മാധ്യമവൃത്തങ്ങൾക്കകത്തുപോലും വാർത്തയാവാതെ പോവലായിരുന്നു പതിവ്.

രണ്ടായിരാമാണ്ടിൽ ജിനെത്ത് ബിദോയ ലിമ എന്ന കൊളംബിയൻ മാധ്യമപ്രവർത്തകയാണ് ഈ നടപ്പ് ശീലത്തിന് ഒരറുതി വരുത്തിയത്. മധ്യകൊളംബിയയിലെ വില്ലാവിസെൻഷ്യോ എന്ന നഗരഹൃദയത്തിൽ വലതുപക്ഷ സമാന്തര സൈനികരെക്കുറിച്ചുള്ള റിപ്പോർട്ടിംഗിനിടെ തട്ടിക്കൊണ്ടുപോയി കണ്ണുമൂടിക്കെട്ടി കെട്ടിയിട്ട് മർദിച്ചവശയാക്കി അതിക്രൂരമായി കൂട്ടബലാൽസംഗം ചെയ്യപ്പെട്ടെന്ന വിവരം സ്വതന്ത്രയായ നിമിഷം തന്നെ ലോകത്തോട് വിളിച്ചുപറഞ്ഞ ബിദോയക്ക് ഐക്യദാർഢ്യവുമായെത്തിയത് ലോകമെമ്പാടുമുള്ള നൂറുകണക്കിന് വനിതാ മാധ്യമപ്രവർത്തകരാണ്. പക്ഷേ, ബിദോയയെത്തന്നെ അമ്പരപ്പിച്ച വിവരം ലാറ്റിനമേരിക്ക മുതൽ അമേരിക്കയും



ജിനെത്ത് ബിദോയ ലിമ

**"അത് നാണക്കേടായിരുന്നു. സംഭവം പുറത്തറിഞ്ഞാൽ ഭാവിയിൽ വിദേശ അസൈൻ മെന്റുകളിൽ നിന്ന് മാറ്റി നിർത്തിയാലോ എന്ന ഭയം തീർച്ചയായും ഉണ്ടായിരുന്നു. പുരുഷന്മാരോളമോ അതി ലേറെയോ യോഗ്യയാണെന്ന് തെളിയിക്കാൻ ശ്രമിക്കുന്ന ഒരാളെന്ന നിലക്ക് ഞാൻ ദുർബലയായ പെൺകുട്ടിയാ ണെന്ന് ആർക്കും തോന്നരു തെന്നും എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു."**

യൂറോപ്പും വരെ നീളുന്ന ആ ശൃംഖലയിലെ സ്ത്രീകളെല്ലാം ഏറിയും കുറഞ്ഞും ബിദോയ നേരിട്ട അതേ അനുഭവപരിസരത്തിലൂടെ തൊഴിലിനിടെ കടന്നുപോയവരാണെന്നതാണ്. ബിദോയ യുടെ അനുഭവം ചരിത്രത്തിൽ അടയാളപ്പെട്ടു. ഒരർത്ഥത്തിൽ ലാറയുൾപ്പെടെ പിറകെ വന്ന പലർക്കും നീതി തേടാനുള്ള പ്രേരണയായി.

ഇരുപത് വർഷം വരെ മുമ്പ് സംഭവിച്ചതും എവിടെയും രേഖപ്പെടുത്താത്തതുമായ സംഭവങ്ങളാണ് ബിദോയയുടെയും ലാറയുടെയും അനുഭവങ്ങൾ പുറത്തുവന്നതിന് ശേഷം വെളിപ്പെട്ടത്. മധ്യപൂർവദേശം മുതൽ തെക്കനേഷ്യ വരെയും ആഫ്രിക്ക മുതൽ അമേരിക്ക വരെയുമുള്ള രാജ്യങ്ങളിൽ നിന്ന് ഇരുപത്തിയേഴ് വനിതകൾ സ്വന്തം രാജ്യത്തിനകത്തും ഇരുപത്തഞ്ച് പേർ അന്തർദേശീയ റിപ്പോർട്ടിംഗിനിടയിലും ലൈംഗികമായി ആക്രമിക്കപ്പെട്ട വിവരം തുറന്നുപറഞ്ഞു. (Lauren Wolfe, Committee to protect journalists - Published June 7, 2011) കുടുംബത്തിനകത്തോ സുഹൃത്തുക്കളോടോ പറയുന്നതിനപ്പുറം തൊഴിൽ ചെയ്യുന്ന മാധ്യമസ്ഥാപനം പോലും അന്നോളം ഒന്നും അറിഞ്ഞിരുന്നില്ല.

ബേനസീർ ഭൂട്ടോയുടെ തിരിച്ചുവരവ് റിപ്പോർട്ട് ചെയ്യാൻ 2007ൽ പാക്കിസ്ഥാനിലെത്തിയ സ്വീഡിഷ് മാധ്യമപ്രവർത്തക ജെന്നി നോർബെർഗ് അക്രമിക്കപ്പെട്ടത് കറാച്ചിയിൽ ഒരു പ്രകടനത്തിനിടെയാണ്. ഒരു കൂട്ടം അക്രമികൾക്ക് നടുവിൽ ഒറ്റക്ക് പെട്ടുപോയ ജെന്നിയെ അതുവഴി വന്ന ഒരു ഡ്രൈവർ ട്രക്ക് നിർത്തി വലിച്ച് കയറ്റിയാണ് രക്ഷപ്പെടുത്തിയത്. "അത് നാണക്കേടായിരുന്നു. സംഭവം പുറത്തറിഞ്ഞാൽ ഭാവിയിൽ വിദേശ അസൈൻമെന്റുകളിൽ നിന്ന് മാറ്റി നിർത്തിയാലോ എന്ന ഭയം തീർച്ചയായും ഉണ്ടായിരുന്നു. പുരുഷന്മാരോളമോ അതിലേറെയോ യോഗ്യയാണെന്ന് തെളിയിക്കാൻ ശ്രമിക്കുന്ന ഒരാളെന്ന നിലക്ക് ഞാൻ ദുർബലയായ പെൺകുട്ടിയാണെന്ന് ആർക്കും തോന്നരുതെന്നും എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു." പരാതിപ്പെടാതിരിക്കാനുള്ള കാരണത്തെ ജെന്നി 2011ൽ ഇങ്ങനെയാണ് വിശദീകരിച്ചത്.

പതിനാറ് വർഷത്തിന് ശേഷമാണ് ബിദോയയെ അക്രമിച്ചവരിലൊരാൾ, മുൻ സൈനികൻ കൂടിയായ മരിയോ ജെയിംസ് മെജിയയെ പതിനൊന്ന് വർഷത്തെ തടവിന് ശിക്ഷിച്ചത്. അവളെ നിശബ്ദയാക്കാൻ വേണ്ടിത്തന്നെയാണ് ആക്രമിച്ചതെന്ന് മെജിയ മാധ്യമങ്ങളോട് പറഞ്ഞു. ബിദോയയുടെ നിയമപ്പോരാട്ടവും അവരനുഭവിച്ച കൊടിയ പീഡനത്തെപ്പോലെ ക്രൂരമായിരുന്നു. കൊളംബിയൻ സർക്കാരിന്റെ നീതിനിർവഹണത്തെ ബിദോയ പലപ്പോഴും പരസ്യമായി ചോദ്യം ചെയ്തു. ഒരു ഘട്ടത്തിൽ മനസ്സ് മടുത്ത് ഇനി വിചാരണക്കില്ലെന്ന് നിലപാടെടുത്തു. ഇന്ന് മാധ്യമപ്രവർത്തകകളുൾപ്പെടെ ലൈംഗികമായ അതിക്രമത്തിനിരയാവുന്ന മുഴുവൻ സ്ത്രീകളുടെയും സഹായത്തിന് സന്നദ്ധസേവനം നടത്തുകയാണവർ.

ലാറ ലോഗൻ ഒരു വർഷം കൂടി എൻബിസിയിൽ തുടർന്നു. ലിബിയയിൽ രണ്ട് അമേരിക്കൻ നയതന്ത്ര ഉദ്യോഗസ്ഥർ കൊല്ലപ്പെട്ട ബെൻഘാസി സംഭവം, അഫ്ഘാൻ നയം എന്നീ വിഷയങ്ങളിൽ ഒബാമ സർക്കാരിനെതിരെ പരസ്യപ്രതികരണം നടത്തിയതിനെ തുടർന്ന് 2012ൽ അവർക്ക് നിർബന്ധിത അവധിയിൽ പോകേണ്ടി വന്നു. ഇപ്പോൾ സിൻക്ലെയർ ബ്രോഡ്കാസ്റ്റ് ഗ്രൂപ്പിൽ പ്രവർത്തിക്കുന്നു.

സാമൂഹ്യമായ കളങ്കപ്പെടൽ മുതൽ തൊഴിലിലെ വിവേചനം വരെയുള്ള പല പല കാരണങ്ങളെ ഭയന്ന് ഏകാകിനികളും അപമാനിതകളുമായി ഒരു വൃത്തികെട്ട രഹസ്യം പോലെ ജീവിതകാലം മുഴുവൻ നിസ്സഹായരായി അനീതി അനുഭവിക്കുന്നവരായിരുന്നു നമ്മൾ ടെലിവിഷൻ സ്ക്രീനിൽ കണ്ട പ്രസിദ്ധരായ മാധ്യമപ്രവർത്തകരിൽ പലരും! ഇനിയത് പറ്റില്ല എന്ന് തീരുമാനിച്ച ഏതാനും സ്ത്രീകളെങ്കിലുമുണ്ട് എന്നതാണ് പുതിയകാലത്തിന്റെ പ്രതീക്ഷ

■



**സംഗീത തിരുവൾ പി.പി.**
അദ്ധ്യാപിക,
മലയാള വിഭാഗം
എസ്.എൻ.എം. കോളേജ്,
മാല്യങ്കര

# എഴുത്തുകാരിയുടെ നേര്

സ്വകീയമായ അനുഭവ ജ്ഞാനത്തിന്റെ ആവിഷ്ക്കരണമാണ് ആത്മകഥ. പ്രജ്ഞാപരവും വൈകാരികവുമായ രണ്ടു ഘടകങ്ങളോടു കൂടിയാണ് വ്യക്തിസത്തയുടെ കലാവിഷ്ക്കരണം എന്ന നിലയിൽ ആത്മകഥ നിലകൊള്ളുന്നത്. അനുഭവങ്ങളോടുള്ള വൈകാരികമായ സമീപനമല്ല മറിച്ച് അവയെ സമചിത്തതയോടെ വിലയിരുത്തി പ്രജ്ഞാപരമായി എഴുതുന്ന ആത്മകഥകൾക്കാണ് കൂടുതൽ കരുത്ത്.

സെന്റ് അഗസ്റ്റിന്റെ (ക്രിസ്തുവർഷം 354 –430) കൺഫെഷൻസിൽ (confessions :ഏറ്റുപറച്ചിൽ) തുടങ്ങി നളിനി ജമീലയുടെ ആത്മകഥയ്ക്കിപ്പുറം (ഒരു ലൈംഗികത്തൊഴിലാളിയുടെ ജീവിതം) എത്തിനിൽക്കുന്ന ആത്മകഥാ സാഹിത്യത്തിന്റെ പരിണാമ പ്രക്രിയയ്ക്ക് സഹസ്രാബ്ദങ്ങളുടെ ആഴവും പരപ്പുമുണ്ട്. “ഓരോ പുരുഷനും ലൈംഗികത നിറഞ്ഞ രണ്ടു തരത്തിലുള്ള ജീവചരിത്രങ്ങൾ/ആത്മകഥ ഉണ്ടാകും. സാധാരണയായി ആളുകൾ ആദ്യത്തേതിനെ സംബന്ധിച്ച് മാത്രമാണ് സംസാരിക്കാറ്. ഉണ്ടായിരുന്നതും ഉണ്ടാകാമായിരുന്നതുമായ ബന്ധങ്ങൾ. എന്നാൽ പറയാതെ പോകുന്ന ജീവചരിത്രമാണ്/ആത്മകഥയാണ് കൂടുതൽ രസകരമായത്. നമ്മൾ ആഗ്രഹിച്ച സ്ത്രീകളുടെ ഘോഷയാത്ര, നമ്മിൽ നിന്നും കുതറി ഓടിയവർ; നഷ്ടപ്പെട്ടുപോയ അവസരങ്ങളുടെ ദുഃഖാർദ്രമായ ചരിത്രമാണത്” എന്ന് മിലൻ കുന്ദേര The Book of Laughter and forgetting (1979) എന്ന പുസ്തകത്തിൽ പറയുന്നുണ്ട്.


ആത്മകഥ സ്ത്രീയുടേതാകുമ്പോൾ നിലനിൽക്കുന്ന ചില സാമൂഹ്യഘടനകൾക്കും കുടുംബഘടനയ്ക്കും അനുസൃതമായി സ്വന്തം അനുഭവങ്ങളെ പാകമായൊരു അറയിലേക്ക് പുതുക്കി പണിയേണ്ടി വരുന്നു. കുലീനയും കുലടയ്ക്കുമിടയിൽ സ്വന്തം സ്ഥാനം നിജപ്പെടുത്താൻ അവൾ ജീവിതകാലം മുഴുവൻ പണിപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സ്ത്രീകൾ കൂടുതലായി ആത്മകഥാപരമായ രചനകൾക്കു തുനിയാറില്ല. സ്ത്രീയുടെ രചനകളെ അവളുടെ വ്യക്തിജീവിതവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്ന ഒരു പ്രവണത സാഹിത്യത്തിൽ എന്നും നിലനിൽക്കുന്ന ഒന്നാണ് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ബാംഗ്ലൂർ നാഗരത്നമ്മക്കേസ്. സ്ത്രീയുടെ സ്വതന്ത്രമായ രത്യാവിഷ്ക്കരണങ്ങളെ പല കാലഘട്ടങ്ങളിലേയും പുരുഷാധിപത്യസമൂഹം എതിർത്തിരുന്നു. രാധികാസാന്ത്വനത്തിന്റെ പല ഭാഗങ്ങളും സ്ത്രീകൾ കേൾക്കാൻ പാടില്ലാത്തവയാണ്. പക്ഷെ അവ ഉണ്ടായത് ഒരു സ്ത്രീയിൽ നിന്നു തന്നെയാണ്. ശൃംഗാരരസത്തെ മറയാക്കിക്കൊണ്ട് അവർ നാണമില്ലാതെ ഈ കൃതിയിൽ മോശപ്പെട്ട കാര്യങ്ങൾ പറയുന്നു. ഇത് എന്നെ അത്ഭുതപ്പെടുത്തുന്നില്ല. കാരണം അവർ ജനിച്ചത് ഒരു വേശ്യാ കമ്മ്യൂണിറ്റിയിലാണ്. സ്ത്രീഗുണങ്ങളായ ലജ്ജ, വിനയം എന്നിവ അവർക്കുണ്ടാകില്ല എന്നാണ് രാധികാ സാന്ത്വനത്തെപ്പറ്റി മുതുപളനിയുടെ നിശിതവിമർശകനായിരുന്ന കുണ്ടുകുരി വീരശലിംഗം പറഞ്ഞത്. ഈ കൃതി മറ്റ് ഇന്ത്യക്കാരെ ദുഷിപ്പിക്കും എന്നുപറഞ്ഞ് രാധികാ സാന്ത്വനത്തിന്റെ ഇംഗ്ലീഷ് വിവർത്തനത്തിനെതിരെ ബ്രിട്ടീഷ് ഗവൺമെന്റ് ഐ പി സി 292 പ്രകാരം പ്രസാധകർക്ക് നേരെ കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്സ് കണ്ടുകെട്ടുകയും ചെയ്തു (Susic Tharu & Lalitha 1991). “എന്റെ കഥയ്ക്ക്” നേരെ ഉണ്ടായ അസ്വസ്ഥതകളും രാജലക്ഷ്മിയുടെ ആത്മഹത്യയുമെല്ലാം സാഹിത്യത്തിലെ ഈ പ്രവണത ശരി വയ്ക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ തന്നെയാണ് ആത്മകഥാരചനയിൽ

**കുട്ടിക്കാലത്ത് വീട്ടിലെ കാവിൽ കമഴ്ന്നു കിടക്കുന്ന ഗന്ധർവ്വരൂപം അവളിൽ പ്രണയമുണർത്തിയിരുന്നു. സുന്ദരമായ ഒരു വിരൽ സ്പർശത്താൽ അയാൾ ഉണർന്നു വരുമെന്നവൾ കൗമാരത്തിലും യൗവ്വനത്തിലും പ്രതീക്ഷിച്ചിരുന്നു. കണ്ണാടിയിൽ കണ്ട തന്റെ രൂപം അത്ര സുന്ദരമല്ലെന്നറിഞ്ഞിട്ടും ആ ഗന്ധർവ്വനെ ഉണർത്താൻ അവളുടെ കൈവിരലുകൾ തരിച്ചു കൊണ്ടേയിരുന്നു. ഗന്ധർവ്വനെ പ്രേമിച്ചു നിരാശയായ ഒരു പെൺകുട്ടി യുടെ കഥയെഴുതാനായി അടുത്ത ശ്രമം. അതിൽപ്പോലുമവൾ പരാജയപ്പെട്ടു. പിന്നീട് എഴുതിയ 'തീച്ചാമുണ്ഡി' എന്ന നോവലൈറ്റ് എഴുതാനാവാതെ പോയ, അറിയാതെ പോയ ആ ഗന്ധർവ്വ പ്രണയ ത്തിന്റെ കോപ്പുകളാൽ എഴുതിച്ചേർന്ന താണ്.**

നിന്നും ഇന്നും സ്ത്രീകളെ പിന്നോട്ടു വലിക്കു ന്നത്.

വ്യവസ്ഥാപിത ജീവിതത്തിന്റെ വഴികളിൽ നിന്ന് വേറിട്ടു നടന്ന ഗ്രേസിയുടെ പ്രണയതീവ്ര മായ ജീവിതത്തിന്റെ നേർകാഴ്ചകളായ കാവേരി യുടെ നേര് എന്ന ആത്മകഥാപരമായ പുസ്തകം പാരമ്പര്യത്തിനും വിശ്വാസത്തിനും സമാന്തരമായ എഴുത്തിന്റേയും ജീവിതത്തിന്റേയും ഒരു അനുഭവ ലോകമാണ് നമുക്കുമുന്നിൽ തുറന്നുവയ്ക്കുന്നത് സ്ത്രൈണാനുഭവങ്ങളുടെ നേർകാഴ്ചകളിലൂന്നി യുള്ള യാത്രയാണ് കാവേരിയുടെ നേര്. പ്രതി ഷേധങ്ങളുടേയും പ്രതിരോധങ്ങളുടേയും പാത യിലൂടെ കുതറിയും കിതച്ചും ഓടിയ സ്ത്രൈണ കാമനകളുടേയും നിരാസങ്ങളുടേയും എഴുത്തു ജീവിതത്തിന്റേയും അനുരണനങ്ങളാണ് ആത്മ കഥാപരമായ ഈ പുസ്തകം നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. നദിയായി ഒഴുകാൻ ബ്രഹ്മാ വിനോടു വരം വാങ്ങിയ കാവേരീ പുത്രിയായ ലോപമുദ്രയാണ് പിന്നീട് കാവേരി നദിയായി ഒഴുകിയെന്നതാണ് ഐതിഹ്യം. തന്നെ കാമിച്ച അഗസ്ത്യ മുനിയോടവൾ ആവശ്യപ്പെട്ടത് തന്നെ പിരിഞ്ഞിരിക്കരുതെന്നു മാത്രം. ഒരിക്കൽ യാഗത്തി നുപോയ അഗസ്ത്യൻ കാവേരിയെ തന്റെ കമണ്ഡു വിലാക്കി യാഗസ്ഥലത്തേയ്ക്കു കൊണ്ടു പോയി. കമണ്ഡലു ഒരിടത്തുവെച്ച് യാഗസ്ഥലത്തേക്കു പോയി യാഗം തുടങ്ങി. ഏറെ നേരമായിട്ടും ഭർത്താവിനെ കാണാതെ മുഷിഞ്ഞ കാവേരി കമണ്ഡലു കവിഞ്ഞ് പുറത്തേക്കൊഴുകി. തടയാൻ ചെന്ന അഗസ്ത്യശിഷ്യരെ വകവെക്കാതെ പുറത്തേ യ്ക്കൊഴുകിയ കാവേരി ഭർത്താവിന്റെ അഭ്യ ർത്ഥന മാനിച്ച് തന്നെ രണ്ടായി പകുത്തു. ഉടൽ അഗസ്ത്യന്റെ കൂടെയും ഉയിർ തീരങ്ങളിൽ നിന്നു തീരങ്ങളിലേയ്ക്ക് ഒഴുകുന്ന നദിയായും അവൾ തന്നെ പകുത്തുമാറ്റി, രണ്ടായി ജീവിക്കു കയാണ്.

തന്റെ ആത്മകഥാപരമായ പുസ്തകത്തിന് 'കാവേരിയുടെ നേര്' എന്ന് നാമകരണം ചെയ്യു മ്പോൾ ഗ്രേസി പറയുന്നത് ഇപ്രകാരമാണ് "കാവേ രിയെപ്പോലെ എഴുത്തുകാരി സ്വയം പകുത്തവ ളാണ്. കപട സദാചാരക്കാരുടെ സമൂഹത്തിന് ഉടലിന്റെ വിശുദ്ധിയല്ലേ വേണ്ടൂ? ഉയിര് അവൾക്ക് തന്നെയങ്ങ് വിട്ടുകൊടുക്കരുതോ?" (ഗ്രേസി, 2000:10) എന്നാണ് അജിത് കൗറിന്റെ ആത്മകഥ മികച്ച കലാസൃഷ്ടിയാണ് എന്നു സമ്മതിക്കുന്നവർ മാധവിക്കുട്ടിയുടെ "എന്റെ കഥ"യിൽ അസ്വസ്ഥ രാകുന്നു. സ്ത്രീ ചിത്രീകരിക്കുന്ന ശൃംഗാര രത്യാ നുഭവങ്ങൾ പുരുഷൻ ചിത്രീകരിക്കുമ്പോൾ സമൂഹത്തിന്റെ നിലപാട് വ്യത്യസ്തമാകുന്നു. "ഇവിടെ എഴുത്തുകാരന് തെരുവുവേശ്യയുടെ കൂടെ കടപ്പുറത്തിരിക്കാം, നക്ഷത്രങ്ങളെ നോക്കി മണൽപരപ്പിൽ മലർന്നു കിടന്ന് കടലിരമ്പുന്നതു പോലെ കവിത പാടാം. ആരും ചോദിക്കില്ല. പക്ഷെ എഴുത്തുകാരിക്ക് അതിനുള്ള സ്വാതന്ത്ര്യ മില്ല. അവൾ ചോദ്യം മാത്രം നേരിട്ടാൽ പോര ഭേദ്യവും നേരിടേണ്ടിവരും" (ഗ്രേസി 2000: 69) ഇതറിഞ്ഞിട്ടും എഴുത്തിനും മനസ്സിന്റെ ഭ്രാന്തൻ പ്രണയങ്ങൾക്കും വേണ്ടി തൂലിക ചലിപ്പിച്ച് വായ നക്കാരുടേയും ബന്ധുമിത്രാദികളുടേയും രോഷ ത്തിന് ഒരളവുവരെ പാത്രീഭൂതയായവളാണ് ഈ എഴുത്തുകാരി. കൗമാര യൗവ്വന കുതൂഹലങ്ങളിൽ കടന്നുകൂടിയ പ്രണയചിന്തകൾ പ്രതിഷേധത്തി ന്റേത് കൂടിയായിരുന്നു. ചെറിയ തെറ്റിനുപോലും കുട്ടിക്കാലത്ത് ശിക്ഷിച്ചിരുന്ന അച്ഛനോടുള്ള വാശിക്കായി തെറ്റിനെ വീണ്ടും വീണ്ടും സ്നേ ഹിച്ചു. യൗവ്വനത്തിന്റെ പടിക്കെട്ടുകളിൽ അച്ഛന്റെ കഴുകൻ കണ്ണുകൾ അവൾക്കു ചുറ്റും കാമുകന്മാ രുടെ നിഴലുകൾ തിരഞ്ഞപ്പോൾ അവൾ വാശി യോടെ കണ്ണിൽ തടയുന്നവരോടെല്ലാം അടുപ്പം




വയ്ക്കാൻ തീർച്ചയാക്കി. എങ്കിലും തെറ്റ് ചെയ്യാതിരിക്കാൻ യഹോവയുടെ വാൾ അവളെ പിൻതുടർന്നിരുന്നു. ഒരു പുറംജാതിക്കാരനെ വിവാഹം കഴിച്ചതോടെ ആ കുറ്റബോധം തന്നെ വിട്ടൊഴിഞ്ഞു എന്നവൾ ആശ്വസിക്കുന്നുണ്ട്.

പൂപോലുള്ള സ്നേഹങ്ങൾ അവൾ ആസ്വദിച്ചിരുന്നു. സ്നേഹം തേടി അലഞ്ഞിരുന്ന ഏകാന്ത പഥികയായിരുന്നു അവളെന്നും. അച്ഛനമ്മമാരുടെ സ്നേഹം ലഭിക്കാതെ വളർന്ന അവളിൽ കഥയുടെ നാമ്പുകൾ മുളപ്പിച്ച അപ്പാപ്പൻ മാത്രമായിരുന്നു സ്നേഹജലം അവളിലേക്ക് പകർന്നത്. യൗവ്വനത്തിൽ അവൾക്കത് തികയാതെ വന്നു. “സ്നേഹത്തിന്റെ നനവില്ലാതെ ജീവിതം എങ്ങനെയാണ് വേരോടുക? പക്ഷെ നിർഭാഗ്യവശാൽ ഞാൻ സ്നേഹിച്ചവരാരും എന്നെ സ്നേഹിച്ചില്ല. എന്നെ സ്നേഹിച്ചവർക്ക് സ്നേഹം മടക്കിക്കൊടുക്കാൻ എനിക്കും കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ പ്രണയദുരന്തങ്ങളുടെ ഇരയായ് തീർന്നു” (ഗ്രേസി 2000:21) എങ്കിലും പ്രണയതീരങ്ങളുടെ ആകാശത്ത് അവൾ ഒഴുകി നടന്നു. അവൾ വായിച്ച ഇംഗ്ലീഷ് നോവലുകളിലെ പോലെ അതി തീക്ഷ്ണവും മധുരവുമായ ഒരു പ്രണയത്തിനായി അവൾ ദാഹിച്ചു. പ്രണയിക്കുന്ന പുരുഷന്റെ സ്പർശനത്താൽ അടിമുടി പൂക്കാൻ അവൾ കൊതിച്ചു. ഓരോ പ്രണയത്തിലും താൻ സ്വയം പൂക്കുന്നുണ്ടോ എന്നവൾ ശ്രദ്ധിച്ചു. വിരൽതുമ്പുകൾ കൂട്ടിമുട്ടുമ്പോൾ അടിമുടി പൂക്കാൻ കഴിയാത്ത പ്രണയത്തെ എങ്ങിനെ പ്രണയമെന്നു വിളിക്കാനാവും. അവയെ അവൾ തള്ളിക്കളഞ്ഞു. പ്രണയത്തിന്റെ രൂപവും ഭാവവും കൂട്ടിമുട്ടാതെ വന്നവൾ കുഴഞ്ഞു. ഒടുവിൽ സൗഹൃദത്തിനും പ്രണയത്തിനുമിടയിൽ വഴുക്കൽ സൃഷ്ടിച്ച ഒരു ബന്ധം ഇതാണോ പ്രണയമെന്നവളെ കുഴക്കി. എന്നാൽ അവളുടെ സ്വപ്നത്തിലെ ഇളം കറുപ്പുനിറമുള്ള നായകനു പകരം ഇയാൾ വെളുത്ത നിറക്കാരനായിരുന്നു. എന്നിട്ടും തീക്ഷ്ണമായ അയാളുടെ കണ്ണുകളിലുള്ള നോട്ടങ്ങളിൽ അവൾ തളർന്നു വീണു. പ്രണയിച്ചു പ്രണയിച്ചവൾ വശം കെട്ടു. തൊഴിൽരഹിതനാണ് എന്ന കാരണത്താലയാൾ അവളെ വിവാഹം ചെയ്തില്ല. തന്റെ കണ്ണുകൾ മടക്കി വാങ്ങി അവൾ ബന്ധം അവസാനിപ്പിക്കുന്നു.

സമൂഹത്തോടും തന്നോടുതന്നെയും എപ്പോഴും കലഹിച്ചു കൊണ്ടിരിക്കുന്ന ഒരുത്തി എന്നും അവൾക്കുള്ളിലുണ്ടായിരുന്നു. തൊട്ടാൽ തരിക്കുന്ന പ്രണയമല്ല ഗാഢമായ സൗഹൃദവും പരസ്പരധാരണയുമാണ് വിവാഹജീവിതത്തിന്റെ അടിസ്ഥാനം എന്നു തിരിച്ചറിഞ്ഞവൾ അയാളെ വിവാഹം കഴിക്കുന്നു. ഭൂമിയിൽ പ്രണയമില്ലെന്ന കണ്ടെത്തലിനുശേഷമായിരുന്നു അവളുടെ വിവാഹം. തനിക്കൊരു പെൺകുഞ്ഞായിരിക്കണം ഉണ്ടാവേണ്ടത് എന്ന് ആഗ്രഹിച്ചിരുന്നെങ്കിലും പ്രസവത്തോടെ മരിക്കാനായിരുന്നു അവൾക്കിഷ്ടം. അതിന്റെ കാരണം കുഞ്ഞാത്തിരിയെ (മകൾ) പോറ്റാൻ അവൾക്കു ജോലിയില്ലാതിരുന്നതും അവളുടെ ഭർത്താവിന് കാര്യമായ വരുമാനമില്ലാതിരുന്നതുമായിരുന്നു.

ഗന്ധർവ്വനും അസുരനും ആനയുമെല്ലാം ചില സ്വപ്നങ്ങളിൽ അവളെ അലോസരപ്പെടുത്തുന്നുണ്ട്. അസുരനും ആനയും ഭയത്തെയാണ് ഉണർത്തിയിരുന്നത്. പക്ഷെ ലൈംഗികതയുടെ പ്രതിരൂപമായി ആനസ്വപ്നങ്ങളെ അവളുടെ ഭർത്താവു വ്യാഖ്യാനിച്ചിരുന്നതിൽ അവൾ ഖിന്നയായിരുന്നു.

കുട്ടിക്കാലത്ത് വീട്ടിലെ കാവിൽ കമഴ്ന്നു കിടക്കുന്ന ഗന്ധർവ്വരൂപം അവളിൽ പ്രണയമുണർത്തിയിരുന്നു. സുന്ദരമായ ഒരു വിരൽ സ്പർശത്താൽ അയാൾ ഉണർന്നു വരുമെന്നവൾ കൗമാരത്തിലും യൗവ്വനത്തിലും പ്രതീക്ഷിച്ചിരുന്നു. കണ്ണാടിയിൽ കണ്ട തന്റെ രൂപം അത്ര സുന്ദരമല്ലെന്നറിഞ്ഞിട്ടും ആ ഗന്ധർവ്വനെ ഉണർത്താൻ അവളുടെ കൈവിരലുകൾ തരിച്ചു കൊണ്ടേയിരുന്നു. ഗന്ധർ

വ്വനെ പ്രേമിച്ചു നിരാശയായ ഒരു പെൺകുട്ടിയുടെ കഥയെഴുതാനായി അടുത്ത ശ്രമം. അതിൽപ്പോലു മവൾ പരാജയപ്പെട്ടു. പിന്നീട് എഴുതിയ 'തീച്ചാ മുണ്ഡി' എന്ന നോവലൈറ്റ് എഴുതാനാവാതെ പോയ, അറിയാതെ പോയ ആ ഗന്ധർവ്വ പ്രണയ ത്തിന്റെ കോപ്പുകളാൽ എഴുതിച്ചേർന്നതാണ്.

കുഞ്ഞ്, ജീവിത പ്രാരാബ്ധങ്ങൾ, ദാരിദ്ര്യം എന്നിവ അവളിലെ പ്രണയത്തേയും കഥകളേയും വറ്റിച്ചു കളഞ്ഞു. പത്തുപതിനഞ്ചു വർഷം എഴു ത്തു രംഗത്തുനിന്നും മാറി നിന്നു. പത്തു പതി നഞ്ചു വർഷങ്ങൾക്കുശേഷം ജീവിതം, ഉദ്യോഗം എന്നിവയാൽ സന്തുഷ്ടി നേടി വന്നതിനുശേഷ മാണ് ഈ ദുരിതദിനങ്ങൾ കഥയായി ആവിഷ്ക്ക രിക്കാൻ പോലും അവളുടെ മനസ്സ് പാകപ്പെട്ടത്.

പൂ പോലുള്ള ഇഷ്ടങ്ങൾ അവർക്കെന്നും ഉണ്ടായിരുന്നു. പത്രമോഫീസിലെ വരക്കാരനായ ചെറുപ്പക്കാരനോടും തീവണ്ടിയിൽ കണ്ട ചെറുപ്പ ക്കാരനോടും അവൾക്കു തോന്നുന്നത് പൂപോലുള്ള ഇഷ്ടമാണ്. യൗവ്വനം നഷ്ടപ്പെടുന്ന അവസ്ഥയിലും തനിക്കെതിരെ തീവണ്ടിയിലിരിക്കുന്ന ചെറുപ്പക്കാ രന്റെ കട്ടിയുള്ള മീശയിൽ അവളുടെ കണ്ണുടക്കുന്നു ണ്ട്. "വെളുത്ത പുരുഷന്മാരോട് എനിക്ക് മമത കുറവാണെങ്കിലും അയാളുടെ സുതാര്യമായ തൊലിയിലെ യൗവ്വനത്തിന്റെ തീക്ഷ്ണ ജ്വാല കൾ എന്നെ മോഹിപ്പിച്ചു" (ഗ്രേസി 2000: 77). നിങ്ങൾ ഗ്രേസിയാണോ എന്നയാൾ ചോദിക്കു മ്പോൾ സുന്ദരിയായ കഥാകാരിയുടെ പഴയചി ത്രത്തെ പ്രണയപൂർവ്വം നോക്കുന്ന അയാളിലെ പ്രണയം കെടാതിരിക്കാൻ അവൾ പറഞ്ഞത് താൻ സുഭ്രദയാണ് എന്നായിരുന്നു.

തന്റെയൊരു പ്രണയം നഷ്ടപ്പെട്ട അവസര ത്തിൽ അതിലേയ്ക്കു നുഴഞ്ഞുകയറാൻ ശ്രമിച്ച ചെറുപ്പക്കാരനായ തൂലികാ സുഹൃത്തിനെ താൻ ഗർഭിണിയാണ് എന്നു പറഞ്ഞ് ഒഴിവാക്കാൻ അവർ കാണിച്ച തന്ത്രം രസകരമായിരുന്നു.

മറ്റുള്ളവർക്കു മുന്നിൽ എഴുതാത്ത വെള്ള ക്കടലാസു പോലെ പരിശുദ്ധനാണ് താൻ എന്നു വീമ്പു പറഞ്ഞു നടന്നിരുന്ന പാരലൽ കോളേജിലെ സഹ അദ്ധ്യാപകനെ സിനിമാ തിയറ്ററിലെ ഏഴു ലൈറ്റുകളും തെളിഞ്ഞു നിൽക്കെ ചുംബിച്ചു കൊണ്ടാണ് അവൾ അയാളുടെ കപട സദാചാ രത്തെ പൊളിച്ചടുക്കിയത്.

അവളുടെ പ്രണയം പുഴ പോലെയായി രുന്നു. ചിലപ്പോൾ തെളിഞ്ഞും ചിലപ്പോൾ കല ങ്ങിയും ചിലപ്പോൾ ശാന്തമായി കുണുങ്ങിയും ചിലപ്പോൾ പ്രതികാര ദുർഗ്ഗയായും കര കവി ഞ്ഞൊഴുകിയും അപ്രതീക്ഷിതമായി രൂപം മാറുന്ന പുഴ പോലെയായിരുന്ന അവൾ കാവേരിയെ പ്പോലെ. ഗ്രേസി പറയുന്നു കാവേരിയെപ്പോലെ എഴുത്തുകാരിയും സ്വയം പകുത്തവളാണ്. സദാ ചാര സമൂഹത്തിന് സ്വന്തം ശരീരം പകുത്തു

**അവളുടെ പ്രണയം പുഴ പോലെ യായിരുന്നു. ചിലപ്പോൾ തെളിഞ്ഞും ചിലപ്പോൾ കലങ്ങിയും ചിലപ്പോൾ ശാന്തമായി കുണുങ്ങിയും ചില പ്പോൾ പ്രതികാര ദുർഗ്ഗയായും കര കവിഞ്ഞൊഴുകിയും അപ്രതീ ക്ഷിതമായി രൂപം മാറുന്ന പുഴ പോലെയായിരുന്ന അവൾ കാവേരി യെപ്പോലെ. ഗ്രേസി പറയുന്നു കാവേരിയെപ്പോലെ എഴുത്തു കാരിയും സ്വയം പകുത്തവളാണ്. സദാചാര സമൂഹത്തിന് സ്വന്തം ശരീരം പകുത്തു നൽകികൊണ്ട് മനസ്സിനെ പുതിയ തീരങ്ങളിലേക്ക് ഒഴുകാൻ വിടുന്നവൾ.**

നൽകികൊണ്ട് മനസ്സിനെ പുതിയ തീരങ്ങളി ലേക്ക് ഒഴുകാൻ വിടുന്നവൾ.

ലൈംഗിക അസംതൃപ്തി മൂലമാണ് പെണ്ണ് കര കവിഞ്ഞൊഴുകുന്നത് എന്ന തോന്നൽ സമൂഹത്തിൽ രൂഢമൂലമാണ്. പെണ്ണിന്റെ എഴുത്ത് ലൈംഗികതയുടെ ആവിഷ്ക്കരണമുണ്ടെങ്കിൽ അവൾ അസംതൃപ്തയും കുലടയുമാണ് എന്ന് സമൂഹം വിധിക്കുന്നു. സ്ത്രീയ്ക്കുവേണ്ടി തൂലിക ചലിപ്പിച്ചാൽ അവൾ പുരുഷ നിഷേധിയുമാകും. ഗ്രേസി പറയുന്നു എഴുത്തുകാരിയാവുക എന്നു വെച്ചാൽ ഒരുമ്പെട്ടവളാകുക എന്നാണർത്ഥം. ഇടംകാലിൽ ഭാര്യച്ചങ്ങലയും വലംകാലിൽ അമ്മ ച്ചങ്ങലയും നെഞ്ചിൽ എഴുത്തിന്റെ കാണാച്ചങ്ങലു മായി അവൾ ജീവിക്കുന്നു. ഉടലോ ദൃശ്യമായ ചങ്ങലകൾക്കിടയിൽ സ്വയം കൊളുത്തി വയ്ക്കു ന്നു! ഉയിര് അദൃശ്യമായവയ്ക്ക് വിട്ടുകൊടുത്തു കൊണ്ടുതന്നെ. എഴുത്തുകാരിയുടെ നേര് കാവേരി യുടെ നേരാണ്. പെണ്ണെഴുതുമ്പോൾ എക്കാലത്തും അസഹിഷ്ണുക്കളാകുന്നത് പുരുഷാധിപത്യ സമൂഹമാണ്. അതിൽ പ്രശസ്തരും അപ്രശസ്ത രുമായ സാഹിത്യകാരും ഉണ്ടാകും. അവർ തടു ത്തിട്ടെന്തുകാര്യം? കാവേരി ഒഴുകിക്കൊണ്ടേയി രിക്കും. ■

**നിഷ വി.എൻ.**
അദ്ധ്യാപിക,
സംസ്കൃത വിഭാഗം
ഗവ. വിക്ടോറിയ കോളേജ്
പാലക്കാട്

# തെറിച്ചവൾ

നാലും കൂടിയ കവലയിൽ
വെടിവെട്ടം പറഞ്ഞപ്പോൾ
നാട്ടുകാരാൽ
തികട്ടി വന്ന കൂവലിനെ
അടക്കി നിർത്താതിരുന്നപ്പോൾ
കൂട്ടുകാരാൽ
പുറപ്പെട്ടു പോകുന്ന
യാത്രാവിളികളെ
തടയാതിരുന്നപ്പോൾ
വീട്ടുകാരാൽ
ഉടലധികാരത്തെ
തിരസ്കരിച്ചോരു
കവിത പെറ്റപ്പോൾ
മറുപാതിയാൽ
ഇങ്ങനെ
പല കാലങ്ങളിൽ
പുളിച്ചു തികട്ടലിന്റെ
അരുചിയോടെ
ഏങ്കോണിച്ചു വരുന്നുണ്ട്
ഒരു വാക്ക്
"തെറിച്ചവൾ"




ഇന്ദിരാ ബാലൻ

# നിറഞ്ഞ് പൂത്തൊഴിഞ്ഞ ദേവദാസി.......

പ്രണയം അലൗകികമാണ്. അലൗകികതയുടെ മിന്നലുകൾ നിറഞ്ഞില്ലെങ്കിൽ ക്ഷണികനേരം കൊണ്ടത് കെട്ടുപോകാം. ഭൗതികതയിലൂന്നി നിൽക്കുന്നതെല്ലാം നശ്വരമാണ്. എന്നാൽ അലൗകികത അനശ്വരമാകുന്നു. ഈ ഭൂമിയെ കോരി നിറക്കുന്നതും കുടിച്ച് വറ്റിക്കുന്നതും മനുഷ്യരാണ്. തനിക്കുപയുക്തമല്ലെന്ന് തോന്നിയാൽ ലജ്ജയൊട്ടുമില്ലാതെ പുറംകാലുകൊണ്ട് തൊഴിച്ച കറ്റാനും ചാണക്യസൂത്രങ്ങൾ പഠിച്ച സമൂഹത്തിനറിയാം. കേവലമായ നിലനിൽപ്പും ആനന്ദവും മാത്രമാണ് പല ജീവിതങ്ങളും മുമ്പിൽ കാണുന്നത്.

ആത്മാർത്ഥമായ സ്നേഹത്തിനും പ്രണയത്തിനും ഏറ്റ കനത്ത തിരിച്ചടിയും നിരാസവും നിറഞ്ഞ ഒരു ദേവദാസിയുടെ വിലാപമാണ് മലയാളത്തിൽ കവിത മഴ പെയ്യിച്ച സുഗതകുമാരിയുടെ 'ദേവദാസി' എന്ന കാവ്യശിൽപ്പം. ജീവിതം അർത്ഥപൂർണ്ണമാകുവാൻ ചില നിറയലുകളും പൂക്കലുകളും അനിവാര്യം. അതിനു ശേഷം ഒരു കൊഴിയലുമുണ്ട്. അവിടെയേ ജീവിതത്തിന്റെ ചാക്രികത പൂർണ്ണമാവുകയുള്ളു. സൃഷ്ടി സ്ഥിതി സംഹാരം എന്ന ജീവിതത്രയം തന്നെയാണത്. ജീവിതത്തിനെ എണ്ണ മിനുപ്പാർക്കുന്ന ലേപനങ്ങളാണ് സ്നേഹവും പ്രണയവും. അതില്ലെങ്കിൽ വിണ്ടുകീറിയ മണ്ണടരുകളെപ്പോലെ ജീവിതവും പൊടിഞ്ഞു പോകുന്നു. സുഗതകുമാരിയുടെ കവിതകളിൽ സ്നേഹത്തിന്റേയും പ്രണയത്തിന്റേയും സ്നിഗ്ദ്ധത അതിന്റെ ഉച്ചകോടിയെ പ്രാപിക്കുന്നത് ദേവദാസിയിൽ കാണാം. ഭൂതകാലത്തിന്റെ നിറപ്പകിട്ടുകളിൽ നിന്നും കഥാപാത്രം വർത്തമാനത്തിന്റെ ജരാനരകളേറ്റു വാങ്ങി, തന്റെ ദേവനെ ഒരു നോക്കു കാണാൻ നിൽക്കുന്നത് വാർദ്ധക്യത്തിന്റെ പടിയിലാണ്. കഴിഞ്ഞുപോയ ഉത്സവനാളുകൾ ആ മനസ്സിൽ തകിലായും കുഴലായും മധുര ഗീതം പൊഴിക്കുമ്പോൾ അവരുടെ കൈകളും കഴലുകളും നൃത്തം ചെയ്യാൻ വെമ്പുന്നു. എന്നാൽ ഓജസ്സും തേജസ്സും വററി അനാഥത്വത്തിന്റേയും അശരണതയുടേയും പടിയിലാണിപ്പോൾ. ആ ദേവദാസിയെ ഒരു കാലത്ത് പ്രിയപ്പെട്ടവനായിരുന്ന ദേവന്  പോലും കാണാൻ നേരമില്ല എന്ന യാഥാർത്ഥ്യം അവളെ നോവുകൾ കൊണ്ട് ചൂഴ്ന്നെടുക്കുന്നു. ദേവന് വേണ്ടി ആടുന്നവളാണ് ദേവദാസി. കേവലാർത്ഥത്തിൽ നിന്നും മാറി ജീവിതത്തിൽ പ്രിയപ്പെട്ടവർക്ക് വേണ്ടി ത്യാഗവും സ്നേഹവും നൽകുന്നവർ തിരസ്കരിക്കപ്പെടുന്നതിന്റെ വാങ്മയ ചിത്രവും വായിച്ചെടുക്കാം. സമ്പൽ സമൃദ്ധിയുടെ നടുവിലിരിക്കുമ്പോൾ ഏതൊന്നിനും സന്നദ്ധരായി ഉറ്റവരും ബന്ധുക്കളും സുഹൃത്തുക്കളും ഉണ്ടാകാം. എന്നാൽ എല്ലാം നഷ്ടപ്പെട്ട് പാതാളത്തിലേക്കാഴ്ത്തപ്പെടുമ്പോൾ ഒരില പോലും അനക്കാൻ ആളില്ലാതാവുകയെന്നതും ക്രൂരമായ സത്യമാണ്. എത്ര ഉഴറി വിളിച്ചാലും പ്രപഞ്ചവിധാതാവ് പോലും ചിലപ്പോൾ കണ്ടില്ലെന്ന് നടിച്ചേക്കാം. ഈയർത്ഥതലങ്ങളിലൂടെ കടന്നു പോകുമ്പോൾ ഈ കവിതക്ക് പ്രസക്തിയേറുന്നു.

സമ്പന്നതയുടെ മടിത്തട്ടിൽ അവൾ ദേവന്റെ പ്രണയിനിയായിരുന്നു. കൈയ്യിൽ വളകളുടെ പൊട്ടിച്ചിരിയും കഴലിൽ ചിലങ്കയിലുണരുന്ന മോഹനനടനരാഗങ്ങളുടെ മഴപ്പെയ്ത്തുകളും. എന്നാലതേ കയ്യിൽ ഇന്ന് വളകളില്ല, കഴലിൽ ചിലങ്കയും കസവു നൂലാൽ നെയ്തെടുത്ത ചേലയിന്ന് നരച്ചു പോയിരിക്കുന്നു.




കരിവണ്ടിനെപ്പോലെ കറുപ്പാർന്ന സമൃദ്ധമായ മുടിയിൽ ചൂടിയിരുന്ന മുല്ലപ്പൂ സൗരഭ്യം ഇന്നെത്രയോ അകലെയാണ്. കറുപ്പിഴകളിൽ നര ചേക്കേറി. തിരുമെയ്യൊരുക്കുമ്പോൾ പാടിയിരുന്ന പാട്ടും ആട്ടവും ഇപ്പോഴും ആ മനസ്സിനെ മോഹിപ്പിക്കുന്നു. എന്നാൽ ആൾക്കൂട്ടത്തിലെ നിഴലുകൾക്കിടയിൽ സ്വന്തം നിഴലും അലിഞ്ഞില്ലാതാവുന്ന കാലത്തെ ഒരു ദർപ്പണത്തിലെന്ന പോലെ കഥാപാത്രം കാണുന്നു. എതിർ വാഴ്വിൽ പ്രതീക്ഷയുടെ ചൂട്ടു വെളിച്ചം തെളിയുമെന്ന് വിശ്വസിച്ചിരിക്കുന്ന അവളിൽ വറ്റാത്ത ഒരു മനസ്സുണ്ട്. അവിടെ ഒരു കുന്നോളം പൂക്കളും ധൂപക്കൂട്ടിന്റെ മത്ത് പിടിപ്പിക്കുന്ന സുഗന്ധവും സൂക്ഷിച്ചു വെച്ചിട്ടുണ്ട് തന്റെ ദേവന് നൽകാൻ. ആ മണങ്ങളെല്ലാം ഇപ്പോൾ താഴേക്കൊലിച്ചിറങ്ങുന്നു. അതറിയാൻ പ്രിയപ്പെട്ടവരാരുമില്ല. മുറിവേറ്റ നെഞ്ച് കിതച്ച് ഒരു പ്രാവശ്യമെങ്കിലും ആ തിരുമുമ്പിലാടുവാൻ അവളാശിക്കുന്നു. ജനാരവങ്ങളിൽ മുന്നിലേക്ക് യാചകിയോ ഭ്രാന്തിയോ എന്ന് കരുതി വന്നു വീഴുന്ന നാണ്യങ്ങൾ .. അത് കാണുമ്പോൾ മനുഷ്യരോട് സഹതാപമാണുയരുന്നത്. അവരറിയുന്നോ മുകളിലെ ദേവന്റെ പ്രണയിനിയായിരുന്നു താനെന്ന്. ആർക്കും ആരേയും അറിയാനോ മനസിലാക്കാനോ ഇന്ന് നേരമില്ല. അഥവാ അറിയുക എന്നത് ഒരവശ്യ ഘടകവും അല്ല. ജീവിതത്തിന്റെ ദുഃഖതീർത്ഥത്തിലൊഴുകുമ്പോഴും ഒരു സത്യം തിരിച്ചറിയുന്നു. കടലിന് നിറയാൻ മഴയുണ്ട്. ആകാശത്തിന് മഴവില്ലും കാടിന് രാപ്പൂക്കളും മരുഭൂമിക്ക് നീരുറവയും. എന്നാൽ മനുഷ്യനോ അവൻ ശൂന്യതയിലെത്തുമ്പോൾ ഒഴിഞ്ഞു പോവുക എന്നതേയുള്ളു മുമ്പിലുള്ള വഴി. ഒന്നിനും വകയില്ലാതായാൽ കഴിഞ്ഞതെല്ലാം വിസ്മൃതിയുടെ കയങ്ങളിലേക്ക് തള്ളി തിരസ്ക്കരിക്കാനും മടിയില്ല സമൂഹത്തിന് എന്ന യാഥാർത്ഥ്യബോധത്തിലേക്ക് കവി വായനക്കാരനെ എത്തിക്കുന്നു. എത്രയൊക്കെ കാത്തിരുന്നിട്ടും ഫലമില്ലെങ്കിൽ പ്രതികരിച്ചേ യാത്ര പറയാവു എന്ന ധ്വനിയിൽ അവസാന വരി കുറിക്കുന്നു. കരളിലെ തീവ്രാനുരാഗം ഇത്രയായിട്ടും നിരസിച്ച ദേവന്റെ തൃപ്പടിയിൽ ആ മധുരം ഊക്കോടെ എറിഞ്ഞുടക്കുവാനുള്ള ധൈര്യം അനുഭവവേവിലൂടെ ആ കഥാപാത്രം ആർജ്ജിക്കുന്നു.. മാനസികമായി പാതാളത്തിലേക്കമർത്തിയാലും ഇച്ഛാശക്തിയുള്ള ആകാശത്തോളമുയരുന്ന മനസ്സിൽ പല്ലവികളും അനുപല്ലവികളും വീണ്ടും അനുരണനങ്ങൾ തീർത്തേക്കാം.

നിർവ്വീര്യമാകാതെ പ്രതികരിക്കുക എന്നതാണ് ശേഷിച്ച ജീവിതത്തിന് നൽകേണ്ട മറുപടി. അവഗണിക്കുന്നിടത്ത് ഉൾക്കരുത്ത് നേടുക. ആത്മാർത്ഥതയും സ്നേഹവുമാണ് ഇവിടെ തിരസ്ക്കാരത്തിന്റെ അഗ്നിനാളങ്ങളിലേക്ക് നിപതിക്കുന്നത്. ജീവിത മൂല്യങ്ങൾ ദഹിച്ചു കൊണ്ടിരിക്കുന്ന ഒരു കാലത്ത് കഴലിന്റെ താളവും വിരലിന്റെ മുദ്രയും കണ്ഠത്തിലെ സംഗീതവും ചേർന്ന ജീവിതമാണ് നിലച്ചുപോകുന്നതെന്ന അന്വയത്തിലേക്ക് ഈ കവിതയെ ചേർത്തുവെക്കാം. കവിതയുടെ കടലായ് നുരയും പതയും പതഞ്ഞുപൊങ്ങി കുതിച്ചും മദിച്ചും ശാന്തമായ നിർവ്വാണതയിലേക്കും സുഗതകുമാരിക്കവിതകൾ നിർബാധം ഒഴുകുന്നു. കാത്തു വെച്ച മധുരം വൃഥാവിലാകുമ്പോൾ നിറയുകയും പൂക്കുകയും ചെയ്ത് കഴിഞ്ഞ് കൊഴിയലിന്റെ ഋതുബോധത്തിലൂടെ മറ്റൊരു തിരിച്ചറിവിന്റെ അവിരാമമായ വിശ്രാന്തി വായനക്കാരിലേക്കും ദേവദാസി എന്ന കവിതയിലൂടെ പടർന്നു കയറുന്നു!

■



**പ്രീയ എസ്.**
അധ്യാപിക, എഴുത്തുകാരി

# സ്ത്രീആത്മകഥ : പ്രതിപാഠത്തിന്റെ രാഷ്ട്രീയം



**ലളിതാംബിക അന്തർജ്ജനം**

സ്ത്രീവാദവിമർശനത്തിന്റെ സംവാദത്മകവിഷയമാണ് സ്ത്രീആത്മകഥകൾ. സ്ത്രീക്ക് തന്റെ സ്വത്വത്തെ – self ആത്മത്തെ വെളിപ്പെടുത്തുന്നതിനുള്ള ഏറ്റവും ശക്തമായ ഒരു മാർഗമായി മാറുന്നു ആത്മകഥ.. "Genres are cultured constructions themselves" എന്ന ഫ്രെഡറിക് ജെയിംസിന്റെ വാക്കുകൾ ആത്മകഥയ്ക്ക് അനുയോജ്യമാണ്. ആത്മകഥാരചനയുടെ അർഥാന്തരന്യാസമാണ് self - life - writing എന്നത്. ആത്മത – self, ജീവിതം– life, ആത്മകഥാ എഴുത്ത്– self - life - writing ഇവ തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി എഴുത്തിനെ, അതിന്റെ പാഠപരതയെ ഒരേസമയം ജീവിതത്തിന്റെ എഴുത്തായി കാണാതിരിക്കുകയും ഭാഷാപരമായ ഒരു നിർമ്മാണ പ്രക്രിയയായി കാണുകയും ചെയ്യുമ്പോൾ അവിടെ യഥാർത്ഥ ജീവിതമോ സ്വത്വമോ കൃത്യതയോടെ ഉദ്ധരിക്കപ്പെടാതിരിക്കുന്നു. 'She is all but absent from history' എന്ന വെർജീനിയ വൂൾഫിന്റെ വാക്കുകൾ ചരിത്രരേഖകളിൽ നിന്നു ശൂന്യവല്ക്കരിക്കപ്പെട്ട സ്ത്രീയെക്കുറിച്ചാണ്. അവൾ എഴുത്തിലൂടെ ഭൂതകാലത്തിലെ തന്റെ ചരിത്രപരമായ ഇടങ്ങൾ തിരയുന്നു. അവിടെ

അതേവരെ ഭൂതകാലസാഹിത്യവും ചരിത്രവും നിർമ്മിച്ച സ്ത്രീമാതൃകകളെ തിരസ്കരിക്കുന്നു. സ്ത്രീയായിപ്പോയതുകൊണ്ട് നേരിടേണ്ടിവന്ന അവസ്ഥാ വിപര്യയങ്ങളെക്കുറിച്ച് സ്ത്രീ രേഖപ്പെടുത്തിയിരുന്നില്ല. സാഹിത്യം വ്യക്തിപരമായിരിക്കെ, അതൊരു സാംസ്കാരിക നിർമ്മിതി കൂടിയാണ്. സാമൂഹിക നീതിശാസ്ത്രങ്ങൾ സ്ത്രീയുടെ ശബ്ദത്തെ അടിച്ചമർത്തുന്നു. ജാതി – വർഗ – വർണഭേദം പോലെ ഒരു യാഥാർഥ്യമാണ് ലിംഗഭേദം എന്ന് തിരിച്ചറിയുന്നു.

19ാം നൂറ്റാണ്ടിലെ സ്ത്രീകൾ സ്ത്രീകൾ എഴുതാൻ പഠിച്ചപ്പോൾ കത്തെഴുതുന്നതിനാണ് അനുവാദവും കൗതുകവും ഉണ്ടായിരുന്നത് Mad woman in the Attic (1979) എന്ന ഗ്രന്ഥത്തിൽ പത്തൊമ്പതാം ശതകത്തിലെ സ്ത്രീനോവലുകളെക്കുറിച്ചുള്ള ചർച്ചയിൽ, അന്നത്തെ എഴുത്തുകാരികൾ Self definition നടത്തുന്നതിനായുള്ള ഒരു മാർഗമായി എഴുത്തിനെ കണ്ടിരുന്നു.

സ്ത്രീപക്ഷപരമായ ഒരു കാഴ്ചക്കോണിലൂടെ സ്ത്രീആത്മകഥകളെ വീക്ഷിക്കേണ്ടതുണ്ട്. ആത്മകഥയെ my version of the truth എന്നാണ് വിശേഷിപ്പിക്കുന്നത്.

സ്ത്രീയുടെ എഴുത്തിൽ എപ്പോഴും ആത്മനിഷ്ഠതയുടെ അംശങ്ങൾ ആരോപിക്കപ്പെടുന്നു. എഴുത്തിൽ സ്ത്രീയായിരിക്കുക, ആയിരിക്കേണ്ടിവരിക തുടങ്ങിയവ ചോദ്യചിഹ്നങ്ങളായി ഉയരുന്നുണ്ട്. സ്ത്രീ തന്റെ ഭാവനാലോകത്തിലും എഴുത്തിലും പുരുഷൻ നിർമ്മിച്ച അത്ഭുത വസ്ത്രം അണിഞ്ഞുകൊണ്ടിരിക്കുകയാണെന്ന ഒരു യാഥാർഥ്യം കൂടിയുണ്ട്. ഇങ്ങനെയെല്ലാമിരിക്കേ സ്ത്രീ ആത്മകഥയെഴുതുമ്പോൾ വെളിപ്പെടുത്താൻ കഴിയുന്ന സത്യങ്ങൾക്ക് പ്രകാരഭേദങ്ങളുമുണ്ട്.

സ്ത്രീയുടെ എഴുത്തിനെ അവളുടെ വൈയക്തികവും വളരെ സ്വകാര്യവുമായ ഇടങ്ങളിൽ തീർപ്പുകൽപ്പിക്കപ്പെടേണ്ട ഒന്നായി വ്യാഖ്യാനിക്കുന്നതിലെ പിശകുകൾ നിരവധിയാണ്. എഴുത്തിനെ അതെഴുതുന്ന പെണ്ണിൽ നിന്നു വേർതിരിച്ചുകാണാൻ കഴിയാത്തതുകൊണ്ടാണ്, ഇവയെ പരസ്പരപൂരകമായ ഒരു ആശയമായി കാണുന്നത്. സ്ത്രീ എഴുത്തിലൂടെ സമൂഹാംഗീകൃതമായ സംഹിതകളെ പൊളിച്ചെഴുതുകയും അങ്ങനെ പലതരം വ്യവസ്ഥകളിൽ നിന്നുള്ള ഒരു സ്വയംപുറത്താക്കലിനെ സാധ്യമാക്കുകയും ചെയ്യുന്നു. അതേസമയം തന്നെ തന്നിൽ നിന്നും അന്യമായതും സാമൂഹികാസ്തിത്വം മുറ്റിനിൽക്കുന്നതുമായ ഒരു ആത്മത സ്ത്രീരചനകളിൽ കുറവുമാണ്.

ആത്മകഥാപഠനങ്ങൾ ഇക്കാലത്ത് സാഹിത്യഭണ്ഡാരത്തിൽ (literary Canon) സ്ത്രീകളുടെയും തിരസ്കൃതരുടെയും ആത്മകഥകൾ ഉൾപ്പെടാതെ പോകുന്നുണ്ട്.




ശ്രേഷ്ഠവും ഉദാത്തവുമായ ഒരു ജീവിതത്തിന്റെ ആവിഷ്കരണമല്ല, വ്യവസ്ഥകൾക്കുള്ളിൽപ്പെട്ടുപോകുന്ന സ്ത്രീയുടെ കുതറലുകളാണ് അവരുടെ ആത്മകഥകളായി മാറുന്നത്. അവളുടെ ആത്മകഥകൾ വിമോചനത്തിന്റെ പ്രത്യയശാസ്ത്രമായി പരിണമിക്കുകയും ചെയ്യുന്നു.

ചരിത്രത്തിൽ ശൂന്യമാക്കപ്പെട്ട സ്ത്രീ തന്റെ ഇടം വീണ്ടെടുക്കുന്നത് എഴുത്തിലൂടെയുമാണ്. സ്ത്രീവാദ വിമർശനമാണ് 1970കളിൽ സ്ത്രീപക്ഷ ആത്മകഥകളുടെ കർതൃത്വം, ലിംഗപദവി എന്നിവയെ സംബന്ധിച്ച പുനരന്വേഷണങ്ങൾക്കു തുടക്കം കുറിക്കുന്നത്. സ്ത്രീയുടെ ആത്മകഥകൾ അനുഭവങ്ങളുടെ തീച്ചൂളയിലൂടെ കടന്നുപോകാൻ വിധിക്കപ്പെട്ട ജീവിതത്തിന്റെ ചരിത്രരേഖയാണ്. അത് ആനന്ദകരമായ ഒരു വെളിപ്പെടലല്ല. എഴുത്തിനെ സംബന്ധിച്ച പരമ്പരാഗത കാഴ്ചക്കോണുകളെ നിരസിച്ച്, എഴുത്തിന്റെ ലിംഗപദവി ആണിന്റേതാണെന്ന ശാഠ്യത്തിനെതിരെയുള്ള തീവ്രനിലപാടായി മാറുന്നു സ്ത്രീ ആത്മകഥകൾ. ഇവിടെ അനുഭവങ്ങളുടെ സത്യ

സന്ധമായ ആവിഷ്കാരം എന്ന നിർവ്വചനം അപ്രസക്തമാകുകയും കർതൃത്വം, ആത്മത, പ്രതിനിധാനം, വാസ്തവികത തുടങ്ങിയ വ്യാവഹാരികതലങ്ങളിൽ എഴുത്തുകാരസ്വത്വത്തെ അന്വേഷിക്കുക എന്ന രീതിശാസ്ത്രത്തിന് പ്രസക്തിയേറുകയും ചെയ്യുന്നു. സ്ത്രീവാദം ആത്മകഥകളിലെ പുരുഷമേൽക്കോയ്മയെ ചോദ്യം ചെയ്യുന്നു. ഒപ്പം സ്ത്രീയെഴുത്തിന്റെ സർഗാത്മക സന്ദർഭമായി ആത്മകഥാരചനയെ അടയാളപ്പെടുത്തുന്നു. ആൺകോയ്മയുടെ സാഹിത്യപാഠമായിരിക്കുകയും പുരുഷന്റെ സാമൂഹ്യപദവി ഉറപ്പിച്ചെടുക്കുന്നതിനുള്ള ഒരു ബൃഹദാഖ്യാനമായി എഴുതപ്പെടുകയും ചെയ്ത പുരുഷ ആത്മകഥകൾ വിജയിച്ച നായകരൂപങ്ങളുടെ വാഴ്ത്തു പാട്ടുകളായിരുന്നു.

എഴുത്ത് ഒരു സമരവേദിയാണെന്നു പറഞ്ഞ എഴുത്തുകാരികൾ ഏറെയാണ്. ആത്മകഥാരചനയിൽ ഒന്നിലധികം പോരാട്ടങ്ങളാണ് ഒരേസമയം അവർ നിർവ്വഹിക്കേണ്ടിവരുന്നത്. ആത്മചരിതങ്ങളിലെ സ്ത്രീത്വത്തെ വൈയക്തികസന്ദർഭങ്ങളിൽ വിചാരണ ചെയ്യാനും വിലക്കു പ്രഖ്യാപിക്കാനും ഇടവരുത്തുന്നു. ഈ വിധമുള്ള നിരവധി സാഹചര്യങ്ങളെ അതിജീവിച്ചാണ് സ്ത്രീ എഴുത്തുകാരിയാകുന്നതും ആത്മകഥ രചിക്കുന്നതും. പുരുഷാധികാരസമൂഹത്തിൽ സ്ത്രീപക്ഷപരമായ 'ഞാൻ' ഒരു സ്വതന്ത്രകർതൃത്വമല്ലാതെയാകുകയും പുരുഷ അനുശാസനകൾക്കു കീഴടങ്ങിയ ഒരു സ്വത്വമായി പരിണമിക്കുകയും ചെയ്യുന്നു. സ്ത്രീക്ക് തന്റെ




**ആത്മകഥയ്ക്ക് കീഴാളന്റെ ശബ്ദമാകാൻ കഴിയുമെന്ന, ഒരു വ്യക്തിയുടെ അനുഭവങ്ങളുടെ വിവരണമാണെന്ന, ആ അനുഭവങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ടവരുടേതാണെന്ന ആശയം വളരെ പ്രധാനമാണ്. ആത്മകഥ ഒരേസമയം അടിച്ചമർത്തപ്പെട്ട ചരിത്രത്തിന്റെ വിവരണപാഠവും ആ വ്യക്തിയുടെ ജീവിതത്തെ സംസ്കാരത്തിൽ അടയാളപ്പെടുത്തി അംഗീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യലാണ്.**

ഓർമ്മപോലും സ്വകാര്യസ്വത്തല്ലാതായിത്തീരുന്നു എന്നാണ് ഇംഗ്ലീഷ് കവയിത്രി എമിലി ഡിക്കൻസൺ പറഞ്ഞത്. പ്രകൃതിസത്യങ്ങൾ മാത്രം പറയുന്നതിനും പുരുഷാധികാരം ആവശ്യപ്പെടുന്ന ഒരു പെൺസ്വത്വമായി ചുരുങ്ങുന്നതിനും നിർബന്ധിതയാകുന്ന സ്ത്രീ തന്റെ എഴുത്തിലും പല തരം പരുവപ്പെടലുകൾക്കും വിധേയയാവുന്നു.

അമേരിക്കൻ നോവലിസ്റ്റായ എല്ലൻ ഗ്ലാസ്ഗോവ് 'The Women within' എന്ന തന്റെ ആത്മകഥയുടെ കൈയെഴുത്തുപ്രതി ഒരു സിൽവർബോളിൽ ഭദ്രമായി പൂട്ടിവയ്ക്കുകയും തന്റെ മരണശേഷം മാത്രം അതു പ്രസിദ്ധീകരിച്ചാൽ മതി എന്നു തന്റെ സാഹിത്യനിരൂപകരോട് പറയുകയും ചെയ്തിരുന്നു. മരണ ശേഷം ഒമ്പതു വർഷങ്ങൾ കഴിഞ്ഞ് 1954ലാണ് അത് പ്രസിദ്ധീകരിക്കുന്നത്. ഒരു യഥാർത്ഥ സ്ത്രീയായി, സ്വന്തം സഹോദരിക്കുപോലും അന്യമായിരുന്ന ഒരു സ്ത്രീസ്വത്വത്തിന്റെ പ്രത്യക്ഷപ്പെടലായിരുന്നു അത്.

1982 Candance Lang ഇങ്ങനെയെഴുതി - Auto biography is everywhere one cares to find it'. സ്ത്രീപക്ഷ ആത്മകഥകളുടെ ലാവണ്യശാസ്ത്രം സ്ത്രീയനുഭവ കേന്ദ്രിതമായ ലാവണ്യശാസ്ത്രം തന്നെയാണ്.

സ്ത്രീവാദ സൈദ്ധാന്തികരും സ്ത്രീവാദവിമർശകരും ആത്മകഥാരചനയിലെ പുരുഷമേധാവിത്വത്തെ കർശനമായ ചർച്ചകൾക്കു വിധേ

**പെണ്ണിന്റെ എഴുത്ത് എന്ന കേവല മായ അർത്ഥഘടനയിലല്ല ഇവിടെ രണ്ടുപദങ്ങളെ യോഗം ചെയ്ത് പെണ്ണെഴുത്ത് എന്ന പദമുണ്ടാക്കി യത്. അത് എഴുത്തിന്റെ പെൺ വഴികളുമായി ബന്ധപ്പെട്ട എല്ലാ വ്യാവഹാരിക മേഖലകളോടും സങ്കീർണബന്ധം പുലർത്തുന്ന ഒരു പദസംഹിതയാണ്. മാത്രവു മല്ല എഴുത്തിനെ സംബന്ധിച്ച ചില മുന്നറിയിപ്പുകൾ കൂടി അതുൾ ക്കൊള്ളുന്നുണ്ട്. കാര്യമായ നില പാടുകളും പ്രതിരോധശക്തിയും സ്വപ്രതിഷ്ഠാപനത്വവും ആർജിച്ച ഒരു വർഗമെന്ന നിലയിലാണ് പെണ്ണെഴുത്ത് ഒരു ആവിഷ്കരണ മാതൃകയാകുന്നത്**

യമാക്കിയിട്ടുണ്ട്. ആത്മകഥയെ എഴുത്തുകാരന്റെ/ കാരിയുടെ സ്വത്വത്തെ നിർണയിക്കുന്ന ഒരു പാഠ മെന്ന നിലയിൽ സൈദ്ധാന്തികമായി വിശകലനം ചെയ്യാനുള്ള ശ്രമങ്ങളുണ്ടായത് ആധുനികാനന്ത രകാലത്താണ്. ഘടനാനന്തരവാദമാണ് ആത്മ കഥാരചനയുടെ വിമർശനാത്മകമൂല്യത്തെയും ധർമ്മത്തെയും വേർതിരിച്ചറിഞ്ഞത്. പുരുഷന്റെ ആത്മകഥകൾ ഭൂരിഭാഗവും വ്യക്തിജീവിതത്തിന്റെ ആഘോഷമായിരുന്നെങ്കിൽ പിൽക്കാല ആത്മ കഥകൾ സാമൂഹ്യജീവി എന്ന നിലയിലുള്ള പലതരം പൊരുത്തക്കേടുകളുടെ വിവരണങ്ങൾ കൂടിയായിരുന്നു. വ്യക്തിയും സമൂഹവും തമ്മി ലുള്ള ബന്ധത്തിന്റെ കഥയാണ് പൊതുവെ ആത്മകഥകൾ പറയുന്നത്. അവിടെ വ്യക്തി നടത്തുന്ന ഇടപെടലുകൾ തന്നെ സമൂഹത്തെ യാകെ മാറ്റിമറിക്കുന്നുവെന്നും അതിൽ തന്റെ പങ്കാളിത്തം എന്തായിരുന്നു എന്നും മറ്റുമുള്ള വിവരണങ്ങളാണ് ഉണ്ടാവുക. അതുകൊണ്ടു



രാജലക്ഷ്മി

തന്നെ പുരുഷആത്മകഥകൾ വ്യക്ത്യവാദങ്ങളായി മാറുകയും ചെയ്യുന്നു. സ്ത്രീക്ക് പൊതുസമൂഹം ഒരു വ്യക്തി എന്ന നിലയിലുള്ള സ്ഥാനം പതിച്ചു നൽകിയിട്ടില്ല. സ്ത്രീ എന്തെഴുതുമ്പോഴും അതിനെ പലമട്ടിൽ എതിരിടുക സ്വാഭാവികം എന്ന് കരുത പ്പെടുന്നു. സ്ത്രീ ആത്മകഥയെഴുതുമ്പോൾ വെളി പ്പെടുത്തുന്ന സത്യങ്ങൾക്ക് പരിമിതിയുണ്ട്. പുരു ഷനിർമ്മിത താല്പര്യങ്ങളോട് ചേർന്ന് നിൽക്കുന്ന, ജീവിതത്തിനെ അനുസരിക്കുന്ന തരം സ്ത്രീ രൂപങ്ങളെയാണ് സാഹിത്യത്തിലെ വിഷയ മായും സാഹിത്യകാരിയായും പെണ്ണെഴുതുന്ന സാഹിത്യത്തിലെ കഥാപാത്രമായും പുരുഷൻ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ സ്ത്രീ ആത്മകഥയെഴുതുമ്പോൾ പുരുഷന്റെ താല്പര്യ ങ്ങളെയും അവൻ സ്ത്രീയെ മുൻനിർത്തിയുണ്ടാ ക്കിയ സദാചാരസംഹിതകളെയും ഒട്ടും മുറിവേ ൽപ്പിക്കാതെ എഴുതുന്നു.

പോസ്റ്റ്കൊളോണിയൻ വിമർശനം അധി കാരകേന്ദ്രിത വ്യവസ്ഥയിൽ നിന്ന് സ്വയംമാറുന്ന വരോ മാറാൻവിധിക്കപ്പെട്ടവരോ ആയവരുടെ കർതൃത്വങ്ങൾ ആത്മകഥാരചനയിലൂടെ രൂപം കൊള്ളുന്നത് പഠനവിഷയമാക്കിയിരുന്നു. കോള നിയനന്തര രചനയിൽ സ്വത്വനിർമ്മിതിയുടെ പ്രശ്നങ്ങൾ ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്.


എന്നാൽ ഇന്ന് ആത്മകഥയ്ക്ക് തിരസ്കൃ തരുടെ ശബ്ദമാകാൻ കഴിയുന്നുണ്ട്. അധികാര മില്ലാത്തവർ, സ്ത്രീകൾ, കീഴാളർ – ഒക്കെ ആത്മ കഥാ രചനയിലൂടെ ഉപരിവർഗ സംസ്കാരത്തി

ലേക്ക് തള്ളിക്കയറുകയും അങ്ങനെ തന്റെ സ്വാതന്ത്ര്യവും സ്വത്വകേന്ദ്രിതവും ഉറച്ചതുമായ ശബ്ദവും മറ്റുള്ളവരെ കേൾപ്പിക്കാൻ കഴിവുള്ളവരാവുകയും ചെയ്യുന്നു.

ആത്മകഥയ്ക്ക് കീഴാളന്റെ ശബ്ദമാകാൻ കഴിയുമെന്ന, ഒരു വ്യക്തിയുടെ അനുഭവങ്ങളുടെ വിവരണമാണെന്ന, ആ അനുഭവങ്ങൾ പ്രാന്തവൽക്കരിക്കപ്പെട്ടവരുടേതാണെന്ന ആശയം വളരെ പ്രധാനമാണ്. ആത്മകഥ ഒരേസമയം അടിച്ചമർത്തപ്പെട്ട ചരിത്രത്തിന്റെ വിവരണപാഠവും ആ വ്യക്തിയുടെ ജീവിതത്തെ സംസ്കാരത്തിൽ അടയാളപ്പെടുത്തി അംഗീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യലാണ്.

എഴുതിയില്ലെങ്കിൽ താൻ മരിച്ചുപോകുമെന്ന് പറഞ്ഞിരുന്നു രാജലക്ഷ്മിയും സരസ്വതിയമ്മയും. ഒരാൾ എഴുതാൻ തടസ്സം നേരിട്ടപ്പോൾ ആത്മഹത്യയിലഭയം നേടി. മറ്റേയാൾ പൊതുജീവിതത്തിൽ നിന്നുതന്നെ പൂർണമായും പിൻവലിഞ്ഞു. സർഗാത്മകതയുടെ ബോധപൂർവ്വമായ മരണമാണ് രണ്ടിടത്തും സംഭവിച്ചത്. തമിഴ് ദളിത് എഴുത്തുകാരിയായ ബാമ പറയുന്നത്, താൻ മരണത്തിൽ നിന്നും രക്ഷനേടുന്നതിനാണ് എഴുത്തു തുടങ്ങിയതെന്നാണ്. അതൊരു സാഹിത്യകർമ്മം എന്നതിനേക്കാളുപരി സ്വാനുഭവങ്ങളുടെ പുറത്തേക്കുള്ള തള്ളലായിരുന്നു.

സ്ത്രീയുടെ സ്ഥാനം ലിംഗപരമായി നിലനിർത്തുമ്പോഴും ലിംഗപദവിയുടെ തലത്തിൽ അങ്ങേയറ്റം അസ്ഥിരവും വ്യത്യസ്ത വർണ-വർഗ- ജാതിഘടനകളാൽ നിർണ്ണയിക്കപ്പെടുന്നതും അധികാരത്തിന്റെ അസമത്വങ്ങളെ പിന്തുടരുന്നതും ഒക്കെയായ ഒട്ടനവധി വൈരുദ്ധ്യങ്ങളിലൂടെയാണ് തിരിച്ചറിയപ്പെടുന്നത്. സ്ത്രീയുടെ ഏതുതരം രചനയും ആത്മകഥാപരമായ ധ്വനികളെ ഉള്ളടക്കുന്നുണ്ട്. ഒരു എഴുത്തുകാരിയെന്നനിലയിൽ സ്ത്രീക്ക് തന്റെ സങ്കീർണമായ വ്യവസ്ഥകളെക്കൂടി പങ്കുചേർക്കാതെ എഴുതാൻ കഴിയുകയില്ല. ഏതെഴുത്തും അന്യനെക്കുറിച്ചാകുമ്പോൾപ്പോലും തന്നെക്കുറിച്ചുതന്നെയാകുന്ന എഴുത്തു വൃത്തത്തിൽ നിന്നാകുമ്പോൾ സ്ത്രീ ആത്മകഥയെ ഒരു പ്രത്യേകപക്ഷമായി പരിഗണിക്കേണ്ടതുണ്ടെന്നു ബോധ്യമാകും. ആണെഴുത്ത് എന്ന പദം രൂപപ്പെടുത്തുന്ന ഒരിടത്ത് പെണ്ണെഴുത്ത് എന്ന പദം ഉണ്ടാകുകയും അതു സമൂഹത്തെയാകെ ചൊടിപ്പിക്കുകയും ചെയ്തിരുന്നു. പുരുഷൻ എഴുതുന്ന വേളയിൽ സമൂഹത്തെകാണുന്നവർ അഥവാ കാഴ്ച്ചക്കാരൻ




(Spectator) ആണ്. സ്ത്രീയെഴുതുമ്പോൾ 'Spect-actor' കാണിയും – കഥാപാത്രവും അവൾ തന്നെയായിമാറുന്നു. എഴുത്തുകാരന്റെ മരണം എന്ന ആസന്നമരണ ചിന്താശതകത്തിന് കേരളീയ സമൂഹത്തിലും വേരുപിടിക്കുമ്പോൾ പെണ്ണെഴുത്ത് എന്ന പദം തന്നെ അപ്രസക്തമല്ലേ എന്ന ചോദ്യം തന്നെ ഉന്നയിക്കപ്പെടുന്നു. പെണ്ണിന്റെ എഴുത്ത് എന്ന കേവലമായ അർത്ഥഘടനയിലല്ല ഇവിടെ രണ്ടുപദങ്ങളെ യോഗം ചെയ്ത് പെണ്ണെഴുത്ത് എന്ന പദമുണ്ടാക്കിയത്. അത് എഴുത്തിന്റെ പെൺവഴികളുമായി ബന്ധപ്പെട്ട എല്ലാ വ്യാവഹാരിക മേഖലകളോടും സങ്കീർണബന്ധം പുലർത്തുന്ന ഒരു പദസംഹിതയാണ്. മാത്രവുമല്ല എഴുത്തിനെ സംബന്ധിച്ച ചില മുന്നറിയിപ്പുകൾ കൂടി അതുൾക്കൊള്ളുന്നുണ്ട്. കാര്യമായ നിലപാടുകളും പ്രതിരോധശക്തിയും സ്വപ്രതിഷ്ഠാപനത്വവും ആർജിച്ച ഒരു വർഗമെന്ന നിലയിലാണ് പെണ്ണെഴുത്ത് ഒരു ആവിഷ്കരണമാതൃകയാകുന്നത്.

■

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# തളരുന്ന കേരളം





**ഇന്ത്യൻ സിനിമയുടെ ഭാഷ പിന്നീടുള്ള ദശകങ്ങളിൽ ഒരുപാട് മുന്നോട്ടു പോയി, സങ്കീർണ്ണമായി, വ്യത്യസ്തമായി. കൂടുതൽ മികവോടെയും തികവോടെയും നമ്മൾ ദൃശ്യ വ്യാകരണങ്ങളെ നവീകരിച്ചു. പക്ഷെ ആ ആക്രോശങ്ങൾ, നിലവിളികൾ അവസാനിക്കുന്നില്ല. കൊലപാതകങ്ങൾ, ദുർമരണങ്ങൾ, ഞെട്ടിപ്പിക്കുന്ന നിയമവാഴ്ചകൾ... കേരളം തളരുകയല്ലേ?.**

വരും നാളുകളിൽ വാളയാർ നമ്മുടെ ഓർമ്മകളിൽ വെറുമൊരു അതിർത്തി പ്രദേശം മാത്രമായിരിക്കില്ല. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ, നിയമ ചരിത്രത്തിൽ, ലിംഗ നീതിക്കു വേണ്ടിയുള്ള സമരചരിത്രത്തിൽ എന്നും ഒരു റഫറൻസ് പോയിന്റ് ആയി അത് നിലനിൽക്കും. ദുരൂഹതകൾ നിറഞ്ഞ ഈ അതിക്രമത്തിന് ഉത്തരവാദികളായ പ്രതികൾ ശിക്ഷിക്കപ്പെടുമോ എന്ന് ഉറപ്പില്ല. ഇത് പോലുള്ള അശരണരായ, നിസ്വരായ കുടുംബങ്ങൾ വനത്തിലും നഗരത്തിലും സംരക്ഷിക്കപ്പെടുമോ എന്നും ഉറപ്പില്ല. മലയാളിയുടെ നീതിബോധത്തിലും, രാഷ്ട്രീയ ബോധത്തിലും ഒക്കെ ഊറ്റം കൊള്ളുന്ന നമ്മൾ പ്രതീക്ഷയോടെ, പ്രത്യാശയോടെ വീറോടെ പ്രതിഷേധിക്കുന്ന ഈ ഘട്ടത്തിൽ വഴിത്താരകളിലേക്കു പല ചിന്തകൾ, പല ബിംബങ്ങൾ, പല വ്യക്തികൾ കയറി വരുന്നു.

അതിൽ ഒരാളാണ് ഇന്ത്യയുടെ പ്രഥമ അധ്യാപികയായി നമ്മൾ അംഗീകരിക്കുകയും കൊണ്ടാടുകയും ചെയ്യുന്ന സാവിത്രിബായ് ഫൂലെ.

പത്തൊൻപതാം നൂറ്റാണ്ടിൽ, ഇന്ത്യൻ മണ്ണിൽ ആഴത്തിൽ വേരോട്ടമുള്ള ജാതീയതയെ വെല്ലുവിളിച്ചു കൊണ്ട്, ദളിത് പെൺകുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനായി അവിശ്രാന്തം പോരാടിയ ആ വനിതയെ ഓർത്തു പോയത് കടുത്ത ആശാഭംഗത്തോടെയാണ്. അവരുടെ ഈ കവിതാ ശകലം വായിച്ചത് ഏറെ സങ്കടത്തോടെയാണ്.




Sit idle no more, go, get education
End misery of the oppressed and forsaken,
You've got a golden chance to learn
So learn and break the chains of caste.
Throw away the Brahman's scriptures fast.

അലസമായി ഇരിക്കാതെ പോയി വിദ്യനേടുക
നിന്ദിതരുടെയും പീഡിതരുടെയും ദുരിതം തീർക്കുക
ഇതൊരു സുവർണ്ണാവസരമാണ്
ജാതി തൻ ചങ്ങലയെ വിദ്യയാൽ ഭേദിക്കുക
ബ്രാഹ്മണ സൂക്തങ്ങളെ തള്ളി കളയുക.

വിദ്യാഭ്യാസത്തിലൂടെ ആത്മാഭിമാനത്തിലേക്കു ഉയരാനുള്ള ആഹ്വാനമായിരുന്നു അവർ നടത്തിയത്. വാളയാറിൽ ക്രൂരമായ ലൈംഗിക പീഡനത്തിന് ഇരയായി കൊല്ലപ്പെട്ട പെൺകുട്ടികൾ സ്കൂളിൽ പോയിരുന്നു. ജീവിതത്തിൽ വളരാനും ഉയരാനും ഒരുപാട് ആഗ്രഹങ്ങൾ ഉണ്ടായിരുന്നു. പോലീസാകാൻ വരെ അനിയത്തിക്കുട്ടി ആഗ്രഹിച്ചിരുന്നു എന്ന് കണ്ടു. അതിനർത്ഥം, കടുത്ത ദാരിദ്ര്യത്തിലും മക്കൾക്ക്, പെൺമക്കൾക്ക് വിദ്യാഭ്യാസം നൽകാൻ ആ രക്ഷിതാക്കൾ മിനക്കെട്ടിരുന്നു. കൗൺസിലിങ്ങും മറ്റും ഉള്ള നമ്മുടെ വിദ്യാലയങ്ങളിലെ, അധികാരികളും അധ്യാപകരും അടങ്ങുന്ന സമൂഹം കുട്ടികളുടെ മാനസികവ്യാപാരങ്ങൾ ശരിക്കും ശ്രദ്ധിക്കുന്നുണ്ടോ ? ആ പെൺകുട്ടികൾ ഒന്നും ആരോടും പറഞ്ഞില്ല എന്ന് വായിച്ചു. മിടുക്കികൾ ആയിരുന്നു എന്ന് പറയപ്പെടുന്ന ഈ കുഞ്ഞുങ്ങൾ എന്ത് കൊണ്ടാണ് പറയാതിരുന്നത് എന്ന് നമ്മൾ ഇനിയെങ്കിലും അന്വേഷിക്കണം. കാരണം ഇതാദ്യമായല്ല പെൺകുട്ടികൾ സ്വന്തം വീടുകളിൽ തന്നെ അശരണർ ആകുന്നത്. എന്ത് കൊണ്ട് ചില മൗനങ്ങൾ മാരകമാവുന്നു? കുറച്ചു വർഷങ്ങൾ മുൻപ് അച്ഛന്റെയും രണ്ടാനമ്മയുടെയും പീഡനത്തിൽ മരണപ്പെട്ട അദിതിയുടെ മുഖം ഇന്നും നീറ്റലായി അകത്തുണ്ട്. ജിഷയുടെ കൊല നടന്നത് നഗര പ്രാന്തത്തിലാണ്.

എവിടെയാണ് നമുക്ക് പിഴക്കുന്നത് ? നമ്മൾ നൽകുന്ന, നേടുന്ന വിദ്യാഭ്യാസം എന്ത് കൊണ്ടാണ് മറ്റൊരു സമൂഹത്തെ വ്യവസ്ഥിതിയെ വിഭാവനം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കാത്തത്? നേടുന്ന അറിവുകളും മാർക്കുകളും എന്തു കൊണ്ടാണ് നൈതികതയുടെ വിത്തുകൾ പാകാത്തത്?

ഈ ചോദ്യം ഒട്ടും പുതിയതല്ല എന്ന് എന്നെ ഓർമിപ്പിച്ചു കൊണ്ട് 1980 റിലീസ് ചെയ്ത, ഇന്ത്യൻ സിനിമയെ തന്നെ മറ്റൊരു ദിശയിലേക്കു നയിച്ച ആക്രോശ് എന്ന ഗോവിന്ദ് നിഹലാനി ചിത്രം എന്നുള്ളിൽ ചുരുൾ നിവർത്തുന്നു. വേദനയും, രോഷവും, നിസ്സഹായതയും ആളിക്കത്തുന്ന ഓം പുരിയുടെ തീക്ഷ്ണമായ മുഖം, സ്കൂൾ വിദ്യാർത്ഥിയായ എന്നെ ദിവസങ്ങളോളം വേട്ടയാടിയിട്ടുണ്ട്. ഇന്ത്യൻ ഗ്രാമാന്തരങ്ങളിലെ ആദിവാസികളുടെ അനാഥത്വവും, ജനാധിപത്യ മൂല്യങ്ങൾ മരീചികകളായി ബാക്കി നിൽക്കുന്ന സാമൂഹ്യ ജീവിതവും മിഴിവോടെ അവതരിപ്പിക്കാൻ അനുഗ്രഹീത അഭിനേതാക്കളായ സ്മിതാ പാട്ടീൽ, നസീറുദ്ദിൻ ഷാ, അമരീഷ് പുരി എന്നിവരും അണിനിരന്നിരുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ നടന്ന ഒരു വാസ്തവ സംഭവത്തെ ആധാരമാക്കി, ഈ സിനിമയുടെ രചന നിർവഹിച്ചത് വിജയ് ടെണ്ടുൽക്കർ ആയിരുന്നു. കർഷകനായ ലഹന്യ ഭികുവിന്റെ, സിനിമയിൽ ഉടനീളം മുഴങ്ങി നിൽക്കുന്ന മൗനം അതിന്റെ വിങ്ങൽ, ഒടുവിൽ പൊട്ടിത്തെറിക്കുന്നത് ദിഗന്തങ്ങളെ ഭേദിക്കുന്ന ആക്രോശത്തിലാണ്. തന്റെ ഭാര്യയേയും പെങ്ങളെയും സംരക്ഷിക്കാൻ കഴിയാത്ത, നാടുവാഴിത്തത്തിന്റെ നെറികേടുകൾ നിശ്ശബ്ദം സഹിക്കേണ്ടി വരുന്ന ആദിവാസി ആണത്തത്തിന്റെ നിലവിളിയാണ് നിഹലാനി അന്ന് ആവിഷ്കരിക്കാൻ ശ്രമിച്ചത്. പോലീസും, നീതിന്യായ വ്യവസ്ഥയും ഒരുപോലെ ദരിദ്രർക്കെതിരെ കരുക്കൾ നീക്കുന്ന അധികാര ദുഷ്പ്രഭുത്വത്തെയാണ് പുതിയ ചലച്ചിത്ര ഭാഷയിലൂടെ നിഹലാനി പ്രകാശിപ്പിക്കാൻ ശ്രമിച്ചത്. ഇന്ത്യൻ സിനിമയുടെ ഭാഷ പിന്നീടുള്ള ദശകങ്ങളിൽ ഒരുപാട് മുന്നോട്ടു പോയി, സങ്കീർണ്ണമായി, വ്യത്യസ്തമായി. കൂടുതൽ മികവോടെയും തികവോടെയും നമ്മൾ ദൃശ്യ വ്യാകരണങ്ങളെ നവീകരിച്ചു. പക്ഷെ ആ ആക്രോശങ്ങൾ, നിലവിളികൾ അവസാനിക്കുന്നില്ല. കൊലപാതകങ്ങൾ, ദുർമരണങ്ങൾ, ഞെട്ടിപ്പിക്കുന്ന നിയമവാഴ്ചകൾ... കേരളം തളരുകയല്ലേ?.

■

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ക്രിസ്റ്റീന കോക്കും ജെസീക്ക മെയറും ബഹിരാകാശത്തു നടന്ന് ചരിത്രംകുറിച്ചവർ



ജെസീക്ക മെയറും ക്രിസ്റ്റീന കോക്കും

ഇക്കഴിഞ്ഞ ഒക്റ്റോബർ 18-ന് ജെസീക്ക മെയറും ക്രിസ്റ്റീന കോക്കും നടന്നത് ചരിത്ര നേട്ടത്തിലേക്കായിരുന്നു. സ്ത്രീകൾ മാത്രമടങ്ങുന്ന ബഹിരാകാശ നടത്തം എന്ന ചരിത്രനേട്ടം. യു.എസ് ബഹിരാകാശസഞ്ചാരികളായ ജെസീക്കയും ക്രിസ്റ്റീനയും അന്താരാഷ്ട്ര ബഹിരാകാശനിലയത്തിനു പുറത്തിറങ്ങി സങ്കീർണ്ണമായ സ്പേസ്‌വാക്ക് നടത്തുകയും ബഹിരാകാശനിലയത്തിലെ തകരാറുകൾ പരിഹരിക്കുകയും ചെയ്തു. ആകെ ഏഴുമണിക്കൂറോളം നീണ്ടു ഈ സ്പേസ്‌വാക്ക്. ബഹിരാകാശ നിലയത്തിന്റെ പവർ കൺട്രോളർ വിജയകരമായി മാറ്റി സ്ഥാപിക്കുകയും ചെയ്തു ഇവർ. ബഹിരാകാശ നടത്തം എന്നു പറയുമ്പോൾ ഭൂമിയിലേതു പോലെ എളുപ്പത്തിലങ്ങു നടക്കാമെന്നു കരുതല്ലേ. ഗുരുത്വാകർഷണത്തിന്റെ അഭാവത്തിൽ കൈകാലുകൾ പ്രത്യേക രീതിയിൽ ചലിപ്പിച്ചും നീന്തുന്നതു പോലെയുമൊക്കെയേ സ്പേസ്‌വാക്ക് സാദ്ധ്യമാവൂ.

കഴിഞ്ഞ വനിതാദിനത്തിലാണ് സ്ത്രീകൾ മാത്രമുള്ള ബഹിരാകാശനടത്തത്തിനു പദ്ധതിയിട്ടിരുന്നത് എങ്കിലും അതിലൊരാൾക്ക് സ്പേസ്സ്യൂട്ട് പാകമാവാതിരുന്നതിനെത്തുടർന്ന് മാറ്റിവയ്ക്കുകയായിരുന്നു. എന്തായാലും ജെസീക്കയുടെയും ക്രിസ്റ്റീനയുടെയും ബഹിരാകാശനടത്തത്തിന്റെ വിജയത്തോടെ ബഹിരാകാശപര്യവേക്ഷണങ്ങളിലെയും പരീക്ഷണങ്ങളിലെയും സ്ത്രീസാന്നിധ്യം ശക്തമാവുമെന്നുറപ്പ്. ബഹിരാകാശനടത്തത്തിലൂടെ ശ്രദ്ധേയയായ ക്രിസ്റ്റീനകോക്ക് 328 ദിവസം ബഹിരാകാശനിലയത്തിൽ ചെലവഴിക്കുന്നതിലൂടെ ഏറ്റവും കൂടുതൽ ദിവസം അവിടെ താമസിക്കുന്ന വനിതയെന്ന റെക്കോർഡിനും അർഹയാവാൻ പോവുകയാണ്. റഷ്യൻ ബഹിരാകാ

ശസഞ്ചാരിയായ സ്വെറ്റ്‌ലാനസവിറ്റ്സ്കയാണ് സ്പേസ്‌വാക്ക് നടത്തിയ ആദ്യവനിത. ഇതുവരെ പന്ത്രണ്ട് വനിതകൾ ബഹിരാകാശനടത്തം നടത്തിയിട്ടുണ്ട്.ജീവശാസ്ത്രം പഠിച്ച് ഒടുവിൽ ബഹിരാകാശയാത്രികയായ വനിതയാണ് ജെസീക്കമെയർ. 1977 ജൂലൈ-1 ന്യൂഎസ്സിലെ കാരിബോയിലാണ് ജെസീക്കയുടെ ജനനം. ബ്രൗൺ യൂണിവേഴ്സിറ്റിയിൽ നിന്നും ജീവശാസ്ത്രത്തിൽ ബിരുദവും ഫ്രാൻസിലെ ഇന്റർനാഷണൽ സ്പേസ് യൂണിവേഴ്സിറ്റിയിൽ നിന്ന് സ്പേസ് സ്റ്റഡീസിൽ ബിരുദാനന്തര ബിരുദവും നേടിയ ജെസീക്ക മറൈൻ ബയോളജിയിലാണ് ഡോക്റ്ററേറ്റ് നേടിയത്. 2013-ലാണ് നാസയിൽ ബഹിരാകാശസഞ്ചാരിയായി തെരഞ്ഞെടുക്കപ്പെടുന്നത്. കടൽ സസ്തനികളുടെയും കടൽപ്പക്ഷികളുടെയും ഫിസിയോളജി ആയിരുന്നു ജെസീക്കയുടെ ഗവേഷണവിഷയം. സ്മിത്സോണിയൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അന്റാർട്ടിക്കപര്യവേക്ഷണങ്ങളിലും പങ്കാളിയായിരുന്നു. 2019 സെപ്റ്റംബർ 25 നാണ് സോയൂസ് എംഎസ്-15 പേടകത്തിലേറി ജെസീക്ക അന്താരാഷ്ട്ര ബ ഹിരാകാശനിലയത്തിലേക്ക് യാത്രതിരിച്ചത്.

1979- ജനുവരി 29-ന് മിഷിഗണിലെ ഗ്രാന്റ് റാപിഡ്സിൽ ബാർബറ ജോൺസന്റെയും റൊണാൾഡ് ഹാമ്മോക്കിന്റെയും മകളായാണ് ക്രിസ്റ്റീന കോക്കിന്റെ ജനനം. ബഹിരാകാശം കൈയെത്തിപ്പിടിക്കുക എന്നത് ക്രിസ്റ്റീനയുടെ കുട്ടിക്കാലം തൊട്ടേയുള്ള ആഗ്രഹമായിരുന്നു. നോർത്ത് കരോലിന സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിലാണ് ക്രിസ്റ്റീന ബിരുദവും ബിരുദാനന്തര ബിരുദവും നേടിയത്. 2001-ൽ നാസയുടെ ഗൊദാർദ് സ്പേസ് ഫ്ലൈറ്റ്സെന്ററിന്റെ ഗ്രാജ്വേറ്റ് അക്കാദമി പ്രോഗ്രാമിൽ ചേർന്നു. 2004 മുതൽ 2007 വരെ യു. എസ്അന്റാർട്ടിക്ക പ്രോഗ്രാമിൽ റിസർച്ച് അസോസിയേറ്റ് ആയും ക്രിസ്റ്റീന കോക്ക് പ്രവർത്തിച്ചു. 2013-ൽ തന്നെയാണ് ക്രിസ്റ്റീന നാസയിൽ ബഹിരാകാശ സഞ്ചാരിയായി തെരഞ്ഞെടുക്കപ്പെട്ടത്. ആസ്ട്രോനോട്ട് ഗ്രൂപ്പ്-21 ന്റെ ഭാഗമായി 2015-ൽ പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 2019 മാർച്ച് 14-നാണ് സോയൂസ് എം എസ്-12 പേടകത്തിലേറി കോക്ക് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് യാത്രതിരിച്ചത്. ■

---


## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




**ജൂഡി ഹോറാസെക്കിന്റെ 'സ്ത്രീകളുടെ ശ്മശാനം'**

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



THE AUTOBIOGRAPHY
OF AN
INDIAN PRINCESS

By SUNITY DEVEE, MAHARANI OF
COOCH BEHAR

WITH ILLUSTRATIONS

LONDON
JOHN MURRAY, ALBEMARLE STREET, W.
1921

പത്തൊമ്പത് ഇരുപത് നൂറ്റാണ്ടുകളിലെ ഇന്ത്യൻ സ്ത്രീകളുടെ അവസ്ഥകളെ ചിത്രീകരിക്കുന്ന കൂച്ച് ബെഹാർ മഹാറാണി സുനിതാദേവിയുടെ ആത്മകഥ




ദുരിതമയമായ സ്വന്തം ജീവിതത്തിന്റെ കാഠിന്യങ്ങളെ അതിജീവിച്ച് വീട്ടുവേല ചെയ്യുന്നതിനിടയിൽ പകർത്തിയ അനുഭവസാക്ഷ്യങ്ങൾ. 21 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതി.





പ്ലാച്ചിമട സമര നായിക
മയിലമ്മയുടെ ആത്മകഥ





കന്യാസ്ത്രീമഠം ഉപേക്ഷിച്ച് ആദിവാസി
ജീവിതപ്രശ്നങ്ങളിലേക്കിറങ്ങിയ
ദയാബായിയുടെ ജീവിതാഖ്യാനം





പത്തൊമ്പതാം നൂറ്റാണ്ടിലെ ബംഗാളിൽ ജീവിച്ച്
സ്വപ്രയത്നത്താലെ അക്ഷരാഭ്യാസം സിദ്ധിച്ച്
എഴുതിയ കൃതി. സ്വന്തം ജീവിതം മാത്രമല്ല ആ
കാലത്തെ ബംഗാളി സ്ത്രീകളുടെ കൂടി ചരിത്രം
വെളിവാക്കുന്ന കൃതി.




ദലിത് ജീവിതത്തിന്റെ
ഊടും പാവും നെയ്യുന്ന,
അതിജീവനത്തിന്റെ ആത്മകഥനം




ഇന്ത്യയിലെ ആദ്യത്തെ വനിത
അഭിഭാഷകയായിരുന്ന
കോർണേലിയ സൊറാബ്ജിയുടെ
ആത്മകഥ




ഇന്ത്യാ വിഭജനകാലത്തെ
സംഘർഷാവസ്ഥകൾക്കിടയിലെ
സ്ത്രീകളുടെ കഠിനപ്രയത്നങ്ങളെ
സ്വന്തം ജീവിതാനുഭവങ്ങളിലൂടെ
അടയാളപ്പെടുത്തുന്ന ആത്മകഥ